



# TRICHUR ARCHDIOCESAN BULLETIN

ARCHDIOCESE OF TRICHUR

APRIL 2016

82 YEARS OF PUBLICATION 1934-2016




ഏപ്രിൽ 10ന് മെത്രാഭിഷേക വാർഷികവും
ഏപ്രിൽ 21ന് ജന്മദിനവും ആഘോഷിക്കുന്ന

**അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ പിതാവിന്**

അതിരൂപതയുടെ
പ്രാർത്ഥനാശംസകൾ

# പാവനസ്മരണയിൽ



# മാർ ജോസഫ് കുണ്ടുകുളം



**TRICHUR ARCHDIOCESAN**

# Bulletin

പുസ്തകം : 83
ഏപ്രിൽ 2016
ലക്കം : 4

## ഈ ലക്കത്തിൽ


- ❖ സർക്കുലർ 5
- ❖ മെയ്ദിന സന്ദേശം 13
- ❖ സർക്കുലർ 21
- ❖ കച്ചേരികാര്യം 38
- ❖ അതിരൂപതാദ്ധ്യക്ഷന്റെ പരിപാടികൾ - ഏപ്രിൽ 43
- ❖ സഹായമെത്രാന്റെ പരിപാടികൾ - ഏപ്രിൽ 45
- ❖ നാളാഗമം 46
- ❖ സാമ്പത്തിക കാര്യാലയം 49
- ❖ വൈദികർ 51
- ❖ സന്യസ്തർ 53
- ❖ സ്ഥാപനങ്ങൾ 57
- ❖ സാന്ത്വനം 80
- ❖ സംഘടനകൾ 84


*Imprimatur*
(Sd)

**Mar Andrews Thazhath**
Archbishop of Trichur

***Chief Editor***

**Fr. Francis Aloor**

***Executive Editor***

**Fr. Dominic Thalakkoden**
**Archbishop's House**
**P.B. No. 706, Thrissur - 680005**

Ph : 0487 -2333325, 2338203, 2333542
Fax : 2338204
E-mail : curiatcr@yahoo.com
website : www. trichurarchdiocese.org

800/2016
19.03.2016 C- 5

## സർക്കുലർ

# സീറോമലബാർ മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലി 2016

മിശിഹായിൽ പ്രിയ വൈദികരെ സഹോദരി സഹോദരന്മാരെ,

ആനുകാലിക ലോകത്തിൽ കൂടുതൽ ക്രിയാത്മകമായി വർത്തിക്കുന്നതിനുള്ള ഉദ്ദേശത്തോടെ 2016 ആഗസ്റ്റ് 25 മുതൽ 28 വരെ കൊടകര സഹൃദയ കോളേജിൽ വച്ച് സീറോ മലബാർ മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലി വിളിച്ചുകൂട്ടാൻ തീരുമാനിച്ചിരിക്കുകയാണ്. അഞ്ചു വർഷത്തിലൊരിക്കലാണ് ഈ അസംബ്ലി വിളിച്ചു കൂട്ടുന്നത്. അസംബ്ലിയിൽ വിശദമായി ചർച്ച ചെയ്യുന്നതിന് 2015 ആഗസ്റ്റിൽ കൂടിയ മെത്രാൻ സിനഡ് മൂന്ന് ആനുകാലിക പ്രസക്തമായ വിഷയങ്ങളാണ് തെരഞ്ഞെടുത്തത്. അവ താഴെ പറയുന്നു:

1. ജീവിതത്തിലെ ലാളിത്യം
2. കുടുംബത്തിലെ സാക്ഷ്യം
3. പ്രവാസികളുടെ ദൗത്യം

മേല്പ്പറഞ്ഞ മൂന്നു വിഷയങ്ങൾഉൾപ്പെടുത്തി വിശദമായ ഒരു മാർഗരേഖ (Lineamenta) സീറോമലബാർ സഭയുടെ മേജർ ആർകകി എപ്പിസ്കോപ്പൽ കൂരിയ 2016 മാർച്ച് 15ന് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഓരോ വിഷയത്തിന്റെയും ഒടുവിൽ ദൈവജനം ചർച്ചക്കു വിഷയമാക്കേണ്ട കാര്യങ്ങളും വ്യക്തമായി അവതരിപ്പിച്ചിട്ടുണ്ട്. പ്രസ്തുത ചോദ്യങ്ങൾ അതിരൂപതാബുള്ളറ്റിനിൽ അന്യത്ര കൊടുത്തിട്ടുണ്ട്. അതനുസരിച്ച് കുടുംബകൂട്ടായ്മകളിലും ഇടവകതലത്തിലും ഭക്തസംഘടനകളിലും ചർച്ചകൾ നടത്തുകയും അതിന്റെ ക്രോഡീകരിച്ച റിപ്പോർട്ട് അതിരൂപതാകാര്യാലയത്തിൽ സമർപ്പിക്കുകയും ചെയ്യേണ്ടതാണ്.

സഭയുടെ ആത്മവിചിന്തനത്തിനും വ്യക്തികൾ, കുടുംബങ്ങൾ, സ്ഥാപനങ്ങൾ എന്നീ തലങ്ങളിലുള്ള നവീകരണത്തിനായി ഒരുക്കുന്ന അമൂല്യ അവസരമാണ് മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലി.

അസംബ്ലിയിൽ പങ്കെടുക്കുന്ന സഭാപ്രതിനിധികൾക്ക് വേണ്ട ദിശാബോധം നൽകുവാൻ നാമോരോരുത്തരും കടപ്പെട്ടിരിക്കുന്നു.

അസംബ്ലിയെ സംബന്ധിക്കുന്ന കൂടുതൽ വിവരങ്ങൾ www.smassembly.org എന്ന വെബ്സൈറ്റിൽ ലഭിക്കുന്നതാണ്.

ഉത്ഥിതനായ ഈശോ നിങ്ങളെ ഏവരെയും അനുഗ്രഹിക്കട്ടെ.

യേശുവിൽ സ്നേഹപൂർവ്വം,

+ Andrews Thazhath

മാർ ആൻഡ്രൂസ് താഴത്ത്
തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

NB: ഈ സർക്കുലറിലെ ആശയങ്ങൾ 2016 ഏപ്രിൽ 10ന് എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി. കുർബാന മധ്യേ ജനങ്ങളെ അറിയിക്കേണ്ടതാണ്. +AT

## സീറോ മലബാർ മേജർ ആർക്കിഎപ്പിസ്കോപ്പൽ അസംബ്ലി 2016

### ചർച്ചക്കുള്ള ചോദ്യങ്ങൾ

### I. ലാളിത്യം സഭയിലും വ്യക്തി ജീവിതത്തിലും

1. ലളിതജീവിതം എന്നതുകൊണ്ട് നിങ്ങൾ അർത്ഥമാക്കുന്നത് എന്താണ്? ലളിതജീവിതത്തിന് തടസ്സമായി സഭയിലും വ്യക്തി ജീവിതത്തിലും കണ്ടുവരുന്ന ആധുനിക പ്രവണതകൾ ഏതെല്ലാം? അവയെ അതിജീവിക്കാൻ സ്വീകരിക്കാവുന്ന സമീപനങ്ങൾ നിർദ്ദേശിക്കുക.
2. ചർച്ചാസഹായിയുടെ വെളിച്ചത്തിൽ അർത്ഥപൂർണ്ണമായ ജീവിതത്തെ കുറിച്ച് പൊതുസമൂഹത്തിന്റെ കാഴ്ചപ്പാടുകളും നമ്മുടെ വ്യക്തിപരമായ കാഴ്ചപ്പാടുകളും ക്രിസ്തുവിന്റെ കാഴ്ചപ്പാടുകളും തമ്മിൽ താരതമ്യം ചെയ്യുക.
3. ഉപഭോഗസംസ്കാരത്തിന്റെ സന്തതികളായ ആർഭാടവും കച്ചവടമനസ്ഥിതിയും സഭാമക്കളുടെ വ്യക്തിജീവിതത്തെയും സമൂഹജീവിതത്തെയും സാരമായി ബാധിക്കുന്നുണ്ടോ? ഉണ്ടെങ്കിൽ അതിനുള്ള പ്രായോഗിക പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുക.
4. സഭയുടെയും സന്യാസസമൂഹങ്ങളുടെയും സ്ഥാപനങ്ങളുടെയും ലാളിത്യ ആധ്യാത്മികതയുടെ പ്രഘോഷണത്തിന് തടസ്സങ്ങളാണോ? നിങ്ങളുടെ വിചിന്തനങ്ങൾ പങ്കുവയ്ക്കുക.
5. ലളിതജീവിതം സ്വന്തമാക്കുവാൻ അജപാലനനേതൃത്വവും സന്യാസസമൂഹങ്ങളും ഇടവകകളും കുടുംബങ്ങളും വ്യക്തികളും എന്തെല്ലാം ക്രിയാത്മക ശൈലികൾ സ്വീകരിക്കണം?

### II. കുടുംബത്തിലെ സാക്ഷ്യം

1. ക്രൈസ്തവ കുടുംബത്തെ കുറിച്ച് വിശുദ്ധഗ്രന്ഥവും സഭയുടെ പ്രബോധനാധികാരവും നല്കുന്ന പ്രബോധനത്തെ കുറിച്ച് നമ്മുടെ കുടുംബങ്ങൾക്ക് എന്ത് അവബോധമാണുള്ളത്? കുടുംബദൈവശാസ്ത്രത്തിന്റെ ഏതേത് വശങ്ങളാണ് ഇന്ന് ഊന്നിപ്പറയേണ്ടത്?
2. കുടുംബത്തിൽ എല്ലാവർക്കും സ്ത്രീ പുരുഷന്മാരുടെ തുല്യമഹത്വത്തെ കുറിച്ച് അവബോധമുണ്ടോ?
3. സീറോമലബാർ സമൂഹങ്ങളിൽ കുടുംബങ്ങളിലെ അംഗസംഖ്യ

കുറയുന്ന പ്രശ്നത്തെ എങ്ങനെ നമുക്ക് ഫലപ്രദമായി നേരിടാനാകും?

4. ഇന്നത്തെ കുടുംബങ്ങൾ അഭിമുഖീകരിക്കുന്ന പ്രധാനപ്പെട്ട വെല്ലുവിളികൾ ഏവ? പ്രശ്നങ്ങളുടെ ഗൗരവം, അടിയന്തിരസ്വഭാവം എന്നിവയുടെ വെളിച്ചത്തിൽ പട്ടിക തയ്യാറാക്കുക.
5. യഥാർത്ഥ കുടുംബപ്രാർത്ഥനാനുഭവം കുടുംബങ്ങൾക്കുണ്ടോ? കുടുംബസമയങ്ങളുടെ, പ്രത്യേകിച്ച് കുടുംബ പ്രാർത്ഥനയുടെ ഗുണം മെച്ചപ്പെടുത്താൻ വേണ്ട നിങ്ങളുടെ നിർദ്ദേശങ്ങളേവ?

## III. പ്രവാസികളുടെ ദൗത്യം വെല്ലുവിളികളും വീക്ഷണങ്ങളും

1. സീറോമലബാർ സഭയിൽനിന്നും സംലഭ്യമാകുന്ന അജപാലനശുശ്രൂഷയിൽ പ്രവാസികൾ സംതൃപ്തരാണോ? സീറോമലബാർ പ്രവാസ സമൂഹങ്ങളിലേക്ക് കടന്നുചെല്ലാനുള്ള മാർഗങ്ങളും സാധ്യതകളും എന്തൊക്കെയാണ്?
2. പ്രവാസസമൂഹങ്ങളുടെ ആവശ്യങ്ങളോടും വെല്ലുവിളികളോടും ഭാവാത്മകമായി പ്രതികരിച്ചുകൊണ്ട് കാര്യക്ഷമവും സുസജ്ജവുമായ അജപാലനം നടത്തുന്ന വൈദികരയും മറ്റ് ശുശ്രൂഷകരെയും രൂപീകരിക്കുവാൻ സാധ്യമായ നടപടികൾ എന്തൊക്കെയാണ്?
3. സാംസ്കാരിക സ്വാംശീകരണം (), സാംസ്കാരിക അനുരൂപണം (), സാംസ്കാരിക ഉൾച്ചേരൽ (), സാംസ്കാരിക സങ്കലനം () എന്നിവ എപ്രകാരമാണ് ഫലപ്രദമായ രീതിയിൽ ആഗോള പ്രവാസികൾക്കിടയിൽ, പ്രത്യേകിച്ച് കുടുംബ പാരമ്പര്യത്തിന്റെയും ആചാരാനുഷ്ഠാനങ്ങളുടെയും പശ്ചാത്തലത്തിൽ നടപ്പിലാക്കുവാൻ സാധിക്കുന്നത്?
4. സീറോമലബാർ സഭയിലെ പ്രവാസികൾ ഏതുതരം തനിമയിലാണ് ജീവിക്കേണ്ടത്? ഏതെല്ലാം ഘടകങ്ങളാണ് പ്രവാസികളുടെ ആദ്യതലമുറയും പിന്നീടുള്ള തലമുറകളും സഭാതനിമയായി നിർബന്ധമായും കാത്തുസൂക്ഷിക്കേണ്ടത്?
5. സഭയുടെ സുവിശേഷവത്കരണ ദൗത്യത്തിൽ അർത്ഥവത്തായും സജീവമായും പ്രവാസസമൂഹത്തിന് എപ്രകാരം പങ്കുകാരാകാൻ കഴിയും? അഭിമഖീകരിക്കുന്ന വെല്ലുവിളികൾ എന്തൊക്കെയാണ്? അവയെ നേരിടാനുള്ള മാർഗ്ഗങ്ങളും സംവിധാനങ്ങളും എന്തൊക്കെയെന്ന് നിർദ്ദേശിക്കുക.

Ref: 2925/K 35/OL/KCBC/DS

11.03.2016

# 53-ാം ലോകദൈവവിളി പ്രാർത്ഥനാദിനം

## 17 ഏപ്രിൽ 2016
## കെസിബിസി വൊക്കേഷൻ കമ്മീഷൻ
## പുറപ്പെടുവിക്കുന്ന സർക്കുലർ

*സഭാബോധമുണർത്തുന്ന കടാക്ഷം*

മിശിഹായിൽ പ്രിയ സഹോദരങ്ങളേ,

ആഗോള കത്തോലിക്കാസഭ 2016 ഏപ്രിൽ 17-ാം തീയതി ദൈവവിളി പ്രാർത്ഥനാദിനമായി ആചരിക്കുകയാണ്. കരുണയുടെ ഈ അസാധാരണ ജൂബിലി വർഷത്തിൽ പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ ആഗോളകത്തോലിക്കാസഭയ്ക്കു നൽകുന്ന ദൈവവിളി പ്രാർത്ഥനാദിന സന്ദേശത്തിലെ രണ്ടു പ്രധാന ചിന്തകൾ കേരളത്തിലെ പ്രത്യേക സാഹചര്യത്തിൽ നമ്മൾ ധ്യാനവിഷയമാക്കേണ്ടതുതന്നെയാണ്.

കഴിഞ്ഞ ഏതാനും വർഷങ്ങളായി നാം ധ്യാനിച്ചുകൊണ്ടിരുന്ന ദൈവവിളിയുടെ ഉറവിടത്തെക്കുറിച്ച് പരിശുദ്ധ പിതാവ് വ്യക്തത വരുത്തുന്നുണ്ട്. ക്രൈസ്തവ ദൈവവിളി ദൈവജനത്തിനുള്ളിൽനിന്നുമാണ് ജനിക്കുന്നതെന്നും അത് ദൈവിക കാരുണ്യത്തിന്റെ ഒരു ദാനമാണെന്നും സകലരും തിരിച്ചറിയുമെന്നും പിതാവ് പ്രത്യാശിക്കുന്നു. വിശുദ്ധ മത്തായിയെ തിരഞ്ഞെടുത്തതുപോലെ കാരുണ്യത്തോടെ നോക്കുകയും തിരഞ്ഞെടുക്കുകയും ചെയ്യുന്ന കർത്താവിന്റെ കരുണാർദ്രമായ പ്രവർത്തനമാണ് പാപങ്ങൾ ക്ഷമിച്ച് ശിഷ്യത്വത്തിലേക്കും പ്രേഷിതത്വത്തിലേക്കും നമുക്ക് വാതിൽ തുറക്കുന്നത്. അതുകൊണ്ടുതന്നെ പിതാവ് നിസ്സംശയം വ്യക്തമാക്കുന്നു; സഭയിലെ ഓരോ ദൈവവിളിയുടെയും ഉത്പത്തി യേശുവിന്റെ അനുകമ്പ നിറഞ്ഞ കടാക്ഷത്തിലാണ്.

കരുണാർദ്ര കടാക്ഷം ഒരു വ്യക്തിയെ വിളിക്കുന്നത് സഭയുടെ കൂട്ടായ്മയിലേയ്ക്കാണ്. സഭയിൽ വിശ്വസിക്കുക എന്നത് നമ്മുടെ പ്രമാണങ്ങളിൽ ഒന്നാണ്. സഭയുടെ ഭാഗമാകുന്നതിന് ദൈവം നമ്മെ വിളിക്കുകയും ആ സഭയിൽ നാം നിശ്ചിത പക്വത ആർജ്ജിച്ചു കഴിയുമ്പോൾ അവിടുന്ന് നമ്മുടെമേൽ നിർദ്ദിഷ്ട വിളി ചൊരിയുകയും ചെയ്യുന്നു എന്നിങ്ങനെ പിതാവ് വ്യക്തമാക്കുന്നു.

സഭയിൽ ജനിച്ച് പക്വത പ്രാപിക്കുന്ന ഈ വിളി ഒരു കൂട്ടുവിളിയാണ്. ഈ തിരിച്ചറിവ് കത്തോലിക്കാ ദർശനത്തിലേയ്ക്കും സഭാബോധത്തിലേയ്ക്കും നമ്മെ കൈ പിടിക്കുന്നു. ഒരാളും ഒരു പ്രത്യേക പ്രദേശത്തിനു മാത്രമായോ ഒരു സംഘത്തിനോ സഭാത്മക പ്രസ്ഥാനത്തിനോ മാത്രമായോ വിളിക്കപ്പെടുന്നില്ല, മറിച്ച് സഭയ്ക്കും ലോകത്തിനും വേണ്ടിയാണ് വിളിക്കപ്പെടുന്നത്. ചരിത്രപരമായി പ്രാദേശികമായി ഉടലെടുക്കുന്നുവെങ്കിലും ആഗോള സഭയുടെ ചൈതന്യത്തിലേക്ക് വളരുവാനുള്ളതാണ് ഓരോ ദൈവവിളിയും.

ഓരോ ദൈവവിളിയും പ്രകടമാകുന്ന നിമിഷം മുതൽ മതിയായ ഒരു സഭാബോധം അതിന് ഉണ്ടാകേണ്ടതുണ്ട്. ഓരോ സിദ്ധിയുടെയും ആധികാരികത ഉറപ്പിക്കുന്ന വ്യക്തമായ അടയാളവും ഈ സഭാത്മകതയാണെന്ന് പരിശുദ്ധ പിതാവ് ഓർമ്മിപ്പിക്കുന്നു.

ദൈവവിളിയോട് പ്രത്യുത്തരിക്കുമ്പോൾ നമ്മുടെ സഭാത്മക ചക്രവാളം വികസിക്കുകയാണ് ചെയ്യുന്നത്. കേരളത്തിന്റെ പ്രത്യേക സാഹചര്യത്തിൽ ചരിത്രപരമായിത്തന്നെ ഈ ആഗോള സഭാത്മക ചക്രവാളം നാം തിരിച്ചറിഞ്ഞിട്ടുള്ളതാണ്. എന്റെ ഇടവക, എന്റെ പ്രദേശം, എന്റെ രൂപത, എന്റെ സമൂഹം എന്നതിനൊക്കെ അപ്പുറം സഭയുടെ ചലനാത്മകതയുടെ ഭാഗമായി ധാരാളം ദൈവവിളികളെ മിഷനറിമാരായി സമ്മാനിക്കുവാൻ കേരള മണ്ണിന് സാധിച്ചിട്ടുണ്ട്. ഇതാണ് സഭാചൈതന്യം.

ഈ ചൈതന്യം വളരുന്നത് സഭയ്ക്കുള്ളിൽ തന്നെയാണ്. തുടക്കത്തിൽ നമുക്കെല്ലാവർക്കുമുള്ള പരിമിതമായ കാഴ്ചപ്പാടുകൾ മറികടന്ന് വിവിധ ദൈവവിളികൾക്കായുള്ള അർത്ഥികളുംഅർത്ഥിനികളും തങ്ങളുടെ പരിശീലനകാലത്ത് സഭാസമൂഹത്തെക്കുറിച്ചുള്ള അറിവിൽ വളരേണ്ടതുണ്ട്. ഈ വളർച്ച സഭയോടുള്ള നീതിയും സകല ജനങ്ങളോടുമുള്ള കരുണയുമാണ്. നാം ശീലിച്ച പരിധികൾക്കപ്പുറത്തേ ദൈവസാന്നിദ്ധ്യത്തിന്റെ ഓർമ്മപ്പെടുത്തൽ കൂടിയാണ് ദൈവവിളി. കർത്താവിന് തന്റെ ജീവിതം സമർപ്പിച്ച ഒരാൾ സഭക്ക് ആവശ്യമുള്ളിടത്തെല്ലാം അവിടുത്തെ ശുശ്രൂഷിക്കാൻ തയ്യാറാണ് എന്നിങ്ങനെ പൗലോസിന്റെയും ബർണ്ണബാസിന്റെയും വിളികളെ ഓർമ്മപ്പെടുത്തിക്കൊണ്ട് പരിശുദ്ധ പിതാവ് അസന്നിഗ്ദ്ധം പ്രഖ്യാപിച്ചു.

ഈ ഒരു ദൗത്യം മനസ്സിലാക്കുവാൻ പരിശുദ്ധ പിതാവ് എല്ലാ വിശ്വാസികളെയും ഉദ്ബോധിപ്പിക്കുന്നു. ദൈവവിളികളുടെ സഭാത്മക ചലനാത്മകത മനസ്സിലാക്കാൻ എല്ലാ വിശ്വാസികളും വിളിക്കപ്പെട്ടിരിക്കുന്നു. അങ്ങനെ, പരിശുദ്ധ കന്യകാമറിയത്തിന്റെ മാതൃകയിൽ വിശ്വാ

സക്കൂട്ടായ്മകൾക്ക് പരിശുദ്ധാത്മാവിന്റെ ദാനം സ്വാഗതം ചെയ്യുന്ന ഒരു അമ്മയുടെ ഉദരം ആകുവാൻ കഴിയും. ദൈവവിളി സ്വീകരിച്ച് സഭാസേവനത്തിനായി പോയിരിക്കുന്ന സഹോദരങ്ങളെ താങ്ങിനിറുത്തേണ്ടതും അവർക്ക് ധൈര്യം നൽകുന്ന ആദ്ധ്യാത്മിക മാതൃത്വവും പിതൃത്വവുമൊക്കെ ശക്തിപ്പേടേണ്ടതും ഇന്നിന്റെ ആവശ്യം കൂടിയാണ്.

കൂട്ടായ്മയുടെ ഒരു മാദ്ധ്യസ്ഥതവഴിയാണ് ദൈവത്തിന്റെ വിളി നമ്മിലേക്കു വരുന്നത്. അതുകൊണ്ടുതന്നെ ദൈവവിളികൾക്കുവേണ്ടി നിതാന്തമായി നാം പ്രാർത്ഥിക്കേണ്ടതുണ്ട്. സഭയുടെ ഈ കൂട്ടായ്മയിലാണ് ദൈവവിളികൾ ജനിക്കുന്നത്. ഇവിടെയാണ് അവ വളരുന്നത്. ഇവിടെയാണ് അവ നിലനിർത്തപ്പെടുന്നത്. സർവ്വദാ പ്രചോദാത്മകവും പ്രോത്സാഹനജനകവുമായ ഒരു സഹകരണവും സഹായവുമാണ് ദൈവവിളികൾ ജനിക്കുവാനും വളരുവാനം നിലനിൽക്കുവാനും ദൈവജനം ചെയ്യേണ്ടത്. ദൈവം വിളിക്കുന്ന സേവനമേഖലകളിലേക്കും പ്രദേശങ്ങളിലേക്കും ഇറങ്ങിപുറപ്പെടുവാൻ നാം അർത്ഥികളെയും അർത്ഥിനികളെയും ശക്തരാക്കേണ്ടതുണ്ട്. ചരിത്രപരമായ പ്രത്യേകതകൾ ഉൾക്കൊണ്ടുതന്നെ ആഗോള സഭയുടെ ചലനാത്മകതയിലേക്കു വളരുവാൻ യുവജനങ്ങളെ പഠിപ്പിക്കുക എന്നത് എല്ലാവരുടെയും കടമയുമാണ്.

കർത്താവിന്റെ കരുണാർദ്രമായ നോട്ടത്തിലാണ് ദൈവവിളി പ്രചോദനങ്ങൾ ഉണരുന്നത്. ആ വിളിയുടെ ശബ്ദത്തെയാണ് ദൈവവിളികൾ അനുധാവനം ചെയ്യേണ്ടത്. അതുകൊണ്ടുതന്നെ കേരളസഭയിൽ ദൈവവിളിയുടെ കൂടുതൽ ശക്തമായ തിരിച്ചറിവുകളും അനുധാവനങ്ങളും ഉണ്ടാകുവാൻ ചില നിർദ്ദേശങ്ങൾ വയ്ക്കുന്നു.

1. എല്ലാ കുടുംബങ്ങളിലുംനിന്ന് കർത്താവിന്റെ കരുണാർദ്ര കടാക്ഷത്താൽ ദൈവവിളികൾ പിറവിയെടുക്കാൻ സന്ധ്യാപ്രാർത്ഥനകളിൽ ദൈവവിളിയ്ക്കായി പ്രാർത്ഥിക്കുക.

2. ദൈവവിളികളെ മനസ്സിലാക്കുവാനും ധ്യാനിക്കുവാനും കൂടുതൽ പഠനശിബിരങ്ങൾ രൂപതാ തലത്തിൽ സംഘടിപ്പിക്കുക

3. പ്രേഷിതമേഖലയിൽ പ്രവർത്തിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുക, കഴിയുംവിധത്തിൽ അവരെ സഹായിക്കുക.

4. കുട്ടികൾക്കും യുവജനങ്ങൾക്കും വൈദികരുടേയും സന്യസ്തരുടേയും സാധാരണജീവിതം അനുഭവിച്ചറിയുവാൻ അവരുടെ ആവൃതി ജീവിതങ്ങൾ പങ്കുവയ്ക്കുക.

5. രൂപതാ അജപാലനം കൂടുതൽ മനസ്സിലാക്കുവാൻ ഇടവക വൈദിക രോടൊത്ത് കൂടുതൽ സമയം ചെലവഴിക്കുക.

6. മിഷൻ മേഖലയിൽ പ്രവർത്തിക്കുന്ന പ്രേഷിതരെയും അവരുടെ കുടുംബങ്ങളെയും ആദരിക്കുകയും അവരുമായി സ്നേഹസംവാ ദങ്ങൾ നടത്തുകയും ചെയ്യുക.

ഓരോ ക്രൈസ്തവകൂട്ടായ്മയും ദൈവവിളിയുടെ ജന്മഗൃഹമാകട്ടെ യെന്നും എല്ലാ സഭാമക്കളും ആഗോള സഭാബോധത്തിലേക്ക് വളര ട്ടെയെന്നും പ്രാർത്ഥിച്ചുകൊണ്ട്,

**ബിഷപ്പ് ഡോ. വിൻസെന്റ് സാമുവൽ**
ചെയർമാൻ, കെസിബിസി വൊക്കേഷൻ കമ്മീഷൻ

**ബിഷപ്പ് ഡോ. യൂഹാന്നോൻ മാർ ക്രിസോസ്റ്റം**
വൈസ് ചെയർമാൻ, കെസിബിസി വൊക്കേഷൻ കമ്മീഷൻ

**ബിഷപ് മാർ ജേക്കബ് മുരിക്കൻ**
വൈസ് ചെയർമാൻ, കെസിബിസി വൊക്കേഷൻ കമ്മീഷൻ

NB: ഏപ്രിൽ 17-ാം തിയതി ഞായറാഴ്ച ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപന ങ്ങളിലും വായിക്കുകയോ ഇതിന്റെ സാരാംശം എല്ലാവർക്കും വിശ ദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.

# കേരളകത്തോലിക്കാമെത്രാൻസമിതിയുടെ തൊഴിൽകാര്യകമ്മീഷൻ പുറപ്പെടുവിക്കുന്ന

## മെയ്ദിന സന്ദേശം- 2016

കർത്താവിനാൽ സ്നേഹിക്കപ്പെട്ട സഹോദരീ സഹോദരന്മാരേ,

1. അന്താരാഷ്ട്ര തൊഴിലാളിദിനമായ മെയ് ഒന്നിന്റെ ആശംസകൾ നേരുന്നതോടൊപ്പം, തൊഴിലാളി മദ്ധ്യസ്ഥനായ വിശുദ്ധ യൗസേപ്പിതാവിന്റെ അനുഗ്രഹങ്ങൾ ധാരാളമായി എല്ലാ തൊഴിലാളികൾക്കും അവരുടെ കുടുംബങ്ങൾക്കും ലഭിക്കട്ടെ എന്നു പ്രാർത്ഥിക്കുകയും ചെയ്യുന്നു.

2. ക്രൈസ്തവ വിശ്വാസത്തിന്റെ അടിത്തറ നിത്യജീവനിലുള്ള പ്രത്യാശയാണല്ലോ. നിത്യജീവൻ നേടുന്നതിനായി എന്തുചെയ്യണമെന്ന് യേശുക്രിസ്തു വ്യക്തമാക്കുന്ന രണ്ട് പ്രധാന സന്ദർഭങ്ങൾ സുവിശേഷങ്ങളിൽ രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട്; 'നിത്യജീവൻ പ്രാപിക്കാൻ ഞാൻ എന്തുചെയ്യണം' എന്ന ചോദ്യവുമായി യേശുവിനെ പരീക്ഷിക്കുന്ന ധനികനായ യുവാവിന് നൽകുന്ന മറുപടിയാണിതിൽ ആദ്യത്തേത് (മത്തായി :19/16-21). ഭൗതീകസ്വത്തുക്കളെയും ഭൗമീകജീവിതത്തെയും നിത്യജീവനെക്കാൾ വലുതായിക്കാണുന്ന മനുഷ്യരുടെ പ്രതീകമാണീ ചെറുപ്പക്കാരൻ. നിത്യജീവിതത്തിലേക്ക് തെരഞ്ഞെടുക്കപ്പെട്ടവരുടെ അർഹതയും അതു നേടാനാകാതെ പോയവരുടെ അനർഹതയും വെളിപ്പെടുത്തുന്ന അന്ത്യവിധിയാണ് രണ്ടാമത്തേത് (മത്തായി :25/31-46). എനിക്ക് വിശന്നപ്പോൾ ആഹാരവും, ദാഹിച്ചപ്പോൾ വെള്ളവും, പരദേശിയപ്പോൾ സ്വഭവനത്തിൽ സ്വീകരണവും, നഗ്നനായിരുന്നപ്പോൾ വസ്ത്രവും, രോഗിയായിരുന്നപ്പോൾ ആശ്വാസവും, കാരാഗൃഹത്തിലായിരുന്നപ്പോൾ സാമിപ്യവും നൽകി എന്നതായിരുന്നു അർഹത. നിത്യജീവനിലേക്ക് പ്രവേശിച്ചവരും പ്രവേശിക്കാൻ പറ്റാത്തവരും ചോദിച്ചത് ഒരേ ചോദ്യം. അതിനുള്ള ഉത്തരമാണ് ഈ കാരുണ്യവർഷത്തിൽ കർത്താവ് വീണ്ടും നമ്മോട് പറയുന്നത്; 'ഈ ചെറിയവരിൽ ഒരാൾക്ക് ചെയ്തപ്പോൾ എനിക്കു തന്നെയാണ് ചെയ്തത്'.

3. വിശപ്പ് മനുഷ്യന്റെ അവശ്യവസ്തുക്കളുടെ പ്രതീകമാണ്, ദാഹമാകട്ടെ ആഗ്രഹങ്ങളും. പരദേശി പാർശ്വവൽക്കരിക്കപ്പെട്ടവരും ഒറ്റപ്പെട്ടു പോയവരുമാണ്. കാരാഗൃഹം സ്വാതന്ത്ര്യത്തിന്റെ നഷ്ടവും,

നഗ്നത മാന്യതയുടെ തകർച്ചയും, രോഗം സഹോദരങ്ങളിൽ നിന്നും ലഭിക്കാതെ പോകുന്ന കരുതലും ആശ്വാസവുമാണ്. അതുകൊണ്ടാണ് 'എന്റെ പിതാവ് കരുണയുള്ളവനായിരിക്കുന്നതുപോലെ നിങ്ങളും കരുണയുള്ളവനായിരിക്കുവിൻ' (ലൂക്ക് 6:36) എന്ന വചനം ആപ്തവാക്യമായി എടുത്ത് പരിശുദ്ധ ഫ്രാൻസീസ് മാർപാപ്പ കരുണയുടെ വർഷം പ്രഖ്യാപിച്ചിരിക്കുന്നത്. ഈ വർഷത്തെ മെയ്ദിനത്തിന്റെ പ്രധാന സന്ദേശവും ഇതുതന്നെയാണ്; നമുക്കുംകരുണ ഉള്ളവരാകാം.

4. വ്യവസ്ഥകളില്ലാത്ത കാരുണ്യമാണു ദൈവത്തിന്റേത്. ദൈവകാരുണ്യാനുഭവം വ്യക്തികളിൽ മാത്രമല്ല, സമൂഹത്തിന്റെ സമസ്ത ഘടകങ്ങളിലും സംവിധാനങ്ങളിലും രൂഢ മൂലമാകേണ്ടിയിരിക്കുന്നു. പട്ടിണി, ദാരിദ്ര്യം, ചൂഷണം, വിവേചനം, അഴിമതി, അനീതി തുടങ്ങി സമകാലിക സമൂഹത്തിൽ നിലനിൽക്കുന്ന എല്ലാ തിന്മകളും കാരുണ്യമില്ലാത്ത വ്യക്തികളുടേയും സാമൂഹിക ഘടനകളുടെയും സൃഷ്ടിയാണ്.

5. ലോകത്ത് ആകെയുള്ള ദരിദ്രരിൽ മൂന്നിലൊന്നു പേരും അധിവസിക്കുന്നത് ഇന്ത്യയിലാണെന്നാണു ലോകബാങ്കിന്റെ കണക്കുകൾ സൂചിപ്പിക്കുന്നത്. ഇന്ത്യയിലെ ഗ്രാമങ്ങളിലെ ജനങ്ങൾ അനുഭവിച്ചുവരുന്ന ദാരിദ്ര്യത്തിന്റെയും പട്ടിണിയുടെയും പരാധീനതകളുടെയും നേർചിത്രം കേന്ദ്രസർക്കാർ ഈയിടെ പുറത്തിറക്കിയ സാമൂഹിക സാമ്പത്തീക ജാതി സെൻസസിന്റെ (2011) റിപ്പോർട്ട് വെളിവാക്കുന്നു. ആദ്യമായിട്ടാണ് വീടുവീടാന്തരം വിവരശേഖരണം നടത്തപ്പെട്ട ഒരു കുടുംബസ്ഥിതി വിവരക്കണക്കെടുപ്പ്

5. ഇന്ത്യയിൽ നടന്നത്. അതുകൊണ്ട് ഈ സെൻസസിന്റെ കണ്ടെത്തൽ യാഥാർത്ഥ്യത്തോട് കൂടുതൽ അടുത്ത് നിൽക്കുന്നുവെന്നു കാണാം. ഇതനുസരിച്ച് രാജ്യത്തെ എഴുപത്തിയഞ്ച് ശതമാനം കുടുംബങ്ങളുടെയും പ്രതിമാസ വരുമാനം അയ്യായിരം രൂപയിൽ താഴെ മാത്രമാണ്. കേരളത്തിലെ സ്ഥിതിവിശേഷവും ഒട്ടും മെച്ചപ്പെട്ടതല്ല. ഗ്രാമീണ ജനതയുടെ ദാരിദ്ര്യത്തെയും, ഭൗതീക ജീവിതാവസ്ഥയുടെ പരിമിതികളെയും പരാധീനതകളെയും സംബന്ധിച്ച് വിശദമായ വിശകലനം ഈ റിപ്പോർട്ടിൽ ഉണ്ട്.

6. അവകാശങ്ങളുടെ നിഷേധം, അവസരങ്ങളുടെ തുല്യതയില്ലായ്മ, വ്യക്തിപരമായ അലസത ഇവ മൂന്നുമാണ് ദാരിദ്ര്യത്തിന്റെ അടിസ്ഥാന കാരണങ്ങൾ. ആദ്യത്തേത് രണ്ടും ഭരണകൂടവും പൊതുസമൂഹവും ഉറപ്പുവരുത്തേണ്ടവയും മൂന്നാമത്തേത് വ്യക്തി സ്വയം മാറ്റേണ്ടതുമാണ്. ആരാണ് ഇന്ത്യയിലെ ദരിദ്രർ എന്ന അന്വേഷണത്തിന്റെ ഉത്തരം എത്തിനിൽക്കുന്നത് നമ്മുടെ രാജ്യത്തെ അസംഘടിത തൊഴിലാളികളിലാണ്. തൊഴിൽസംരക്ഷണം, നിയമപരിരക്ഷ, സാമൂഹികസുരക്ഷ എന്നിവ സംലഭ്യമല്ലാത്ത തൊഴിലാളികളാണു അസംഘടിത തൊഴിലാളികൾ അഥവാ അനൗപചാരിക തൊഴിലാളികൾ എന്നറിയപ്പെടുന്നത്. പ്രഭാതം മുതൽ പ്രദോഷം വരെ അദ്ധ്വാനിച്ചിട്ടും രണ്ടററവും കൂട്ടിമുട്ടിക്കുവാൻ കഴിയാത്തവരാണിവർ. സ്വാഭാവികമായും ഇവർ സംഘടിച്ചു ശക്തരായിട്ടുമില്ല. അഞ്ചു ഏക്കർ കൃഷിഭൂമി സ്വന്തമായുള്ള ചെറുകിടകർഷകർവരെ അസംഘടിത തൊഴിലാളി വിഭാഗത്തിലാണ് കേന്ദ്രസർക്കാർ ഉൾപ്പെടുത്തിയിരിക്കുന്നത്.

7. ഇന്ത്യയിലെ തൊഴിലാളികളിൽ തൊണ്ണൂറ്റിമൂന്ന് ശതമാനം പേരും അസംഘടിതതൊഴിലാളികളാണെന്നും, ദേശീയ വരുമാനത്തിന്റെ അറുപത്തഞ്ച് ശതമാനവും ഇവരുടെ സംഭാവനയാണെന്നും കണക്കുകൾ സൂചിപ്പിക്കുന്നു. നാൽപ്പത്തഞ്ച് കോടിവരുന്ന ഇവരാണ് യഥാർത്ഥ അദ്ധ്വാനശക്തിയെങ്കിലും അവകാശ നിഷേധവും, അവസര നിഷേധവും വഴി ഇവർ കൂടുതൽ ദരിദ്രരാക്കപ്പെട്ടു കൊണ്ടിരിക്കുകയാണ്. ഗ്രാമീണ ഇന്ത്യയിലെ മൂന്നിൽ രണ്ട് ഭാഗം പേരും കൃഷി, മൽസ്യബന്ധനം, കന്നുകാലിവളർത്തൽ എന്നിവ വഴി പ്രാഥമിക മേഖലയിലാണു ഉപജീവനം കണ്ടെത്തുന്നത്. ഈ വർഷം ബജററിനു മുമ്പ് കേന്ദ്ര സർക്കാർ പുറത്തിറക്കിയ സാമ്പത്തീക സർവെ റിപ്പോർട്ടനുസരിച്ച് രാജ്യത്തിന്റെ ഈ വർഷത്തെ വളർച്ചാ നിരക്കു 7.6 ശതമാനമാണെങ്കിലും ബഹുഭൂരിപക്ഷത്തിന്റെ ജീവസന്ധാരണ മാർഗമായ പ്രാഥമിക മേഖലയുടെ വളർച്ച കേവലം 1.1 ശതമാനം മാത്രമാണു. എന്നാൽ കോർപ്പറേററുകളുടെ വളർച്ച 20 ശതമാനമാണ്. രാജ്യം കൈവരിക്കുന്ന വളർച്ചയും പുരോഗതിയും അടിസ്ഥാന ജനവിഭാഗമായ തൊഴിലാളികളിലേക്ക് എത്തിച്ചേരുന്നില്ല. ഇവ ചിലരിൽ മാത്രം കേന്ദ്രീകരിക്കുന്നു എന്നാണ് സ്ഥിതിവിവര കണക്കുകൾ തെളിയിക്കുന്നത്. അതുപേലെതന്നെ രാജ്യത്തിന്റെ സാമ്പത്തീക വളർച്ചയുടെ അളവുകോലായി കോർപ്പറേററുകളുടെ

വളർച്ച മാത്രം എടുത്താൽ മതിയോ എന്നതും ഉത്തരം കിട്ടേണ്ട ചോദ്യമാണ്.

8. കേന്ദ്ര, സംസ്ഥാന സർക്കാരുകൾ അസംഘടിത തൊഴിൽമേഖലയെ പരിഗണിക്കുന്നതായിട്ടു പോലും പ്രവൃത്തികളിൽ കാണുന്നില്ല. ബജറ്റവതരണങ്ങളിൽ ഇവിടുത്തെ ഈ ദരിദ്രവിഭാഗം അവഗണിക്കപ്പെടുന്നു. അവരുമായി ബജറ്റിനു മുമ്പ് എന്തെങ്കയലും തരത്തിലുള്ള ചർച്ചയും നടത്തുന്നതായി കാണുന്നുമില്ല. കോർപ്പറേറ്റ് സ്ഥാപനങ്ങൾക്കും വൻകിട വ്യവസായികൾക്കും ശതകോടിക്കണക്കിന് ഇളവും പ്രോത്സാഹനവും നൽകുന്നു. ഇതിനായി ബജറ്റ്വിഹിതത്തിന്റെ നല്ലൊരു പങ്ക് മാറ്റി വെക്കുമ്പോൾ അസംഘടിത മേഖലക്ക് കാര്യമായൊന്നും നീക്കിവെക്കുന്നില്ല. അഥവാ നീക്കിവെക്കപ്പെട്ട ചെറുവിഹിതം പോലും വിനിയോഗിക്കപ്പെടുന്നില്ല. പൊതുമേഖലാ ബാങ്കുകൾ അത്താഴപട്ടിണിക്കാരന്റെ വായ്പാകുടിശ്ശിക ഈടാക്കാൻ ജപ്തിയും ജയിലിലിലടയ്ക്കലും നടപ്പാക്കുമ്പോൾ വൻകിടക്കാർ വരുത്തിയിട്ടുള്ള കോടികൾ എഴുതിതള്ളുന്നു. ജനപ്രതിനിധികൾ തങ്ങളുടേയും, ഉദ്യോഗസ്ഥ വിഭാഗത്തിന്റെയും സേവന വേതന ആനുകൂല്യങ്ങൾ വൻതോതിൽ വർദ്ധിപ്പിക്കുമ്പോൾ തുച്ഛമായ സാമൂഹിക പെൻഷനുകളും ക്ഷേമനിധി സഹായങ്ങളും നൽകാതിരിക്കുകയും, ഉണ്ടായിരുന്ന പദ്ധതികൾ പോലും വെട്ടിച്ചുരുക്കുകയും ചെയ്യുന്നു. മാത്രമല്ല ഇവയെക്കുറിച്ച് ശ്രദ്ധയിൽ പെടുത്തിയാൽ പോലും നിയമസഭയിലോ പാർലമെന്റിലോ ഇത് ഉന്നയിക്കാൻ എം.എൽ.എ. മാരും എം.പി. മാരും തയ്യാറാകുന്നില്ലെന്നത് ഏറെ ഖേദകരമാണ്. ഇക്കാര്യങ്ങളെല്ലാം പരിഗണിച്ച് വിശദമായ വിശകലനം നടത്തി മാത്രമേ തൊഴിലാളികൾ തങ്ങളുടെ വോട്ടവകാശം വിനിയോഗിക്കാൻ പാടുള്ളൂ. അസംഘടിത തൊഴിലാളികളുടെ സാമൂഹികസുരക്ഷയും മനുഷ്യോചിതമായ ജീവിതസാഹചര്യവും ഉറപ്പുവരുത്തേണ്ടത് ഭരണാധികാരികളും വികസനത്തിന്റെ മുഖ്യ പങ്കു കൈപ്പററുന്നവരുമാണ്. ഭരണാധികാരികളുടെയും കക്ഷിരാഷ്ട്രീയ നേതൃത്വത്തിന്റെയും ഉദ്യോഗസ്ഥ വിഭാഗങ്ങളുടെയും നിരുത്തരവാദിത്വവും അഴിമതിയും പ്രതിബദ്ധതയില്ലായ്മയും തിരുത്തി അവരുടെ പ്രവൃത്തികൾ കൂടുതൽ കരുണാർദ്രമായി മാറേണ്ടതുണ്ട്.

9. അന്താരാഷ്ട്ര തൊഴിൽ സംഘടനയുടെ കൺവെൻഷനുകൾക്കനുസരിച്ചാണു നമ്മുടെ രാജ്യത്തും തൊഴിൽ നിയമങ്ങൾ രൂപം

കൊടുത്തിട്ടുള്ളത്. പാർലിമെന്റ് പാസ്സാക്കിയ തൊഴിൽ നിയമങ്ങളിൽ വെള്ളം ചേർക്കാനും നിരാകരിക്കാനും തൊഴിലാളികളുടെ അവകാശങ്ങളും സാമൂഹിക സുരക്ഷയും നിഷേധിക്കാനുമുള്ള പ്രവണത അടുത്ത കാലത്ത് ശക്തമായിരിക്കുകയാണ്. ഇതിനെ പ്രതിരോധിക്കാനും തിരുത്താനുമുള്ള ഫലപ്രദമായ നടപടികൾ ഒത്തൊരുമയോടെ കേന്ദ്ര ട്രേഡ്യൂണിയനുകളുടെ ഭാഗത്തു നിന്നും ഉണ്ടാകുന്നുണ്ടോയെന്നു പരിശോധിക്കേണ്ടിയിരിക്കുന്നു. തൊഴിലാളി താത്പര്യങ്ങളേക്കാൾ ഉപരിയായ കക്ഷിരാഷ്ട്രീയ വിധേയത്തമാണു ഇന്നു തൊഴിലാളി യൂണിയനുകൾ നേരിടുന്ന ഏററവും വലിയ പ്രതിസന്ധി. തൊഴിൽ സേനയിലെ സിംഹഭാഗം വരുന്ന അസംഘടിത തൊഴിലാളികളുടെ സംഘാടനത്തിനു കേന്ദ്ര ട്രേഡ്യൂണിയനുകൾ നാളിതുവരെയായി ഗൗരവതരമായ സമീപനം സ്വീകരിച്ചിട്ടില്ലെന്ന കാര്യവും വളരെ പ്രധാനപ്പെട്ട ഒന്നാണ്. കേന്ദ്ര ട്രേഡ്യൂണിയനുകൾ രാഷ്ട്രീയ വിധേയത്വം പ്രകടിപ്പിക്കാനുള്ള മത്സരമൊഴിവാക്കി പാർശ്വവൽക്കരിക്കപ്പെട്ടുപോയ അസംഘടിതമേഖലയോട് പക്ഷം ചേരുമ്പോഴാണ് സാമൂഹ്യനീതി നടപ്പിലാക്കാൻ ഭരണാധികാരികൾ ശ്രദ്ധിക്കുകയുള്ളൂ.

10. അസംഘടിത തൊഴിലാളികളുടെ പക്ഷം ചേർന്ന് തൊഴിൽസുരക്ഷ, സാമൂഹികസുരക്ഷ, കുടുംബസുരക്ഷ, തൊഴിലിന്റേയും തൊഴിലാളികളുടേയും മഹത്വം എന്നിവയ്ക്കായി പ്രവർത്തിക്കുകയാണ് സഭാത്മകദൗത്യം ഏൽപിക്കപ്പെട്ടിരിക്കുന്ന തൊഴിൽകാര്യ കമ്മീഷന്റെ ഉത്തരവാദിത്വം.

11. തൊഴിലാളികളോട് നീതിപൂർവകമായ സമീപനം സഭയ്ക്കുള്ളിൽതന്നെ ഉണ്ടാകേണ്ടതുണ്ട്. സഭാസ്ഥാപനങ്ങളിലെ അദ്ധ്യാപകർ, നഴ്സുമാർ ഉൾപ്പടെയുള്ള ആശുപത്രി ജീവനക്കാർ, സാമൂഹികസേവന മേഖലയിലെ ജീവനക്കാർ എന്നിങ്ങനെയുള്ള എല്ലാ വിഭാഗം ജീവനക്കാരോടും സഭാശുശ്രൂഷകളിൽ ഏർപെട്ടിരിക്കുന്ന അല്മായരും അല്ലാത്തവരുമായ എല്ലാവരോടും കൂടുതൽ കരുണ കാണിക്കേണ്ടതായിട്ടുണ്ട്. എങ്കിൽ മാത്രമേ പൊതുസമൂഹത്തിന്റേയും ഭരണരാഷ്ട്രീയ ഉദ്യോഗസ്ഥ വിഭാഗങ്ങളുടേതുമായ നിരുത്തരവാദത്വത്തിനെതിരെ പ്രതികരിക്കാനുള്ള ധാർമ്മിക ശക്തി ഉണ്ടാകുകയുള്ളൂ എന്ന് ഈ മേഖലകളിൽ നേതൃത്വം നൽകുന്നവരുടെ മനസ്സിലുണ്ടാകണം. ഫ്രാൻസീസ് പാപ്പ നിരന്തരം പറയുന്നതും പ്രവർത്തിക്കുന്നതും ഇതാണ്. പാപ്പാ

യുടെ ആഹ്വാനങ്ങൾ പ്രസംഗങ്ങളിലും പ്രബോധനങ്ങളിലും ഉദ്ധരിക്കാൻ മാത്രമുള്ളതായി ചുരുങ്ങിപോകരുത്. കേരള കത്തോലിക്കാ സഭയിൽ രൂപതകളുടെയും സന്ന്യാസ സമൂഹങ്ങളുടെയും നേതൃത്വത്തിലുള്ള വിവിധ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന വിവിധ വിഭാഗം ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ ഏകോപിപ്പിക്കുന്നതിനും ക്രമപ്പെടുത്തുന്നതിനും വേണ്ടി മെത്രാൻ സമിതി 'പീപ്പിൾ മാനേജ്മെന്റ് പോളിസി' 2013, ഒക്ടോബറിൽ പുറത്തിറക്കിയിട്ടുണ്ട്. രാജ്യത്തെ നിയമങ്ങളുടെയും സഭാപ്രബോധനങ്ങളുടെയും അടിസ്ഥാനത്തിലാണു ഈ നയം തയ്യാറാക്കിയിട്ടുള്ളത്. ഈ കാരുണ്യവർഷത്തിൽ തന്നെ എല്ലാ സ്ഥാപനങ്ങളിലും ഈ നയം നടപ്പിലാക്കാൻ പ്രത്യേക ശ്രദ്ധ നൽകണമെന്ന് അഭ്യർത്ഥിക്കുന്നു. അതിന് ആവശ്യമായ സാങ്കേതികസഹായങ്ങൾ കേരള കത്തോലിക്കാ മെത്രാൻ സമിയിയുടെ തൊഴിൽകര്യകമ്മീഷൻ നൽകാൻ തയ്യാറാണ്.

12. കെ.സി.ബി.സി. ലേബർ കമ്മീഷന്റെ ഔദ്യോഗിക സാമൂഹിക സന്നദ്ധ സംഘടനയാണ് കേരള ലേബർ മൂവ്മെന്റ് (കെ. എൽ. എം.). സി. ബി. സി. ഐ. ലേബർ കമ്മീഷന്റെ കീഴിലുള്ള വർക്കേഴ്സ് ഇന്ത്യ ഫെഡറേഷന്റെ (വിഫ്) കേരള ഘടകമാണീ പ്രസ്ഥാനം. നിർമ്മാണ തൊഴിലാളി ഫോറം, തയ്യൽ തൊഴിലാളി ഫോറം, ഗാർഹീക തൊഴിലാളി ഫോറം, ചെറുകിട തോട്ടം തൊഴിലാളി ഫോറം, കർഷക തൊഴിലാളി ഫോറം, മോട്ടോർ വാഹന തൊഴിലാളി ഫോറം, മത്സ്യതൊഴിലാളി ഫോറം, പീടികതൊഴിലാളി ഫോറം തുടങ്ങിയ എട്ട് ഫോറങ്ങളിലൂടെ അസംഘടിത തൊഴിലാളികളെ കെ. എൽ. എം. സംഘടിപ്പിച്ചു വരുന്നു. സർക്കാർ ക്ഷേമനിധികൾ സാമൂഹിക സുരക്ഷാ പദ്ധതികൾ, തൊഴിൽ വൈദഗ്ധ്യപരിശീലനങ്ങൾ, ശിൽപശാലകൾ എന്നിവയിലൂടെ ജാതി മത ഭേദമില്ലാതെ അസംഘടിത തൊഴിലാളികളുടെ ശക്തീകരണമാണ് കെ.എൽ.എം. ലക്ഷ്യം വെച്ചിട്ടുള്ളത്. കൂടാതെ സഭാസ്ഥാപനങ്ങളിലെ ജീവനക്കാരുടെയും ശുശ്രൂഷികളുടെയും സാമൂഹിക സുരക്ഷ പദ്ധതി നടപ്പിലാക്കാനും, പീപ്പിൾ മാനേജ്മെന്റ് പോളിസി നടപ്പിലാക്കാനുള്ള സഹായങ്ങളും ഒത്താശകളും നൽകാനും കെ. എൽ. എം നെയാണു ചുമതലപ്പെടുത്തിയിരിക്കുന്നത്

13. കേരളത്തിലെ എല്ലാ രൂപതകളും ഇതിനോടകം കെ. എൽ. എം ന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടെങ്കിലും ചില രൂപതകളിൽ ഇനിയും വേണ്ടത്ര പുരോഗതി പ്രാപിച്ചിട്ടില്ല. എല്ലാ ഇടവകകളിലും പ്രവർത്തനങ്ങൾ വ്യാപിപ്പിക്കാൻ സാധിച്ചിട്ടുമില്ല. അതിനാൽ എല്ലാ

രൂപതകളും, ഇടവകകളും ഇക്കാര്യത്തിൽ ആത്മാർഥമായ സഹകരണം നൽകണമെന്നു അഭ്യർത്ഥിക്കുന്നു. തൊഴിലാളിദിന ആചരണത്തോട് അനുബന്ധിച്ച് എല്ലാ ഇടവകകളിലും തൊഴിലാളികൾക്കായി പ്രത്യേക ദിവ്യബലികളും സെമിനാറുകളും നടത്തുന്നത് ഉചിതമാണ്. എല്ലാ തൊഴിലാളികളെയും മെഡിക്ലെയിം ഇൻഷുറൻസ്, അപകട ഇൻഷൂറൻസ്, പെൻഷൻ പദ്ധതി തുടങ്ങിയ വിവിധ സാമൂഹിക സുരക്ഷാ പദ്ധതികളിൽ അംഗങ്ങളാക്കാനുള്ള ഒത്താശകൾ ചെയ്തു കൊടുക്കണം. എല്ലാ ഇടവകകളിലും കെ. എൽ. എം. ന്റെ നേതൃത്വത്തിൽ 'ലേബർ ഹെൽപ് ഡെസ്കുകൾ' രൂപീകരിക്കുന്നത് നല്ലതാണ്.

14. തങ്ങളുടെ അദ്ധ്വാനത്തിലൂടെയാണ് കുടുംബവും, രാഷ്ട്രവും, സമൂഹവും പുരോഗമിക്കുന്നത് എന്ന തിരിച്ചറിവിലൂടെ അലസതയകറ്റി, ഉത്തരവാദിത്വത്തോടെയും സത്യസന്ധതയോടെയും തൊഴിലലേർപ്പെടണമെന്ന് എല്ലാ തൊഴിലാളികളെയും ഓർമ്മിപ്പിക്കുന്നു.

കാർഷിക മേഖലയിലും വ്യവസായ മേഖലയിലും നല്ല ഉൽപ്പന്നങ്ങൾ കുറഞ്ഞ ചെലവിൽ ഉർപാദിപ്പിച്ച് കമ്പോളത്തിൽ ഇറക്കിയാൽ മാത്രമെ ഇന്നത്തെ ആഗോള സമ്പദ്‌വ്യവസ്ഥയിൽ നമുക്ക് മുന്നേറാൻ കഴിയുകയുള്ളുവെന്ന വസ്തുത എല്ലാ തൊഴിലാളികളുടേയും മനസ്സിലുണ്ടാകണം. മറ്റു രാജ്യങ്ങളിൽനിന്നു ഗുണമേൻമയുള്ള ഉൽപന്നങ്ങൾ ആഗോളമാർക്കറ്റിൽ വരുമ്പോൾ ഗുണമേൻമ കുറവും വില കൂടുതലുമായ നമ്മുടെ ഉൽപന്നങ്ങൾ വാങ്ങാൻ ആരും ഉണ്ടാകുകയില്ല എന്നത് സ്വാഭാവികം. പല അന്താരാഷ്ട്ര കരാറുകളിലും ഒപ്പിട്ടിട്ടുള്ള ഇന്ത്യക്ക് മറ്റു രാജ്യങ്ങളിൽ നിന്നുള്ള ഉൽപന്നങ്ങളുടെ കുത്തൊഴുക്കിനെ തടയുന്നതിനും പരിമിതികളുണ്ട് എന്നതും നമ്മൾ അറിയേണ്ടതുണ്ട്. ആ കരാറുകളിൽനിന്നു നമ്മൾ പിൻമാറിയാൽ മറ്റു രാജ്യങ്ങൾ നമ്മുടെ ഉൽപന്നങ്ങൾ ബഹിഷ്കരിക്കും എന്നതും വസ്തുതയാണ്. ചുരുക്കത്തിൽ നമ്മൾ ആഗോള കമ്പോളത്തിൽ മൽസരിക്കാൻ പ്രാപ്തരാകണം എന്നർത്ഥം. ഇതെല്ലാം പ്രായോഗികമാകണമെങ്കിൽ തൊഴിലാളികൾ കൂടുതൽ കൂടുതൽ അറിവും കഴിവും നേടുകയും ആഗോളമാറ്റങ്ങൾക്കനുസരിച്ച് മാറാൻ തയ്യാറാകുകയും വേണം. അതുപോലെ മദ്യപാനം, മയക്കുമരുന്നുപയോഗം തുടങ്ങിയ ദുശ്ശീലങ്ങൾ ഉപേക്ഷിച്ച് സമ്പാദ്യശീലം വളർത്തുകയും വേണം.

15. തൊഴിലാളി ശുശ്രൂഷാരംഗത്ത് കരുണാപൂർവകമായ നേതൃത്വം നൽകാൻ പ്രതിജ്ഞാബദ്ധതയോടെ കൂടുതൽ സമർപ്പിതർ മുന്നോട്ട് വരുവാൻ ആഹ്വാനം ചെയ്യുന്നു. കരുണയുടെ ഈ മഹാജൂബിലിവർഷ ത്തിൽ നീതി നടപ്പാക്കുന്ന സാമൂഹിക ജീവിതവും തൊഴിൽസംസ്കാ രവും പടുത്തുയർത്താൻ നമുക്ക് ശ്രമിക്കാം. അതിനായി നല്ലവനായ ദൈവം നമ്മെ അനുഗ്രഹിക്കട്ടെ. തൊഴിലാളി മദ്ധ്യസ്ഥനായ വി.യൗസേ പ്പിന്റെ അനുഗ്രഹവും, തൊഴിലാളിദിനത്തിന്റെ ആശംസകളും, പ്രാർത്ഥ നകളും ഒരിക്കൽ കൂടി എല്ലാവർക്കും നേരുന്നു.

ബിഷപ്പ് മാർ ജോസ് പൊരുന്നേടം
ചെയർമാൻ കെ.സി.ബി.സി. ലേബർ കമ്മീഷൻ

ബിഷപ്പ് ഡോ. സ്റ്റാൻലി റോമൻ
വൈസ് ചെയർമാൻ കെ.സി.ബി.സി. ലേബർ കമ്മീഷൻ

ബിഷപ്പ് ഡോ.യൂഹന്നാൻ മാർ ക്രിസോസ്റ്റം
വൈസ് ചെയർമാൻ കെ.സി.ബി.സി. ലേബർ കമ്മീഷൻ

---

NB: 2016 ഏപ്രിൽ 24-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദൈവാ ലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കു കയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യ ണം.

തൃശ്ശൂർ അതിരൂപതയിലെ ഈ വർഷത്തെ മെയ്ദിനാഘോഷം കരുമത്ര ഇടവകയിൽ മങ്കര എന്ന സ്ഥലത്തെ തേർമഠം റപ്പായി ഫ്രാൻസീസ് & ആശാ ഫ്രാൻസീസ് എന്നിവരുടെ ഉടമസ്ഥതയിലുള്ള ഹീലിയോ പ്ളാസ്റ്റിക്സ് & മദർ പ്ളാസ്റ്റിക്സ് എന്ന കമ്പനികളിലായി അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ കാർമികത്വത്തിൽ മെയ് 1ന് രാവിലെ 10.30ന് വി. കുർബാന അർപ്പിച്ച് കൊണ്ടാടുന്നു. റാലിയും പൊതുസമ്മേളനവും ഉണ്ടായിരിക്കുന്നതാണ്. എല്ലാ തൊഴിലാളികളേയും കെ. എൽ. എം അംഗങ്ങളേയും മെയ്ദിനാഘോഷങ്ങളിൽ പങ്കുകൊള്ളാൻ ക്ഷണിക്കുന്നു.

Prot. No. 0263/2015

# മേജർ ആർച്ച് ബിഷപ്പിന്റെ സർക്കുലർ

2016 ജനുവരി 7 മുതൽ 12 വരെ കാക്കനാട് മൗണ്ട് സെന്റ് തോമസ് സഭാകേന്ദ്രത്തിൽ സമ്മേളിച്ച സീറോ മലബാർ സഭാ മെത്രാന്മാരുടെ 24-ാമത് സിനഡിന്റെ പ്രഥമ സമ്മേളനത്തിനുശേഷം എല്ലാ സീറോ മലബാർ വിശ്വാസികൾക്കും വേണ്ടി
**മേജർ ആർച്ച്ബിഷപ്പ് കർദിനാൾ ജോർജ് ആലഞ്ചേരി**
**പുറപ്പെടുവിക്കുന്ന സർക്കുലർ.**

ഈശോമിശിഹായിൽ പ്രിയ സഹോദരീ സഹോദരൻമാരേ,

സാർവത്രികസഭയിൽ കരുണയുടെ ജൂബിലി വർഷം ഉദ്ഘാടനം ചെയ്യപ്പെടുകയും കരുണയുടെ വാതിൽ നമ്മുടെ കത്തീഡ്രലുകളിലും മറ്റു തെരഞ്ഞടുക്കപ്പെട്ട ദേവാലയങ്ങളിലും തുറക്കപ്പെടുകയും ചെയ്തതിനു ശേഷമുള്ള സിനഡ് കഴിഞ്ഞ ജനുവരിയിൽ കൂടുകയുണ്ടായി. കാരുണ്യവാനായ പിതാവിന്റെ സാക്ഷികളായി ഇന്നത്തെ കാലഘട്ടത്തിൽ പ്രവർത്തിക്കുവാനും കാരുണ്യം ജീവിതത്തിന്റെ എല്ലാ തലങ്ങളിലും അനുഭവിക്കുവാനും നമുക്ക് ആവണം. കാരുണ്യ പ്രവർത്തനം സഭയുടെ സാമൂഹ്യപ്രവർത്തനങ്ങളിൽ മാത്രം ഒതുങ്ങി നിൽക്കേണ്ടതല്ല. വ്യക്തിപരമായ അനുഭവത്തിൽ നിന്ന് അത് ഒരു ജീവിതസാക്ഷ്യമായിമാറണം. എല്ലാവർക്കുമായി എല്ലായ്പ്പോഴും നീതിയുടേയും അനുരഞ്ജനത്തിന്റേയും വഴികൾ തുറക്കപ്പെടണം. ഇങ്ങനെയുള്ള കാരുണ്യപ്രവർത്തനങ്ങൾ സഭയിലെ എല്ലാവിഭാഗങ്ങളുടേയും പങ്കാളിത്തത്തോടെ സംഘടിപ്പിക്കുവാൻ നമുക്ക് കഴിയണം. വേദപാഠക്ലാസ്സുകളിൽ നാം പഠിച്ച 14 മനോഗുണ പ്രവൃത്തികൾ (ശാരീരികങ്ങളും, ആദ്ധ്യാത്മികങ്ങളും) അനുവർത്തിക്കുവാനുള്ള അവസരമാണ് കരുണയുടെ വർഷം. കരുണയുടെ വർഷത്തിലെ നോമ്പുകാലം ജീവിതപരിവർത്തനത്തിന്റെ കാലമായി മാറ്റാൻ പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപ്പാപ്പ ആഹ്വാനം ചെയ്യുകയുണ്ടായി. അതിനായി 'കർത്താവിനായി 24 മണിക്കൂർ' തുടർച്ചയായി എല്ലാ രൂപതകളും പ്രാർഥനയിൽ ചെലവഴിക്കുവാൻ ആവശ്യപ്പെടുന്നുണ്ട്. നോമ്പുകാലത്തു നടത്തേണ്ട അനുതാപ ശുശ്രൂഷയേയും ആണ്ടു കുമ്പസാരത്തേയുമാണ് ഇത് സൂചിപ്പിക്കുന്നത്. ഈ ജൂബിലി വർഷത്തിൽ കരുണയുടെ വാതിൽ തുറന്നിടുന്ന കത്തീഡ്രലുകളിലും അതിനായി നിയോഗിക്കപ്പെട്ടിരിക്കുന്ന ദേവാലയങ്ങളിലും തീർത്ഥാടനം നടത്തി പൂർണ്ണ ദണ്ഡവിമോചനം നേടുവാനും ഏവരും ശ്രമിക്കുമല്ലോ.

റോമിൽ നടന്ന കുടുംബജീവിതത്തെപറ്റിയുള്ള മെത്രാൻമാരുടെ സിനഡിന്റെ വെളിച്ചത്തിൽ ആധുനികകാലത്തെ വെല്ലുവിളികളെ നേരിടാൻ നമ്മുടെ കുടുംബങ്ങളെ പ്രാപ്തമാക്കേണ്ടതാണ് എന്ന് സിനഡ് അഭിപ്രായപ്പെട്ടു. കുടുംബബന്ധങ്ങളിൽ ഉണ്ടാകുന്ന തകർച്ചകളുടെ കാരണങ്ങളും പരിഹാരങ്ങളും അജപാലന തലങ്ങളിൽ വിശകലനം ചെയ്യണ്ടേതുണ്ട്. കുടുംബങ്ങളിലെ പുതിയ വെല്ലുവിളികളെ അതിജീവിക്കുവാൻ കുടുംബജിവിതക്കാർക്കു പരിശീലനം നല്കാൻ വൈദികരും സന്യസ്തരും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. വിവാഹത്തിനു മുമ്പും അതിനുശേഷവും സഭ നല്കുന്ന പരിശീലന പരിപാടികൾ കുടുംബാംഗങ്ങളുടെ ആത്മീയവും ധാർമ്മികവുമായ വളർച്ചയെ വലിയ തോതിൽ സ്വാധീനിക്കുന്നുണ്ട്. കുടുംബങ്ങളിലെ പ്രായമായവരെ ബഹുമാനിക്കാനും അവരുടെ ശാരീരികവും മാനസികവുമായ ആരോഗ്യം ശ്രദ്ധിക്കുവാനും കുടുംബാംഗങ്ങൾ പരിശ്രമിക്കണം. കാരുണ്യവർഷത്തിൽ കുടുംബജീവിതക്കാർക്കുള്ള മാർപ്പാപ്പയുടെ പ്രത്യേക പരിഗണനയാണ് വിവാഹകോടതികളുടെ പ്രവർത്തനത്തിലുള്ള ലളിതവത്ക്കരണം. സിനഡ് ഈ വിഷയം ചർച്ച ചെയ്യുകയും ഇത്തരം നിയമനടപടികളിലുള്ള ഭേദഗതികൾ കാര്യങ്ങൾ ത്വരിതപ്പെടുത്തുവാൻ സഹായിക്കുമെന്ന് വിലയിരുത്തുകയും ചെയ്തു. അതേ സമയം വിവാഹ ജീവിതത്തിന്റെ കൂദാശാപരവും ദൈവികവുമായ സവിശേഷതകളിൽ അല്പം പോലും പ്രാധാന്യം കുറച്ചു കാണാൻ ഈ നടപടികൾ കൊണ്ട് ഉദ്ദേശിക്കുന്നില്ല എന്നു വ്യക്തമാക്കുകയും ചെയ്തു.

നമ്മുടെ ജനങ്ങളുടെ കാർഷികപ്രശ്നങ്ങളും വിദ്യാഭ്യാസ മേഖലയിൽ നിലനില്ക്കുന്ന അനിശ്ചിതത്വവും സിനഡ് പിതാക്കൻമാർ ഉത്ക്കണ്ഠയോടെയാണ് അവലോകനം ചെയ്തത്. റബർ,ഏലം,നെല്ല് ഉൽപ്പാദകർ, ക്ഷീരകർഷകർ എന്നിവരുടെ പ്രശ്നങ്ങളിൽ അനുഭാവപൂർണ നിലപാടെടുക്കുവാൻ ബന്ധപ്പെട്ട അധികാരികൾ ശ്രദ്ധിക്കേണ്ടതാണ്. കസ്തൂരിരംഗൻ റിപ്പോർട്ടിന്റെ അനന്തര ഫലങ്ങളും പരിസ്ഥിതിലോലപ്രദേശങ്ങൾ സംബന്ധിച്ചുള്ള പ്രശ്നങ്ങളും സഭാപിതാക്കന്മാർ സശ്രദ്ധം ചർച്ച ചെയ്യുകയുണ്ടായി. കാർഷിക വിദ്യാഭ്യാസമേഖലകളുടെ ക്ഷേമത്തിനായി സർക്കാരുകൾ നല്കിയിട്ടുള്ള വാഗ്ദാനങ്ങൾ പാലിക്കപ്പെടേണ്ടതാണ്.

കേരളത്തിലെ മദ്യനയത്തിലുണ്ടാകുന്ന ഗുണകരമായ മാറ്റം ശ്ലാഘനീയമാണ്. ഇതുപോലുള്ള സാമൂഹ്യപ്രശ്നങ്ങളിൽ ജനമുന്നേറ്റം ഉറപ്പുവരുത്തുവാനും കൂടുതൽ അവബോധം ജനങ്ങളിൽ സൃഷ്ടിക്കുവാനും കത്തോലിക്കാ കോൺഗ്രസിനു സാധിക്കും. ഈ സംഘടനയക്ക് സർവ്വവിധ സഹായ സഹകരണങ്ങൾ നല്കുവാൻ ഏവരും ശ്രമിക്കുമല്ലോ.

നമ്മുടെ സഭയുടെ പ്രേഷിതപ്രവർത്തനങ്ങൾ ഊർജിതമായി നടക്കുന്നതിൽ സന്തുഷ്ടിയുണ്ട്. അതിനായുള്ള ASSM ഫണ്ട് സ്വരൂപിക്കുന്നതിന്

നിങ്ങൾ കാണിക്കുന്ന താൽപര്യത്തിനും ഉദാരമായ സംഭാവനകൾക്കും ഈയവസരത്തിൽ നന്ദിപറയുന്നു. ഇന്ത്യയിലെ പ്രവാസികളുടെ അജപാലന ശുശ്രൂഷക്കായി വന്ദ്യ റാഫേൽ തട്ടിൽ പിതാവിന്റെ നേതൃത്വത്തിൽ കർമ്മപരിപാടികൾ ആസൂത്രണം ചെയ്യുതായി നിങ്ങൾക്ക് അറിയാമല്ലോ. അതിനായി നാഗ്പൂർ കേന്ദ്രമാക്കി ഒരു ഓഫീസ് പ്രവർത്തിക്കുന്ന കാര്യം സന്തോഷപൂർവ്വം അറിയിക്കുന്നു. പ്രവാസിമക്കൾക്കുള്ള വിസിറ്റേറ്ററിന്റെ പ്രവർത്തനങ്ങൾക്ക് എല്ലാവിധ സഹായസഹകരണങ്ങളും നല്കണമെന്ന് ഈയവസരത്തിൽ ഓർമ്മിപ്പിക്കുന്നു. സഭയിലെ പ്രവാസികളുടെ അജപാലന ശുശ്രൂഷയിൽ കൂടുതൽ കാര്യക്ഷമതയും സഭാത്മകപങ്കാളിത്തവും ഉറപ്പു വരുത്തുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഈയിടെ കാനഡയിൽ എക്സാർക്കേറ്റ് ഉണ്ടായതിലൂടെയും മണ്ട്യാ രൂപതയുടെ അതിർത്തികൾ വ്യാപിച്ചതിലൂടെയും ഇക്കാര്യത്തിൽ ക്രിയാത്മകമായ വളർച്ച കൈവരിക്കുവാൻ നമുക്കു സാധിച്ചു. സഭയുടെ പ്രേഷിതപ്രവർത്തനങ്ങളെ വിലയിരുത്തുവാനും പുതിയ പ്രേഷിതപ്രവർത്തന പദ്ധതികൾ ആവിഷ്ക്കരിക്കുവാനുമായി കേരളത്തിൽ ദക്ഷിണമേഖലയിലും (വടവാതൂർ) മദ്ധ്യമേഖലയിലും (കാക്കനാട്) ഉത്തരമേഖലയിലും (തലശ്ശേരി) മിഷൻ സെമിനാറുകൾ നടത്തുവാൻ സിനഡു തീരുമാനിച്ചിട്ടുണ്ട്. ഗൾഫ് രാജ്യങ്ങളിലെ നമ്മുടെ വിശ്വാസികൾക്കുള്ള അജപാലന ശുശ്രൂഷകൾ കൂടുതൽ കാര്യക്ഷമമാക്കുവാനുള്ള ചർച്ചകൾ പുരോഗമിക്കുകയാണ്. എന്റെ അബുദാബി സന്ദർശനത്തിന്റെയും സിനഡു കുവൈറ്റിലേക്കു നിയോഗിച്ച ഡെലഗേഷന്റെയും റിപ്പോർട്ട് ഈ സിനഡിൽ അവതരിപ്പിക്കുകയുണ്ടായി.

പരമ്പരാഗതമായി നമ്മുടെ പൂർവ്വപിതാക്കന്മാരിൽ നിന്നു നമുക്കു ലഭിച്ചിട്ടുള്ള വിശ്വാസത്തിന്റെ ആഘോഷമാണ് ആരാധനക്രമം. നമ്മുടെ കുർബാനക്രമം കാലോചിതമായി പരിഷ്കരിക്കുവാനുള്ള ശ്രമത്തിലാണ് സഭാസിനഡ്. നമ്മുടെ സഭയുടെ തനതായ ദൈവശാസ്ത്രപാരമ്പര്യങ്ങളുടെയും ആദ്ധ്യാത്മികതയുടെയും ഭരണനിയമ സംവിധാനങ്ങളുടെയും പശ്ചാത്തലത്തിൽ രണ്ടാം വത്തിക്കാൻ കൗൺസിൽ വിഭാവനം ചെയ്യുന്ന രീതിയിൽ ഈ നവീകരണ പ്രക്രിയ നടത്തുവാനാണ് ഉദ്ദേശിക്കുന്നത്. ആരാധനക്രമത്തിന്റെ മൂല ഭാഷയിലുള്ള പ്രാർത്ഥനകളുടെ പൂർണ്ണരൂപം സംരക്ഷിക്കപ്പെടേണ്ടത് ഗദ്യരൂപത്തിലായതിനാൽ അതിന്റെ സംഗീതാത്മകത (chanting) പ്രധാനപ്പെട്ടതാണ്. ഇക്കാര്യത്തിൽ പരീക്ഷണാടിസ്ഥാനത്തിൽ ചില ഈണങ്ങൾ സിനഡിൽ അവതരിപ്പിക്കുകയുണ്ടായി. കുട്ടികളുടെ ആഘോഷപൂർവമായ കുർബ്ബാനസ്വീകരണത്തിനും ആദ്യകുമ്പസാരത്തിനും പരിശീലനം നല്കുന്നതിനുള്ള പുസ്തകത്തിന് സിനഡ് അംഗീകാരം നല്കി. നമ്മുടെ എല്ലാ ഇടവകകളിലും കുട്ടികളുടെ പരിശീലനത്തിന് ഈ പുസ്തകം സ്വീകരിക്കുമല്ലോ. ഈ വർഷം ആഗസ്റ്റ് മാസം നടക്കുന്ന സീറോ മലബാർ അസംബ്ലി

യുടെ വിശദാംശങ്ങൾ സിനഡിൽ അവതരിപ്പിച്ചു. അതിനായുള്ള മാർഗരേഖ (Lineamenta) സിനഡ് അഗീകരിക്കുകയുണ്ടായി. അസംബ്ലിയുടെ മുഖ്യവിഷയം "ആധുനികലോകത്തിലെ വെല്ലുവിളികളും സഭയുടെ പ്രത്യുത്തരവും - ജീവിതത്തിലെ ലാളിത്യം, കുടുംബത്തിലെ സാക്ഷ്യം, പ്രവാസികളുടെ ദൗത്യം" എന്നതാണ്. നമ്മുടെ സഭയുടെ എല്ലാ രൂപതകളിലും ഈ രേഖ പഠിക്കുകയും ചർച്ചചെയ്യുകയും ചെയ്യുമല്ലോ. നമ്മുടെ സഭ മേജർ ആർക്കിഎപ്പിസ്ക്കോപ്പൽ പദവിയിലേക്ക് ഉയർത്തപ്പെട്ടതിന്റെ രജതജൂബിലിയാഘോഷത്തിന്റെ ഉദ്ഘാടനവും ഈ അസംബ്ലിയുടെ അവസരത്തിൽ നടത്തുന്നതാണ്.

വളരെ ഫലപ്രദവും സജീവവുമായ ചിന്തകൾക്കും ചർച്ചകൾക്കും തീരുമാനങ്ങൾക്കും ശേഷം ജനുവരി 12 -ാം തീയതി വൈകുന്നരേം ആറുമണിയോടെ സിനഡ് സമാപിച്ചു. സിനഡിന്റെ എല്ലാ പ്രവർത്തനങ്ങളും നമ്മുടെ സഭയുടെ വളർച്ചയ്ക്കും നന്മയ്ക്കും ഉപകരിക്കുന്നതിന് നിങ്ങളെല്ലാവരുടെയും പ്രാർത്ഥനയും സഹകരണവും സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു.

ഈശോയിൽ സ്നേഹപൂർവ്വം,

**ജോർജ് കാർഡിനൽ ആലഞ്ചേരി**
സീറോ മലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ്

കാക്കനാട് മൗണ്ട് സെന്റ് തോമസ്സിലുള്ള മേജർ ആർച്ച്ബിഷപ്പിന്റെ കാര്യാലയത്തിൽ നിന്ന് 2016-ാം ആണ്ട് ഫെബ്രുവരി മാസം 29 -ാം തിയതി നൽകപ്പെട്ടത്.

---

N.B: ഈ വിജ്ഞാപനം ഉചിതമായ മാർഗങ്ങളിലൂടെ അതതു രൂപത/ അതിരൂപതകളിലെ വൈദികരുടേയും സന്യസ്ഥരുടേയും അത്മായ സഹോദരങ്ങളുടേയും ശ്രദ്ധയിൽ കൊണ്ടുവരേണ്ടതാണ്.

690/2016 C- 4
02.03.2016

## സർക്കുലർ

# പാലയൂർ തീർത്ഥാടനം

മിശിഹായിൽ പ്രിയ വൈദികരെ സഹോദരി സഹോദരന്മാരെ,

കരുണയുടെ ജൂബിലി വർഷത്തിലെ വലിയ നോമ്പുകാലം ആഴമേറിയ ദൈവകാരുണ്യഅനുഭവത്തിനായി നാം നീക്കിവെയ്ക്കണം എന്ന് ഫ്രാൻസീസ് മാർപാപ്പ ആഹ്വാനം ചെയ്യുന്നു. ഈ വർഷത്തെ പാലയൂർ മഹാതീർത്ഥാടനവും പാലയൂർ കൺവെൻഷനും ദൈവകാരുണ്യം അനുഭവിച്ചറിയാനുള്ള ഒരു അവസരമാണ്. മാർച്ച് 8ന് പാലയൂർ കൺവെൻഷൻ ആരംഭിക്കുന്നു. സാധിക്കുന്നവരെല്ലാം ഇതിൽ പങ്കെടുക്കുവാൻ പരിശ്രമിക്കണം. മാർച്ച് 13 ഞായറാഴ്ച്ചയാണ് പാലയൂർ മഹാതീർത്ഥാടനം. അതിന്റെ വിജയത്തിനായി വിവിധ കമ്മിറ്റികൾ ഊർജ്ജസ്വലമായി പ്രവർത്തിക്കുന്നുണ്ട്. മഹാതീർത്ഥാടനത്തിന് ഒരുക്കമായുള്ള ജാഗരണ പദയാത്രകളിൽ ധാരാളം പേർ പങ്കെടുത്തു എന്നറിയുന്നതിൽ സന്തോഷമുണ്ട്. മാർച്ച് 13-ലെ പാലയുർ മഹാതീർത്ഥാടനം കൂടുതൽ അച്ചടക്കമുള്ളതാക്കുവാനും അനുഗ്രഹപൂർണമാകുവാനും ചിലകാര്യങ്ങൾ നിങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തുവാൻ ഞാൻ ആഗ്രഹിക്കുന്നു.

1. മുഖ്യപദയാത്ര രാവിലെ 7 മണിക്ക് ലൂർദ്ദ് ഭദ്രാസനദൈവാലയത്തിൽ നിന്നും ആരംഭിക്കുന്നു.മേഖല പദയാത്രകൾ വിവിധമേഖലകേന്ദ്രങ്ങളിൽ നിന്നും ആരംഭിക്കുന്നു.

2. പാലയൂർ മഹാതീർത്ഥാടനം നമ്മുടെ വിശ്വാസം പ്രഘോഷിക്കുവാനുള്ള അവസരമാണ്. എല്ലാവരും അച്ചടക്കത്തോടെ ഒരുമിച്ച് പ്രാർത്ഥനാപൂർവ്വം മുന്നോട്ട് പോകുമ്പോൾ അത് നമ്മുടെ വിശ്വാസത്തിന്റെ വലിയ സാക്ഷ്യമായിരിക്കും. അതിനാൽ തീർത്ഥാടനത്തിന്റെ ഭക്തിയും ഭംഗിയും നിലനിറുത്താൻ എല്ലാവരും സഹകരിക്കണം.

3. നമ്മുടെ തീർത്ഥാടനം മറ്റുള്ളയാത്രക്കാർക്ക് ഒരു വിധത്തിലും അസൗ

കര്യം സൃഷ്ടിക്കാൻ ഇടയാക്കരുത്. അതിനാൽ കേന്ദ്രതലത്തിലും മേഖലാ തലങ്ങളിലും ട്രാഫിക് പോലീസും വൈദികരും വളണ്ടിയേഴ്സും നൽകുന്ന നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കാൻ എല്ലാവരും ശ്രദ്ധിക്കണം.

4. പദയാത്രവഴികളിൽ തീർത്ഥാടകർക്ക് വേണ്ടി ഭക്ഷണപാനീയങ്ങൾ ഒരുക്കുന്നതിന് ചില വ്യക്തികളും സ്ഥാപനങ്ങളും ഇടവകകളും കുടുംബകൂട്ടായ്മകളും കാണിക്കുന്ന നല്ല മനസ്സിനെ ഞാൻ അഭിനന്ദിക്കുന്നു. വിതരണം ചെയ്യുന്ന ലഘുഭക്ഷണങ്ങളും പാനീയങ്ങളും കേടുവരാതിക്കുവാനുള്ള സംവിധാനങ്ങൾ ഒരുക്കുവാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കുമല്ലോ.

5. മുഖ്യപദയാത്ര കടന്നുപോകുന്ന അമലയിലും പാവറട്ടിയിലും തീർത്ഥാടകർക്ക് യഥാക്രമം പ്രഭാതഭക്ഷണം ഉച്ചഭക്ഷണം എന്നിവ സൗജന്യമായി നല്കുവാൻ പതിവുപോലെ ഈ വർഷവും അമല ഹോസ്പിറ്റലും പാവർട്ടി ഇടവകയും സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ട്. അവരുടെ ഔദാര്യത്തെയും സേവനസന്നദ്ധതയേയും ഞാൻ നന്ദിപൂർവ്വം അഭിനന്ദിക്കുന്നു.

6. പദയാത്ര കടന്നുപോകുന്ന വഴികളും പരിസരങ്ങളും വൃത്തിയായി സൂക്ഷിക്കേണ്ടത് തീർത്ഥാടകരുടെയും സംഘാടകരുടെയും ഉത്തരവാദിത്വമാണ്. ശാരീരിക അസ്വസ്ഥകൾ അനുഭവപ്പെടുന്നവർക്ക് തീർത്ഥാടനവേളയിൽ ലഭ്യമാക്കാവുന്ന ആംബുലൻസുകളുടെ കോണ്ടാക്റ്റ്  നമ്പരുകൾ വളണ്ടിയർ മാർ കൈവശം വെയ്ക്കേണ്ടതാണ്.

7. പാവർട്ടിയിൽ നിന്നും പദയാത്ര പുനരാരംഭിക്കുന്നത് ഉച്ചകഴിഞ്ഞ് 1:30നാണ്. ആ സന്ദർഭത്തിലും എല്ലാവരും ഒരുമിച്ച് അച്ചടക്കത്തോടെ പദയാത്ര തുടരേണ്ടതാണ്.

8. മേഖല പദയാത്രകൾ പാലയൂരിൽ എത്തുമ്പോൾ എല്ലാവരും ഒരുമിച്ച് പ്രധാനവേദിയിലെത്തി പതാകകൾ കൈമാറേണ്ടതാണ്. തുടർന്ന് നടക്കുന്ന പൊതുസമ്മേളനത്തിലും വിശ്വാസപ്രഖ്യാപനത്തിലും, വി. കുർബാനയിലും സജീവമായി പങ്കുചേരുവാൻ ഞാൻ ഏവരെയും ആഹ്വാനം ചെയ്യുന്നു.

9. കരുണയുടെ ജൂബിലി വർഷത്തിൽ അതിരൂപതയിലെ രണ്ട് തീർത്ഥാ

ടനകേന്ദ്രങ്ങളിലാണ് കരുണയുടെ കവാടങ്ങൾ ഒരുക്കിയിട്ടുള്ളത്. അതിൽ ഒന്ന് പാലയൂർ ആണെന്ന് നിങ്ങൾക്ക് അറിവുള്ളതാണല്ലോ. പരി. പിതാവിന്റെ നിയോഗാർത്ഥം പ്രാർത്ഥിച്ച്, കുമ്പസാരിച്ച് കരുണയുടെ കവാടത്തിലൂടെ കടന്നുപോകുന്നവർക്ക് പൂർണദണ്ഡവിമോചനം ലഭിക്കുന്നതാണ്. അപ്രകാരം ചെയ്തുകൊണ്ട് ഈ വർഷത്തെ മഹാതീർത്ഥാടനം കൂടുതൽ അനുഗ്രഹപ്രദമാക്കുവാൻ ഞാൻ നിങ്ങളെ ആഹ്വാനം ചെയ്യുന്നു.

19-ാം പാലയൂർ മഹാതീർഥാടനവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന എല്ലാ കമ്മിറ്റി അംഗങ്ങൾക്കും മറ്റു നേതാക്കൾക്കും തീർത്ഥാടകർക്കും ദൈവാനുഗ്രഹവും പ്രാർത്ഥനയും ആശംസിക്കുന്നു.

+ Andrews Thazhath

**മാർ ആൻഡ്രൂസ് താഴത്ത്**
തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

---

NB: ഈ സർക്കുലർ 2016 മാർച്ച് 6ന് എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി. കുർബാന മധ്യേ വായിക്കേണ്ടതാണ്. +AT

# FINAL STATEMENT OF THE 32ND PLENARY ASSEMBLY OF THE CATHOLIC BISHOPS' CONFERENCE OF INDIA (CBCI), HELD AT ST. JOHN'S, BANGALORE, FROM 2ND TO 9TH MARCH, 2016, WITH THE MAIN THEME *"RESPONSE OF THE CHURCH IN INDIA TO THE PRESENT DAY CHALLENGES"*

## 1.0. PREAMBLE

The Second Vatican Council declared in the Pastoral Constitution of the Church in the Modern World: "The joys and the hopes, the griefs and the anxieties of the men of this age, especially those who are poor or in any way afflicted, are the joys and hopes, the griefs and anxieties of the followers of Christ." (*Gaudium et Spes*, no. 1). Jesus proclaimed the Kingdom of God (Mark 1: 14-15) and called upon His followers to pray and work (Matthew 6: 9-13) for the realization of the Kingdom of God. As sacrament of salvation, the Church is a sign and instrument of communion with God and with humanity (*Lumen Gentium*, no. 1:1). In this YEAR OF MERCY, in communion with the Universal Church, let us be channels of God's mercy to one and all, especially the poor, the deprived, the sick and suffering. And thus, making our contribution to our beloved nation.

As leaders of the Church, 182 Bishops from 170 Dioceses of the Church in India are gathered at St. John's National Academy of Health Sciences, Bangalore, from 02 to 09 March 2016 to deliberate on "The Response of the Church in India to the Present Day Challenges" during the 32nd Plenary Assembly of the Catholic Bishops' Conference of India (CBCI). The Church in India is a vibrant community making significant contribution to nation building through education, social development, health care and service, especially to the poor. The CBCI appreciates the spirit of understanding and collaboration among the three Sui Iuris Churches. The composite culture of India has noble values of religiosity, peace, simplicity and tolerance as lived by Mahatma Gandhi and various Indian sages. We, however, express our sorrow over the killing of innocent people by extremists in India and in various parts of the world. We are shocked by the recent killing of the nuns of the Missionaries of Charity and their collaborators in Yemen.

The Bishops have resolved to respond to the challenges facing the Church in India, identifying the following:

## 2.0. CHALLENGES WITHIN THE CHURCH AND WITHIN THE COUNTRY

### 2.1. CHALLENGES WITHIN THE CHURCH

i. Declining family values – tensions and break ups in families, an increasing number of divorces, abortions and a lack of understanding of marriage as a sacrament.
ii. Growing materialism, consumerism and addiction to social media, due to decline of spiritual and moral values.
iii. Growing indifference and lack of commitment to the Christian vocation.
iv. Insensitivity regarding gender, caste, language, creed, status and region.
v. Lack of commitment to Ecumenical unity
vi. Excessive preoccupation with institutionalization.
vii. Insufficient zeal and fear of proclaiming Christ as unique Saviour.
viii. Large scale migration of families affecting community life.

### 2.2. CHALLENGES WITHIN THE COUNTRY

i. Large scale poverty and growing gap between the rich and the poor
ii. Corruption, illiteracy, child labour, increasing unemployment, growing addiction to alcohol and drugs.
iii. Atheistic Secularism (and practical atheism)
iv. Narrow unitary cultural Nationalism
v. Sensationalism and dictatorship of a section of the media.
vi. Systematic concerted effort to manipulate the education system
vii. Opposition to the fundamental human right of every person to convert.
viii. Widespread intolerance, religious fanaticism and fundamentalism, attacks and atrocities against intellectuals, social activists, religious personnel and institutions.
ix. Violation of Fundamental Rights enshrined in the Constitution, esp. minority rights

x. Growing criminalization and terrorism.
xi. Denial of SC status to Christian Dalits.

**3.0. Restating the Vision and Mission**

**3.1. VISION**: As a community of Christ's disciples, the Church is at the service of the Kingdom of God. As an inclusive and welcoming community, the Church which is a continued presence of Christ, actualizes the values of love, justice, equality, mercy and peace. As light, salt and leaven of society, she lives in total solidarity with people, especially the poor.

**3.2. MISSION:** The Church is called to lead people to an encounter with Christ, practising the Gospel values and living for the wellbeing of people without fear and discrimination on the basis of caste, creed, gender, language, culture or status in society.

**4.0. The Response of the Church in India to the Present Day Challenges**

The following areas were chosen by the Bishops for review and for an appropriate response: i) Family Life Today ii) Renewal of Consecrated Life iii) The Lay Faithful and the Mission of the Church iv) Ecumenism v) Inter-religious Dialogue vi) The Education Apostolate and vii) Care of the Earth, our Common Home and viii) A New Way of Being Church for an effective response

**4.1. FAMILY LIFE**

The well-being of the Church and the society at large are intimately linked with the nurturing of the family. It is the lifeline of the Church and society (*Instrumentum Laboris*, nos. 32, 38). However, "married love is too often dishonoured by selfishness, hedonism and unlawful contraceptive practices" (*Gaudium et Spes*, no. 47). The two recent Synods on the Family, held in Rome, have drawn attention to the urgency of providing sustained pastoral care to families.

**Proposals**:

1. Frequent visits of Parish Priests to the families
2. Organizing Marriage Encounter and Marriage Enrichment Programmes.
3. Educating families to live in unity and to reach out to others.

4. Responding to the challenges, the media and society pose for family life. e.g. prolife issues, issues in human sexuality, pornography and marital fidelity.
5. Promoting Family counselling centres and Diocesan Family Commissions, training seminarians and priests to be family counsellors, accompanying them constantly.
6. Promoting family values, family prayer, family meals, family outings and use of bible sharing methods through SCC's.
7. Creating facilities for care of the elderly, respecting them and learning from them.

**4.2. RENEWAL OF CONSECRATED PERSONS**

The Catholic Church in India is blessed with over one hundred and twenty five thousand religious priests, religious brothers and religious sisters, who serve the Church significantly through a large network of educational, health care and social service institutions. Even as we greatly appreciate the selfless and dedicated life of the consecrated persons, in recent times, there is a decrease in the number of candidates opting for consecrated life. A fresh, creative and a self-critical approach is needed in order to make this gift of God more attractive and relevant. While appreciating the generous commitment of thousands of clergy who are witnessing the mercy of God through parish community and their attached apostolate, we are of the opinion that priestly life needs a thorough renewal and updating.

**Proposals:**

1. Rediscovering the Founder's charism and rededicating oneself to pastoral ministry with a clear shift of emphasis from maintenance to mission.
2. Consecrated way of life should be a combination of contemplation and active service, as recommended by St. John Paul II.
3. Maintaining the quality of Consecrated life by careful selection of candidates and Christ centred formation and commitment to the poor.
4. Participating in the mission of the Church through greater collaboration with the Bishop and integration into the pastoral life of the parish community.

**4.3. THE LAY FAITHFUL AND THE MISSION OF THE CHURCH**

The lay faithful have a distinct role in the spreading of the Gospel, which the Church really needs them to carry out with the authority, creativity, and power that the Holy Spirit has given them in Baptism. *Lumen Gentium* no. 31 states: "the laity, by their very vocation, seek the kingdom of God by engaging in temporal affairs and by ordering them according to the plan of God. They live in the world, that is, in each and in all of the secular professions and occupations. … They are called there by God that by exercising their proper function and led by the spirit of the Gospel they may work for the sanctification of the world from within as a leaven". The laity likewise share in the priestly, prophetic, and royal office of Christ (*Apostolicam Actuositatem*, no. 2).

**Proposals**:

1. Accepting the dignity, role and importance of the role of the lay faithful in the Church
2. Encouraging the laity to involve themselves in the Church and temporal order, through the Small Christian Communities (SCC's).
3. Undertaking faith formation and professional training programmes.
4. Encouraging our laity to take up important leadership positions in the Parliament, Assemblies, Civil Services, Entrepreneurship in business and in the judiciary.
5. Recognizing the dignity of labour by providing just wages and social security.
6. Helping and encouraging lay faithful by providing them with scholarships and facilities and promoting lay participation in the life and mission of the Church.

**4.3.1. THE MARGINALIZED AND WEAKER SECTIONS WITHIN THE CHRISTIAN COMMUNITY (VIZ. THE DALITS, TRIBALS, DIFFERENTLY ABLED and WOMEN)**

The Church commits herself to the liberation of the weaker sections, like tribals, women and dalits. She wants to reach out more to the unorganized groups like fisher-flock, farmers, migrants, domestic workers, victims of trafficking, through advocacy and networking with NGO's and other like-minded groups and individuals, dedicated to the cause of the poor.

**Proposals:**

1. Realizing that caste system is a reality in India, which has also crept in certain parts of the Church, we need to pursue with the Government that Christian Dalits be treated on par with the Hindu Dalits.
2. Introducing positive measures to integrate Christians of Dalit origin along with others in the Church through education and employment.
3. Strengthening advocacy on the socio-political, economic and cultural rights of Tribals, enshrined in the Constitution of India.
4. Fostering advocacy and networking to address the issues of land alienation, induced displacement, human trafficking and migration.
5. Showing sensitivity to the differently abled by providing facilities that suit their needs.
6. Alleviating the plight of the farmers in distress and preventing suicide of our farmers.
7. Fostering gender equity and providing a greater role of women in our collaborative structures.
8. Establishing/ Revitalizing Grievance Cells to address women's issues to protect their rights.

**4.3.2. YOUTH APOSTOLATE**:

Recognizing that India is predominantly young, so is the Church in India, there is an urgent need to prepare tomorrow's leaders today.

**Proposals**:

1. Promoting youth apostolate at all levels, such as the Jesus Youth, YCS/ YSM, ICYM and AICUF and Youth Associations of the Sui Iuris Churches (SMYM and MCYM) in all parishes and institutions.
2. Encouraging faith formation for youth through YOUCAT, DOCAT and Youth Bible, fostering ethical and moral values, enhancing critical thinking and problem solving.
3. Promoting young talents for leadership roles in the Church and society, particularly in political life and civil service.

**4.4.1. ECUMENISM**

Our common faith in God through Baptism is the foundation for us to overcome divisions among Christians and to promote mutual relations,

friendship and collaboration. “The restoration of unity among all Christians is one of the principal concerns of the Second Vatican Council. Christ the Lord founded one Church and one Church only…However, many Christians…differ in mind and go their different ways, as if Christ Himself were divided” (*Unitatis Redintegratio*, no. 1). Therefore, the need of the hour is to take initiatives to foster better cooperation among Christians through dialogue and common ecumenical services.

**Proposals**:

1. Creating ecumenical bodies such as Inter-Church Councils and United Christian Groups (at Regional and National Level)
2. Dialoguing with ecumenical groups to study social and legal issues (such as environmental issues human rights and legal issues).
3. Organizing of special programmes for training seminarians, priests, religious and laity in Ecumenism.
4. Reaching out and dialoguing with fundamentalist groups and sects.
5. Promoting Spiritual Ecumenism - common prayers, using common ecumenical bibles and sharing spiritual riches.

**4.4.2. INTER-RELIGIOUS DIALOGUE:**

Inter-religious dialogue has become an urgent priority today. The goal of dialogue is to establish friendship, peace and harmony and to share spiritual and moral values and experiences in a spirit of truth and love. *Redemptoris Missio* clearly states that “inter-religious dialogue is part of the Church’s evangelizing mission”. “In the light of the economy of salvation, the Church sees no conflict between proclaiming Christ and engaging in interreligious dialogue… Each member of the faithful and all Christian communities are called to practice dialogue. Dialogue is a path toward the kingdom” (*Redemptoris Missio*, no. 56, 57).

**Proposals**:

1. Introducing Formation Programmes on inter-religious dialogue in our institutions, seminaries and formation houses.
2. Including Inter-religious dialogue as a subject in school catechism classes.
3. Promoting Inter-religious dialogue through SCC’s.
4. Respecting the sentiments of the people of other religions.
5. Using Catholic Guilds and other Associations to promote dialogue with

businessmen, politicians, journalists.
6. Organizing training programmes for promoting justice and peace.
7. Promoting religious harmony and National Integration through a proactive and conciliatory role.
8. Breaking the divisive and intolerant walls of caste, language and ethnicity.

**4.5. THE EDUCATION APOSTOLATE**

Educational Institutions need to rise above the maintenance mode to impart holistic education with a heart for the poor and the marginalized. The CBCI Education Policy has clearly stated: "The Catholic educational institutions are to provide inclusive and holistic education especially for the marginalized and girls enabling them to live *life to the full* and responsibly, thus transforming the individual and society" (AICEP 2007).

**Proposals**:
1. Having recourse to legal action when Constitutional rights are violated and the appointment/approval of staff, issue of Minority certificate, grant in aid, scholarships and other support systems are denied.
2. Promoting Faith formation of Christian students and value education, reaching out to those living in "social and geographical periphery" and providing quality education in the slums and rural areas.
3. Recognizing the need to positively promote higher education institutions, to form persons of character and conviction, capable of delivering quality leadership and administrative service, upholding the constitutional values and the socialistic, secular and democratic character of our country (National Education Coordinators' Meet, 18 December 2015).
4. Networking with local, district and state leaders and administrators and befriending people of the neighbourhood and all people of good will to ensure administrative autonomy, proper to the Minority institutions.
5. Providing educational opportunities, especially to the socially backward and girl children, and ensuring administrative transparency, financial accountability and participatory management.

**4.6. CARE OF THE EARTH, OUR COMMON HOME**

The ruthless exploitation of the earth's resources has adverse effects on humanity. Pope Francis affirmed: "As stewards of God's creation, we are

called to make the earth a beautiful garden for the human family. When we destroy our forests, ravage our soil and pollute our seas, we betray that noble calling" (*Speech, Manila, Philippines, January 18, 2015*). In this regard, we must go to the heart of the ecological degradation and advocate an education in ecological responsibility because "we are all really responsible for all".

**Proposals**:

1. Every Diocese and Parish to draw up an Environment (Green) Policy.
2. Organizing programmes for protecting the environment and fostering love for nature.
3. Encouraging use of solar energy, rain-water harvesting, and use of bio-gas plants.
4. Promoting sustainable development through change of lifestyle (reuse, reduce, recycle).
5. Encouraging organic farming and say no to pesticides and plastics.
6. Facilitating Environmental Education and Ecological Conversion

**4.7. A NEW WAY OF BEING CHURCH FOR AN EFFECTIVE RESPONSE**

Both Blessed Mother Teresa and Pope Francis are exemplary models for living with such a vision and mission. Mother Teresa changed her routine way of living and made a radical decision for living her religious / consecrated life in a thoroughly new way. So also, the lifestyle of Pope Francis challenges us to be authentic in our Christian vocation, by freeing ourselves of traditional structures, institutionalisation and to break new ground, shedding the comforts and privileges of office and status, embodying the gracious mercifulness and love of Christ and bringing the joy of the Gospel to one and all. "…All of us are asked to obey his call (the Lord's) to go forth from our own comfort zones in order to reach all the "peripheries" in the light of the Gospel" (*Evangelii Gaudium*, no. 20). We are also challenged and inspired by the exemplary life of the Saints of India, namely, St. Thomas the Apostle, St. Francis Xavier, St. Gonsalo Garcia, St. Alphonsa, St. Kuriakose Elias Chavara, St. Euphrasia, St. Joseph Vaz, Blessed Mother Teresa, Blessed Devasahayam Pillai, Blessed Maria Theresa Chiramel, Blessed Augustine Thevarparampil (Kunjachan), *Servant of God, Father Constant Lievens and others.*

**4.7.1. BISHOPS AND PRIESTS:**

Bishops and priests, while exercising their role as administrators, should be first and foremost, shepherds of the flock, available and service minded. Their lifestyle should be an example of simplicity and spirituality that can be an inspiration to everyone.

**Proposals**:

1. Shunning excessive institutionalization, clericalism and extravaganza.
2. Animating pastoral structures, such as Diocesan/Parish Pastoral Councils and Finance Committees, etc.
3. Adopting simple lifestyle, following the example of the Good Shepherd and opening our houses and our institutions to the poor.
4. Rediscovering the power of the Word of God and prayer
5. Making apostolates, such as healthcare, social development and education into agents of evangelisation.
6. Refashioning the formation of priests and religious, enabling them to respond to the challenges of our times with faith and courage.
7. Promoting transparency and accountability at all levels of Church's administration.

**5.0. CONCLUSION:**

As authentic citizens of the country, we repose our confidence in the democratic values and the Constitution of India. Trusting in God's grace, love and mercy, we march ahead to carry out our God-given mission, confident of the goodwill and support of our people everywhere. We appeal to all people of goodwill in India to join hands with us in solidarity to work for a better Church and a better society. May Blessed Virgin Mary, Mother of Mercy and Star of Evangelization, who brought joy and hope to the world, guide us and help us to fulfil our mission.

09.03.2016

Sd/-

Bangalore

_ Baselios Cardinal Cleemis
President, CBCI

# കച്ചേരിക്കാര്യങ്ങൾ



**1. ഓർമിക്കേണ്ട ദിവസങ്ങൾ**

ഏപ്രിൽ 1 : ആദ്യവെള്ളി
3 : **പുതുഞ്ഞായർ**
**ഉയിർപ്പ് രണ്ടാം ഞായർ**
10 : **ഉയിർപ്പ് മൂന്നാം ഞായർ**
17 : **ഉയിർപ്പ് നാലാം ഞായർ**
23: വി. ഗീവർഗ്ഗീസ്
24: **ഉയിർപ്പ് അഞ്ചാം ഞായർ**
മാർ അദ്ദായി
24: **പെസഹാവ്യാഴം**
25: വി. മർക്കോസ് സുവിശേഷകൻ
29: സിയന്നായിലെ വി. കത്രീന
30: **തൊഴിലാളി മധ്യസ്ഥനായ വി. യൗസേപ്പ്**

**2. ഏപ്രിൽ മാസത്തെ പരിപാടികൾ**

ഏപ്രിൽ 01 : ദൈവവിളിവാരം സമാപനം
01–02 : ദൈവവിളിക്യാമ്പ് (പെൺകുട്ടികൾക്ക്)
04–06: ദൈവവിളിക്യാമ്പ് ബാച്ച് 1 (ആൺകുട്ടികൾക്ക്)
07–09: ദൈവവിളിക്യാമ്പ് ബാച്ച് 2 (ആൺകുട്ടികൾക്ക്)
05 : 11:00 am ട്രൈബ്യൂണൽ മീറ്റിംഗ്
07:30 pm സാമ്പത്തിക സമിതിയോഗം
09 : 03:00 pm ഏകോപന സമിതി ജനറൽ ബോഡി
12 : 02:30 pm സ്ഥാപനഡയറക്ടർമാരുടെ യോഗം
14 : കൂരിയ ഏകദിനമീറ്റിംഗ്
15 : 2:30 pm വൈദിക സമിതി
18 : 10:00 am വൈദികഏകദിനസമ്മേളനം 1
25 : 10:00 am ആലോചനസമിതി യോഗം
30 : 10:00 am പാസ്റ്ററൽ കൗൺസിൽ

**3. ഉയിർപ്പുകാലം:**

ഉയിപ്പുതിരുനാൾ മുതൽ പന്തക്കുസ്താവരെയുള്ള ഏഴ് ആഴ്ചകളാണ് ഉയിർപ്പുകാലം. രക്ഷകന്റെ ഉത്ഥാനത്തിലൂടെ കൈവന്ന പുതുജീവനിൽ

ആഹ്ലാദിക്കുന്നതിനുള്ള അവസരമാണിത്. ഈ ആഹ്ലാദത്തിന്റെ പ്രതിഫലനമാണ് ഈ കാലത്തിലെ പ്രാർത്ഥനകളിലും ഗീതങ്ങളിലും ഉള്ളത്, ഈശോ മിശിഹായുടെ ഉത്ഥാനം, പാപത്തിന്റെയും മരണത്തിന്റെയും സാത്താന്റെയും മേൽ അവിടുന്നു വരിച്ച വിജയം, അതുവഴി ഭോഷത്തത്തിന്റെ ചിഹ്നമായ കുരിശ് രക്ഷയുടെയും മഹത്ത്വത്തിന്റെയും ചിഹ്നമായി മാറുന്നത്, ഈശോയുടെ ഉയിർപ്പ് നമ്മുടെ ഉയിർപ്പിന്റെ അച്ചാരം, അവിടുത്തെ ഉയിർപ്പ് ക്രൈസ്തവവിശ്വാസത്തിന്റെ അടിസ്ഥാനം തുടങ്ങിയവയാണ് ഈ കാലത്തിലെ പ്രധാന ചിന്താവിഷയങ്ങൾ.

ആദിമസഭയിൽ മാമ്മോദീസ നല്കിയിരുന്നത് ഉയിർപ്പുതിരുനാളിനോട് അനുബന്ധിച്ചായിരുന്നു.വി. പൗലോസ് അനുസ്മരിപ്പിക്കുന്നതുപോലെ "ജ്ഞാനസ്നാനത്താൽ നാം അവനോടൊത്ത് സംസ്കരിക്കപ്പെട്ടു. ക്രിസ്തു മരിച്ചതിനുശേഷം പിതാവിന്റെ മഹത്വത്തിൽ ഉയിർത്തെഴുന്നേറ്റതുപോലെ നാമും പുതിയ ജീവിതം നയിക്കേണ്ടതിനാണ് അവനോടൊത്ത് സംസ്കരിക്കപ്പെട്ടത്" (റോമ. 6:4–5). ഉയിർപ്പുകാലത്തിലെ ആദ്യ ആഴ്ച, പുതുതായി മാമ്മോദീസ സ്വീകരിച്ചവരുടെ ആഴ്ചയായി മാറ്റിവച്ചിരുന്നു.അതിനാൽ അനുകരണാർഹമായ ഈ പാരമ്പര്യം പുനർജീവിപ്പിച്ചുകൊണ്ട് ഉയിർപ്പുതിരുനാളിനോടനുബന്ധിച്ചു മാമ്മോദീസ നല്കുക ഉചിതമായിരിക്കും.

**4. മാർ റാഫേൽ തട്ടിൽ പിതാവിന്റെ ജന്മദിനം :**

ഏപ്രിൽ 21ന് ജന്മദിനമാഘോഷിക്കുന്ന മാർ റാഫേൽ തട്ടിൽ പിതാവിന് അതിരൂപത മുഴുവന്റെയും പ്രാർത്ഥനാശംസകൾ. അന്നേ ദിവസം അഭിവന്ദ്യ പിതാവിനുവേണ്ടി ദിവ്യബലി മധ്യേ പ്രത്യേകം പ്രാർത്ഥിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

**5. പട്ടങ്ങൾ**

തൃശ്ശൂർ അതിരൂപതയ്ക്കുവേണ്ടി വിവിധ മേജർ സെമിനാരികളിൽ ദൈവശാസ്ത്രപരിശീലനം നടത്തി കൊണ്ടിരിക്കുന്ന ശെമ്മാശ്ശന്മാർ മാർച്ച് 17ന് ഉച്ചകഴിഞ്ഞ് 2.00ന് സെന്റ് മേരീസ് മൈനർ സെമിനാരിയിൽ വച്ച് മാർ ആൻഡ്രൂസ് താഴത്ത് പിതാവിൽ നിന്നും വിവിധ പട്ടങ്ങൾ സ്വീകരിച്ചു. അവർക്കു പ്രാർത്ഥനകളും അഭിനന്ദനങ്ങളും നേരുന്നു.

**a) മ്ശംശാനപട്ടം**

| | | |
|---|---|---|
| 1) ചക്കാലക്കൽ ഇഗ്നേഷ്യസ് (സീജൻ) | - കുറ്റൂർ | (മേരിമാത) |
| 2) ചിറമ്മൽ തോമസ് (ക്രിസ്റ്റി) | - വെങ്ങിണിശ്ശേരി | (ആലുവ) |
| 3) ഇമ്മട്ടി പോൾ (ജോമോൻ) | - വടക്കാഞ്ചേരി | (മേരിമാത) |
| 4) കൈപ്പുള്ളിപറമ്പൻ ദേവസ്സി (ബെന്നി) | - ലൂർദ്ദ് കത്തീഡ്രൽ | (മേരിമാത) |
| 5) കൂത്തൂർ വെള്ളാട്ടുകര ജേക്കബ് (അനീഷ്) | - പുറനാട്ടുകര | (മേരിമാത) |

6) ഒലക്കേങ്കിൽ ജോസഫ് (ഡൺസ്റ്റൻ) - പാവറട്ടി (മേരിമാത)
7) പുഴിക്കുന്നേൽ മാത്യു (ജസ്റ്റിൻ) - പഴയന്നൂർ (മേരിമാത)
8) വാഴപ്പിള്ളി ലോറൻസ് (ജിബി) - എടക്കളത്തൂർ (മേരിമാത)

### b) ഹെവുപ്പദ്‌യാക്ക്ന പട്ടം

1) ചിറ്റിലപ്പിള്ളി സെബാസ്റ്റ്യൻ (ഷെൽറ്റൺ) - പുതുക്കാട് നോർത്ത്(മേരിമാത)
2) പുളിക്കൻ ആന്റണി (സിജു) - അരണാട്ടുകര (മേരിമാത)
3) പുലിക്കോടൻ റാഫേൽ (റെനാൾഡ്) - ഏയ്ഞ്ചൽനഗർ (മേരിമാത)
4) പുത്തൂർ തോമസ് (ലിയോ) - പെരിഞ്ചേരി (മേരിമാത)
5) വടക്കൂട്ട് ആന്റണി (സനീഷ്) - മറ്റം (മേരിമാത)
6) വാഴപ്പിള്ളി വർഗ്ഗീസ് (വിനോയ്) - വെള്ളറക്കാട് (മേരിമാത)
7) പൊന്തേക്കൻ ദേവസ്സി (ജോമോൻ) - പള്ളിക്കുന്ന് (മേരിമാത)

### c)കാറോയപട്ടം

1) ചിറയത്ത് ജീൻ - ഒളരിക്കര (കോട്ടയം)
2) കണ്ണനായ്ക്കൽ സജിൽ - പോന്നോർ (മേരിമാത)
3) കിഴക്കേകണ്ണൻചിറ ഫ്രിന്റോ - പഴയന്നൂർ (ആലുവ)
4) കൊളമ്പ്രത്ത് ഡിക്സൻ - എറവ് (മേരിമാത)
5) മുരിങ്ങാത്തേരി ഗ്രിജോ - കിരാലൂർ (മേരിമാത)
6) പെട്ടയിൽ നോബിൾ - പട്ടിക്കാട് (മേരിമാത)
7) രായപ്പൻ ആന്റോ - കല്ലൂർ പടിഞ്ഞാറ്(മേരിമാത)
8) തണ്ടാശ്ശേരി കാനേഡിയൻ - ചേർപ്പ് (മേരിമാത)
9) താണിക്കൽ അനുവിൻ - കാരമുക്ക് (മേരിമാത)

**6. പാലയൂർ മഹാതീർത്ഥാടനം :**

ഈ വർഷത്തെ പാലയൂർ മഹാതീർത്ഥാടനം വിശ്വാസികളുടെ സാന്നിധ്യം കൊണ്ടും പ്രാർത്ഥനകൾ കൊണ്ടും വളരെ ശ്രദ്ധേയമായി. തീർത്ഥാടനവിജയത്തിനായി വളരെ ചിട്ടയായ ക്രമീകരണങ്ങൾ ചെയ്തിരുന്നു. ജനറൽ കൺവീനർ ഫാ. ജോസഫ് വൈക്കാടൻ, ജോ. ജനറൽ കൺവീനർ ഫാ. ജോയ്സൻ കോരേത്ത്, പാലയൂർ തീർത്ഥകേന്ദ്രം റെക്ടർ ഫാ. ജോസ് പുന്നോലിപറമ്പിൽ എന്നിവരുടെ നേതൃത്വത്തിൽ പ്രവർത്തിച്ച എല്ലാവർക്കും വിവിധ കമ്മറ്റിയംഗങ്ങൾക്കും മറ്റു സഹായസഹകരണങ്ങൾ നൽകിയവർക്കും പ്രത്യേകിച്ച് എല്ലാ ബഹു. വൈദികർക്കും തീർത്ഥാടനത്തിൽ പങ്കെടുത്ത എല്ലാ വിശ്വാസികൾക്കും പ്രത്യേക നന്ദി.

**7. അതിരൂപതാദിനം:**

ഈ വർഷത്തെ അതിരൂപതാദിനം മെയ് 20ന് പരി. വ്യാകുലമാതാവിൻ ബസിലിക്ക പള്ളിയിൽ വച്ച് നടത്തപ്പെടുന്നു. എല്ലാവരും സഹകരിക്കുമല്ലോ.

**8. സീറോ മലബാർ മേജർ ആർക്കിഎപ്പിസ്കോപ്പൽ അസംബ്ലി 2016:**

സീറോ മലബാർ മേജർ ആർച്ച്ബിഷപ്പ് കർദ്ദിനാൾ മാർ ജോർജ്ജ് ആലഞ്ചേരി സീറോ മലബാർ സഭയുടെ നാലാമത് അസംബ്ലി വിളിച്ചുചേർക്കുന്നു. 2016 ആഗസ്റ്റ് 25 മുതൽ 28 വരെ കൊടകര സഹൃദയ കോളേജിൽ വച്ചാണ് അസംബ്ലി നടത്തുന്നത്. 'ആധുനിക ലോകത്തിലെ വെല്ലുവിളികളും സഭയുടെ പ്രത്യുത്തരവും' എന്നതാണ് വിഷയം.

ഇടവകതലത്തിലും കുടുംബകൂട്ടായ്മതലത്തിലും പേജ് 7-ൽ കൊടുത്തിരിക്കുന്ന വിഷയങ്ങൾ ചർച്ച ചെയ്യുകയും വിലയിരുത്തലുകളും നിർദ്ദേശങ്ങളുമടങ്ങുന്ന റിപ്പോർട്ട് മെയ് 22ന് മുമ്പായി അതിരൂപത കാര്യാലയത്തിൽ സമർപ്പിക്കുകയും ചെയ്യുക.

**9. വൈദിക ഏകദിനസമ്മേളനം:**

ഏപ്രിൽ 18ന് രാവിലെ 10 മണിക്ക് ആരംഭിച്ച് ഉച്ചതിരിഞ്ഞ് 4 മണിക്ക് അവസാനിക്കുന്നു. ഈ സമ്മേളനത്തിൽ അതിരൂപതാ അസംബ്ലിയെ കുറിച്ചുള്ള ഉൾക്കാഴ്ചകളും നിർദ്ദേശങ്ങളും പങ്കുവയ്ക്കപ്പെടുന്നതാണ്. 2016 ആഗസ്റ്റിൽ നടക്കുന്ന സീറോമലബാർ മേജർ ആർക്കിഎപ്പിസ്കോപ്പൽ അസംബ്ലിയുടെ മാർഗ്ഗരേഖയും ചർച്ചചെയ്യുന്നതാണ്.

**10. മിഷൻ സൺഡെ കളക്ഷൻ:**

2016 ലെ മിഷൻ സൺഡെ കളക്ഷൻ 2016 ആഗസ്റ്റ് 31-നുള്ളിൽ അതിരൂപത ഫിനാൻസ് ഓഫീസിൽ ഏല്പിക്കേണ്ടതാണ്. ആഗസ്റ്റ് 31-നുള്ളിൽ മിഷൻ സൺഡെ കളക്ഷൻ കൊടുക്കുന്ന പള്ളികളും സ്ഥാപനങ്ങളും മാത്രമെ സമ്മാനത്തിനു പരിഗണിക്കപ്പെടുകയുള്ളൂ.

**11. വൈദികനിയമനം :**

1. ഫാ. ജേക്കബ് എടക്കളത്തൂർ - നടത്തുവികാരി ചെങ്ങാലൂർ; സാധുത 2016 ഫെബ്രുവരി 03 മുതൽ.
2. ഫാ. റാഫേൽ പുല്ലോക്കാരൻ - ദിവ്യബലിയർപ്പണം എസ്. എസ്. ജെ. ഡബ്ല്യു കോൺവെന്റ് കോളങ്ങാട്ടുകര കൂടി; സാധുത 2016 ഫെബ്രുവരി 03 മുതൽ.
3. ഫാ. സിജേഷ് വാതുക്കാടൻ CMI - സഹവികാരി എൽത്തുരുത്ത് ഒഴിവായി; സാധുത 2016 ജനുവരി 31 മുതൽ.
4. ഫാ. ജിജോ തട്ടിൽ CMI - സഹവികാരി എൽത്തുരുത്ത്; സാധുത 2016 ജനുവരി 31 മുതൽ.
5. ഫാ. സെൽജോ വെളിയന്നൂക്കാരൻ CMI - സഹവികാരി വരന്തരപ്പിള്ളി കിഴക്ക് ഒഴിവായി; സാധുത 2016 ജനുവരി 31 മുതൽ.
6. ഫാ. ബ്ലെസ്സൻ പെട്ടിക്കൽ CMI - സഹവികാരി വരന്തരപ്പിള്ളി കിഴക്ക്; സാധുത 2016 ജനുവരി 31 മുതൽ.
7. ഫാ. ജോസഫ് കണ്ണനായ്ക്കൽ SDV - പ്രീസ്റ്റ്-ഇൻ-ചാർജ്ജ് ചേരുംകുഴി; സാധുത

2016 ഫെബ്രുവരി 6 മുതൽ.

8. ഫാ. റിജോയ് തൈവളപ്പിൽ – പ്രീസ്റ്റ്-ഇൻ-ചാർജ്ജ് തങ്ങാലൂർ; സാധുത 2016 ഫെബ്രുവരി 14 മുതൽ മാർച്ച് 13 വരെ.

9. ഫാ. ബാസ്റ്റ്യൻ പുന്നോലിപറമ്പിൽ – നോട്ടറി കൂരിയ കൂടി; 2016 ഫെബ്രുവരി 15 മുതൽ.

10. ഫാ. വർഗ്ഗീസ് തരകൻ – അസി. ഡയറക്ടർ കുടുംബകൂട്ടായ്മ ഒഴിവായി; 2016 ഫെബ്രുവരി 19 മുതൽ.

11. ഫാ. ജോയ്സൻ കോരേത്ത് – അസി. ഡയറക്ടർ കാത്തലിക് കോൺഗ്രസ്സ് & കെ. സി. വൈ. എം. കൂടി; 2016 ഫെബ്രുവരി 19 മുതൽ.

12. ഫാ. ഷിജു ചിറ്റിലപ്പിള്ളി – അസി. ഡയറക്ടർ കുടുംബകൂട്ടായ്മ കൂടി; 2016 ഫെബ്രുവരി 24 മുതൽ.

13. ഫാ. മേജോ കോരേത്ത് – വൈസ് ചാൻസലറുടെ ഉത്തരവാദിത്വങ്ങളും മെത്രാപ്പോലീത്തൻ കോടതിയിലെ ഉത്തരവാദിത്വങ്ങളും തുടരുന്നതിന് അനുവാദം; സാധുത 2016 ഫെബ്രുവരി 3 മുതൽ.

14. ഫാ. ബിജു എൻ. വർഗ്ഗീസ് O.SS.T. – സഹായി പാലക്കൽ; സാധുത 2016 മാർച്ച് 1 മുതൽ മെയ് 31 വരെ.



**മാർ റാഫേൽ തട്ടിൽ**
അതിരൂപത സഹായമെത്രാൻ &
പ്രോട്ടോ-സിഞ്ചെല്ലൂസ്



# മെത്രാപ്പോലീത്തായുടെ പരിപാടികൾ

## April 2016

| Date | Day | Time | Programme |
|---|---|---|---|
| 01 | Fri | Morning | Curia Meeting |
| | | Evening | Holy mass at DBCLC - Vocation Camp |
| 02 | Sat | Morning | Cemetery Blessing at Mayannur |
| | | Afternoon | Golden Jubilee Holy Mass at LF College |
| 03 | Sun | Morning | Blessing of the Church - Puranattukara |
| 04 | Mon | Morning | Engaged |
| | | Afternoon | Brahamakulam - Auditorium Blessing |
| 05 | Tue | Morning | Curia Meeting, Tribunal Meeting |
| | | Afternoon | Chiralayam CMC Convent Holy Mass + Blessing |
| | | Evening | Finance council |
| 06 | Wed | Morning | Holy mass at minor seminary- Vocation Camp<br>Engaged |
| 07 | Thu | Morning | Jubilee Celebration of Fr. Sebastian Arackal at Pavaraty |
| | | Evening | Palliative Care Meeting |
| 08 | Fri | Morning | Holy Mass at Minor Seminary - Vocation Camp<br>Curia Meeting, For Priest and Religious |
| | | Afternoon | Catholicasabha Core Meeting |
| | | Evening | Holy Mass + Cemetery Blessing at Mannampetta |
| 09 | Sat | Afternoon | Vestition at Chettupuzha : SABS Congregation |
| | | Evening | Platinum Jubilee Meeting at Palakkal |
| 10 | Sun | Afternoon | Engaged |

| | | | |
|---|---|---|---|
| | | | Catholicasabha Promoters' Meet |
| 11 | Mon | | Out of station |
| 12 | Tue | Morning | Curia Meeting, For the people |
| | | Afternoon | Institution Directors' Meeting |
| | | Evening | Pala |
| 13 | Wed | | Pala |
| 14 | Thu | | One day Curia Meeting |
| 15 | Fri | Morning | Curia Meeting, Holy Mass at Animation Centre, Alagappanagar |
| | | Afternoon | Presbyteral Council |
| | | Evening | JMMC Trust Meeting |
| 16 | Sat | Morning | Holy Mass and Golden Jubilee - SABS Chettupuzha |
| | | Evening | Holy Mass at Basilica : LOAF Permanent Vows |
| 17 | Sun | | Pastoral Visit |
| 18 | Mon | | Priest's One Day Conference |
| 19 | Tue | | Curia meeting |
| 20 | Wed | | Engaged |
| 21 | Thu | | FOR THE PEOPLE |
| 22 | Fri | | Curia meetingFor priest and religious |
| 23 | Sat | Morning | Holy mass at Kuttur |
| | | Afternoon | Ordination at Pudukkad – Dn. Shijo Pottathuparambil ISch |
| 24 | Sun | | Pastoral Visit at Peramangalam |
| 25 | Mon | Morning | Consultors Meeting |
| | | Afternoon | Vestition at Chiyyaram |
| 26-29 | | | CBCI at Delhi |
| 30 | Sat | Morning | First Holy Communion at Basilica |
| | | | Pastoral Council |
| | | Afternoon | Holy Mass - Golden Jubilee Celebration at St Paul's |
| | | Evening | Viyyur - Conclusion of Bible convention |



# സഹായമെത്രാന്റെ പരിപാടികൾ

Apr.. 2016



| Date | Day | Time | Programme |
|---|---|---|---|
| 01 | FRI | Morning | Alagappa Nagar |
| | | Noon | Manjapra |
| | | Evening | Perakam-Grotto Blessing |
| 02 | SAT | Morning | Kolazhy |
| | | Noon | Dolour’s Basilica |
| | | | Catholica Sabha Homeday |
| | | Evening | Lourde Cathedral- Vocation week concluding |
| 03. | SUN | Morning | Edakkalathur –Parish Feast |
| | | Noon | Kuriachira |
| | | Evening | Thodupuzha- Divine Mercy Chapel |
| 04 | MON | Evening | Vylathoor- Parish Feast |
| | | | Brahmakulam- Parish Day |
| 05 | TUE | Morning | St. Mary’s Minor Seminary |
| | | Noon | St. Thomas College |
| | | Evening | Emmaus – KST Election |
| 06 | WED | Morning | Cherumkuzhy- Priestly Ordination |
| 07-30 | THU | | Europe |

# നാളാഗമം

## ഫെബ്രുവരി 2016

1. അഭിവന്ദ്യ താഴത്ത് പിതാവ് ഭരത ഇടവകയിൽ ജൂബിലി സമാപനത്തോട് അനുബന്ധിച്ച് വി. ബലി അർപ്പിക്കുകയും കപ്പേള ആശീർവാദകർമ്മം നടത്തുകയും ചെയ്തു.
2. അഭിവന്ദ്യ തട്ടിൽ പിതാവ് പീച്ചിയിലെ സിസ്റ്റേഴ്സ് ഓഫ് ദി സെന്റ് ജോസ്ഫ് വർക്കേഴ്സിന്റെ ഭവനം സന്ദർശിച്ച് വി. ബലി അർപ്പിച്ചു.
3. അഭിവന്ദ്യ താഴത്ത് പിതാവ് ഡി. ബി. സി. എൽ സിയിൽ വെച്ച് നടന്ന സെമിനാറിൽ പങ്കെടുത്തു. അഭിവന്ദ്യ തട്ടിൽ പിതാവ് അട്ടപ്പാടി സെഹിയോൻ ധ്യാനകേന്ദ്രത്തിൽ വൈദികർക്കായി നടത്തിയ ധ്യാനത്തിൽ പ്രഭാഷണം നടത്തി.
4. കാഞ്ഞിരപ്പിള്ളി രൂപതയുടെ പുതിയ സഹായമെത്രാനായി നിയമിതനായ ബിഷപ്പ് ജോസ് പുളിക്കൽ പിതാവിന്റെ മെത്രാഭിഷേക ചടങ്ങിൽ അഭിവന്ദ്യ പിതാക്കന്മാർ പങ്കെടുത്തു.
5. അഭിവന്ദ്യ താഴത്ത് പിതാവ് സാന്ത്വനത്തിന്റെ നേതൃത്വത്തിൽ മറ്റം ഇടവകയിൽ നിർമ്മിക്കുന്ന വീടുകൾക്ക് തറകല്ലിട്ടു. അഭിവന്ദ്യ തട്ടിൽ പിതവ് പേരാമംഗലം ഇടവകയുടെ വിജയമാതാ കോളേജിന്റെ കോളേജ് ഡേ ആഘോഷങ്ങളിൽ പങ്കെടുത്തു.
6. അഭിവന്ദ്യ താഴത്ത് പിതാവ് സി. എം. സി സന്യാസസമൂഹത്തിന്റെ 150-ാം സ്ഥാപിതവർഷത്തിന്റെ ഭാഗമായി കൂനമാവിൽ വച്ച് നടത്തിയ 150 സിസ്റ്റേഴ്സിന്റെ നിത്യവ്രതവാഗ്ദാന ചടങ്ങിൽ പങ്കെടുത്തു,
8. അഭിവന്ദ്യ താഴത്ത് പിതാവ് വിഭൂതിയോടനുബന്ധിച്ച് ലൂർദ്ദ് കത്തീഡ്രൽ ദൈവാലയത്തിൽ ദിവ്യബലി അർപ്പിച്ചു. പാലയൂർ വ്രതാരംഭ കൂട്ടായ്മ ഉദ്ഘാടനം ചെയ്തു.
10. അഭിവന്ദ്യപിതാക്കന്മാർ ഡി.ബി. സി.എൽ സിയിൽ നടത്തിയ വൈദികരുടെ മാസധ്യാനത്തിൽ പങ്കെടുത്തു. അഭിവന്ദ്യ താഴത്ത് പിതാവ് വൈകീട്ട് ആലുവ സെന്റ് ജോസഫ് സെമിനാരി സന്ദർശിച്ചു.
11. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ ആലുവ സെന്റ് ജോസഫ് സെമിനാരിയിൽ വി. ബലി അർപ്പിച്ചു. ശേഷം ഡൽഹിയിലേയ്ക്ക് പോയി. അഭിവന്ദ്യ തട്ടിൽ പിതാവ് കരുണാവർഷത്തിന്റെ ഭാഗമായി പി.ഒ. സി.യിൽ നടത്തിയ സന്യാസസമൂഹസമ്മേളത്തിൽ പങ്കെടുത്ത് സംസാരിച്ചു. ഉച്ചതിരിഞ്ഞ് പീച്ചി പള്ളിയിൽ ലൂർദ്ദ്മാതാവിന്റെ തിരുനാളിനോടനുബന്ധിച്ച് വി. ബലി അർപ്പിച്ചു.
12. അഭിവന്ദ്യ തട്ടിൽ പിതാവ് കുരിയച്ചിറ സെന്റ് ജോസഫ്് സ്ക്കൂളിന്റെ

ചാപ്പൽ വെഞ്ചരിച്ച് വി. ബലി അർപ്പിച്ചു. വൈകീട്ട് മൈനർ സെമിനാരിയിൽ ഡിഗ്രി പഠിക്കുന്ന സെമിനാരിക്കാർക്ക് മാസധ്യാന ചിന്ത പങ്കുവെച്ചു. തുടർന്ന് പാലയൂർ മഹാതീർത്ഥാടനത്തിനോടനുബന്ധിച്ച് നടത്തുന്ന ജാഗരണ പദയാത്രയുടെ ഉദ്ഘാടനം നടത്തി.

13. അഭിവന്ദ്യ തട്ടിൽ പിതാവ് പെരിങ്ങോട്ടുകര ഇടവകയിൽ വി. ബലി അർപ്പിച്ചു. തുടർന്ന് ചങ്ങാനാശ്ശേരി രൂപതയുടെ രൂപതാ കൺവെൻഷനിൽ പങ്കെടുത്ത് ധ്യാനചിന്തകൾ പങ്കുവെച്ചു.
14. അഭിവന്ദ്യ താഴത്ത് പിതാവ് കൊട്ടേക്കാട് ഫൊറോനയിലെ കുടുംബകൂട്ടായ്മ സംഗമം ഉദ്ഘാടനം ചെയ്തു. തുടർന്ന് വലപ്പാട് ദർശന സഭയുടെ രൂപത കൺവെൻഷനിൽ പങ്കെടുത്തു. അഭിവന്ദ്യ തട്ടിൽ പിതാവ് ഒല്ലൂക്കര ഇടവകയിലെ വൈദികമന്ദിരം വെഞ്ചരിച്ചു. ഉച്ചതിരിഞ്ഞ് സെന്റ് തോമസ് കോളേജിൽ ബോട്ടണി വിഭാഗത്തിന്റെ മെറിറ്റ് ഡേ യിൽ പങ്കെടുത്തു. ശേഷം ഗോവയിലേയ്ക്ക് യാത്ര പോയി.
16. അഭിവന്ദ്യ താഴത്ത് പിതാവ് കാലത്ത് മേരിമാത സെമിനാരിയിൽ ദിവ്യബലി അർപ്പിച്ചു.
17. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ പുത്തൻപള്ളിയിൽ കുമ്പസാരിപ്പിച്ചു.
18. അഭിവന്ദ്യ താഴത്ത് പിതാവ് കാലത്ത് മൈനർ സെമിനാരിയിൽ ദിവ്യബലി അർപ്പിച്ചു. തുടർന്ന് ജൂബിലി നേഴ്സിംഗ് കോളേജിൽ ബിരുദ ദാന ചടങ്ങിൽ പങ്കെടുത്തു.
19. അഭിവന്ദ്യ താഴത്ത് പിതാവ് വൈകീട്ട് ഒളരിക്കര ഇടവകയിൽ പോപ്പുലർ മിഷ്യൻ ധ്യാനത്തിന്റെ സമാപനചടങ്ങിൽ പങ്കെടുത്ത് സന്ദേശം നൽകി.
20. അഭിവന്ദ്യ താഴത്ത് പിതാവ് ആർച്ച് ബിഷപ്പ് ഹൗസിൽ തദേശ സ്വയം ഭരണസ്ഥാപനങ്ങളിലേക്ക് തെരഞ്ഞെടുപ്പിലൂടെ വിജയിച്ചവരെ അനുമോദിക്കുന്ന യോഗത്തിൽ പങ്കെടുത്തു. അഭിവന്ദ്യ തട്ടിൽ പിതാവ് വൈകീട്ട് എറണാകുളം എമ്മാവൂസിൽ നടത്തപ്പെട്ട ധ്യാനത്തിൽ പങ്കെടുത്ത് സമാപന സന്ദേശം നൽകി.
21. അഭിവന്ദ്യ താഴത്ത് പിതാവ് മരോട്ടിച്ചാൽ ഇടവകയിൽ ഇടയസന്ദർശനം നടത്തി. അഭിവന്ദ്യ തട്ടിൽ പിതാവ് തയ്യൂർ ഇടവക സന്ദർശിച്ച് വി. ബലി അർപ്പിച്ചു. ഉച്ചതിരിഞ്ഞ് മൂണ്ടുർ എഫ്. സി. സി മഠം ത്തിൽ സി. ട്രസാന്റോ എഫ്. സി. സിയുടെ മൃതസംസ്ക്കാരശുശ്രൂഷ നടത്തി.
22. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ വേലൂർ ഫൊറോനയുടെ കീഴിൽ നടത്തിയ പറോക്ക് ട്രയിനിംഗ് പ്രോഗ്രാമിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് ഇരിഞ്ഞാലക്കുട രൂപത അമ്പഴക്കാട് ഇടവക ഫാ. തോമസ് മേനാച്ചേരിയുടെ മൃതസംസ്ക്കാര ശുശ്രൂഷയിൽ പങ്കെടുത്തു. വൈകീട്ട് തലോർ ധ്യാനകേന്ദ്രത്തിൽ ജൂബിലി നേഴ്സിംഗ് വിദ്യാർത്ഥികൾക്കായി നടത്തിയ ധ്യാനത്തിൽ പങ്കെടുത്തു സന്ദേശം നൽകി. അന്നേദിവസം

അഭിവന്ദ്യ പിതാക്കന്മാർ വികാരി ജനറാൾ മോൺ. ജോർജ്ജ് കോമ്പാറ അച്ചന്റെ പിതാവിന്റെ മൃതസംസ്ക്കാരശുശ്രൂഷയിൽ പങ്കെടുത്തു.

24. അഭിവന്ദ്യ താഴത്ത് പിതാവ് ലൂർദ്ദ് കത്തീഡ്രലിൽ നടത്തപ്പെട്ട അഭിഷേകാഗ്നി കൺവെൻഷൻ ഉദ്ഘാടനം ചെയ്തു. അഭിവന്ദ്യ തട്ടിൽ പിതാവ് വേലൂർ ഫൊറോനയുടെ കീഴിൽ നടത്തിയ പറോക്ക് ട്രയിനിംഗ് പ്രോഗ്രാമിന്റെ സമാപന യോഗത്തിൽ പങ്കെടുത്തു.
25. അഭിവന്ദ്യ താഴത്ത് പിതാവ് വൈകീട്ട് തലോർ ധ്യാനകേന്ദ്രത്തിൽ ജൂബിലി നേഴ്സിംഗ് വിദ്യാർത്ഥികൾക്കായി നടത്തിയ ധ്യാനത്തിൽ പങ്കെടുത്തു സന്ദേശം നൽകി. അഭിവന്ദ്യ തട്ടിൽ പിതാവ് വാടാനപ്പിള്ളി ഇടവകയുടെ സ്ക്കുൾ വാർഷികാഘോഷത്തിൽ പങ്കെടുത്തു.
26. അഭിവന്ദ്യ താഴത്ത് പിതാവ് സെന്റ് മേരീസ് കോളേജിന്റെ വാർഷികാഘോഷത്തിൽ പങ്കെടുത്തു. അഭിവന്ദ്യ തട്ടിൽ പിതാവ് സെന്റ് തോമസ് കോളേജിൽ വെച്ച് നടത്തിയ നാഷണൽ സയൻസ് ഡേ യുടെ ഉദ്ഘാടനം നടത്തി.
27. അഭിവന്ദ്യ താഴത്ത് പിതാവ് കുറുമാൽ ധ്യാനകേന്ദ്രത്തിൽ വി. ബലി അർപ്പിച്ച് സന്ദേശം നൽകി. ഉച്ചതിരിഞ്ഞ് പോപ്പ് പോൾ മേഴ്സിംഗ് ഹോമിന്റെ കുടുംബദിനത്തിൽ പങ്കെടുത്തു. അഭിവന്ദ്യ തട്ടിൽ പിതാവ് രാവിലെ ബാംഗ്ളൂർക്ക് പോയി.
28. അഭിവന്ദ്യ താഴത്ത് പിതാവ് വെള്ളറക്കാട് ഇടവകയിൽ ഇടയസന്ദർശനം നടത്തി. അഭിവന്ദ്യ തട്ടിൽ പിതാവ് രാവിലെ വരാക്കര നോർത്ത് ഇടവകയിൽ വി. ബലി അർപ്പിച്ച് അഭയം പാലിയേറ്റീവ് കെയറിന്റെ ഉദ്ഘാടനം നിർവഹിച്ചു. ഗാഗുൽത്താ ധ്യാനകേന്ദ്രത്തിൽ കൺവെൻഷന്റെ സമാപനത്തിനോടനുബന്ധിച്ച് ദിവ്യബലി അർപ്പിച്ചു സന്ദേശം നൽകി. വൈകീട്ട് ലൂർദ്ദ് കത്തീഡ്രലിൽ അഭിഷേകാഗ്നി കൺവെൻഷനിൽ സമാപനസന്ദേശം നൽകി.
29. അഭിവന്ദ്യ താഴത്ത് പിതാവ് സി. ബി. സി. ഐ യിൽ പങ്കെടുക്കാൻ ബാംഗ്ലൂർക്ക് പോയി. അഭിവന്ദ്യ തട്ടിൽ പിതാവ് രാവിലെ മേരിമാത സെമിനാരിയിൽ വി. ബലി അർപ്പിച്ചു. ഉച്ചതിരിഞ്ഞ് ഹോളിഫാമിലി സന്യാസസമൂഹത്തിന്റെ ജനറലേറ്റിൽ വെച്ച് നിത്യവ്രതത്തിനൊരുങ്ങുന്ന സന്യാസിനികൾക്ക് ആത്മീയ ഉപദേശം നൽകി.

# സാമ്പത്തിക കാര്യാലയം

### 1. മാർ കുണ്ടുകുളം ട്രസ്റ്റ്

മാർ കുണ്ടുകുളം ട്രസ്റ്റിൽ നിന്ന് ഈ സാമ്പത്തികവർഷം (2016 ഏപ്രിൽ മുതൽ 2017 മാർച്ച് വരെ) വിവാഹ സഹായമായി 5000 രൂപ ലഭിക്കാവുന്ന പള്ളികൾ അതിരൂപത ഡയറക്ടറിയിലെ (2012) പള്ളികളുടെ ലിസ്റ്റിൽ അടാട്ട് മുതൽ കിള്ളിമംഗലം വരെയും തോന്നൂർക്കര മുതൽ വടക്കാഞ്ചേരി (1 മുതൽ 82 വരെയും 214 മുതൽ 250 വരെയുമാണ്)

### 2. സി. എ. ഓഡിറ്റ്

2015-2016 വർഷത്തെ കണക്കുകൾ മെയ് 23-ാം തിയ്യതി മുതൽ ആർച്ച്ബിഷപ് ഹൗസിൽ വെച്ച് സി.എ. ഓഡിറ്റ് നടത്തപ്പെടുന്നു. ഇനിയും ഏതെങ്കിലും ഇടവകകൾ ബിഷപ്സ് ഹൗസിൽ വെച്ച് സി.എ. ഓഡിറ്റ് നടത്താൻ ആഗ്രഹിക്കുന്നുവെങ്കിൽ ഏപ്രിൽ 10-ാം തിയതിക്കുമുമ്പ് ഫൈനാൻസ് ഓഫീസിൽ അറിയിക്കുവാൻ താൽപ്പര്യപ്പെടുന്നു.

### 3. കൺകറന്റ് ഓഡിറ്റ്

നമ്മുടെ അതിരൂപതയിലെ എല്ലാ സ്ഥാപനങ്ങളിലും ഇപ്പോൾ കൺകറന്റ് ഓഡിറ്റ് സമ്പ്രദായം വളരെ വിജയപ്രദമായി നടന്നുകൊണ്ടിരിക്കുന്നുണ്ട്. കൺകറന്റ് ഓഡിറ്റ് ഫൊറോന പള്ളികളിലേക്കും കൺസ്ട്രക്ഷൻ നടക്കുന്ന പള്ളികളിലേക്കും കൂടി വ്യാപിപ്പിക്കുവാൻ ഈയിടെ തീരുമാനിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ പള്ളികളിലേക്ക് കത്തുകൾ അയച്ചിട്ടുണ്ട്. കത്ത് കിട്ടിയ പള്ളികൾ കത്തിനോടൊപ്പം അയച്ചിട്ടുള്ള ഫോമുകൾ ദയവായി പൂരിപ്പിച്ചു വയ്ക്കുക. കൺകറന്റ് ഓഡിറ്റേഴ്സ് പള്ളികളുമായി ബന്ധപ്പെട്ട് ഓഡിറ്റ് നടത്തുവാൻ അടുത്ത് തന്നെ വരുന്നതാണ്. അവർക്ക് വേണ്ട സഹകരണം കൊടുക്കാവൻ പ്രത്യേകം അഭ്യർത്ഥിക്കുന്നു.

### 1. വരവ് ചെലവ് കണക്കുകൾ ഫെബ്രുവരി 2016

| നമ്പർ | പേര് | ദുഃഖ വെള്ളി | പെസഹാ വ്യാഴം | മിഷൻ ഞായർ |
|---|---|---|---|---|
| 1. | ഇരവിമംഗലം | 3434 | - | 8343 |
| 2. | കുണ്ടന്നൂർ | - | - | 31190 |
| 3. | മഞ്ഞക്കുന്ന് | - | - | 4650 |
| 4. | മായന്നൂർ | - | - | 15330 |
| 5. | നെഹ്റുനഗർ | - | - | 71605 |

| | | | | |
|---|---|---|---|---|
| 6. | പനമുക്ക് | 3000 | 4000 | 7000 |
| 7. | പൂങ്കുന്നം | - | 8100 | |
| 8. | വിജയപുരം | 17157 | 10456 | |

| നമ്പർ | സഭാ ദിനം | പ്രത്യേക പിരിവ് | ഞായർ പിരിവ് |
|---|---|---|---|
| 1. പാത്രമംഗലം | 1500 | 1298 | 1062 |
| 2. അസ്സീസി മഠം, തൃശ്ശൂർ | | | 500 |

**5. മാർ കുണ്ടുകുളം ട്രസ്റ്റിൽ നിന്നും വിവാഹ സഹായം**

1. നെന്മണിക്കര - 5000
2. പൊറത്തൂർ - 5000

**6. സാമ്പത്തിക സഹായം**

1. റീജണൽ കോ-ഓർഡിനേഷൻ സെന്റർ ഭുവനേശ്വർ - 10000
2. ക്രിസ്തുരാജ പള്ളി, കാണ്ടമംഗലം - 25000

**7. അതിരൂപത സഹായ ഫണ്ട്**

1. ഭവന നിർമ്മാണം 10500
2. വിവാഹം 32000
3. ചികിത്സ 42800
4. വിദ്യാഭ്യാസം 7000

**8. ഫാ. സെബാസ്റ്റ്യൻ കുന്നത്ത് ട്രസ്റ്റ്**

1. ഭവനനിർമ്മാണം 25000
2. ചികിത്സ 60000

**ഫാ. ജോയ് മൂക്കൻ**
ഫൈനാൻസ് ഓഫീസർ

# വൈദികർ

## ജന്മദിനങ്ങൾ

| | |
|---|---|
| ഫാ. മനോജ് കീഴൂരുമുട്ടിക്കൽ | 02 |
| ഫാ. ആന്റോ ഒല്ലൂക്കാരൻ | 02 |
| ഫാ. ജീജോ വള്ളൂപ്പാറ | 04 |
| ഫാ. ജോർജ്ജ് ചെറുവത്തൂർ | 06 |
| ഫാ. ഫ്രാൻസിസ് നീലങ്കാവിൽ | 06 |
| ഫാ. സോബിൻ പായിക്കാട്ട് | 07 |
| ഫാ. ഇഗ്നേഷ്യസ് (ബിജു) നന്തിക്കര | 07 |
| ഫാ. ഷിജു ചിറ്റിലപ്പിള്ളി | 08 |
| ഫാ. ജോഷി പറോക്കാരൻ | 09 |
| ഫാ. വർഗ്ഗീസ് കരിപ്പേരി | 10 |
| ഫാ. റിഞ്ചോ ഓലപ്പുരക്കൽ | 11 |
| ഫാ. ജോയി അടമ്പുകുളം | 12 |
| ഫാ. ജോസഫ് പൂവ്വത്തൂക്കാരൻ | 13 |
| ഫാ. ലിജോ ജോസ് ചിരിയങ്കണ്ടത്ത് | 13 |
| ഫാ. മാത്യു കുറ്റിക്കോട്ടയിൽ | 14 |
| ഫാ. ജോൺ മുളക്കൽ | 14 |
| ഫാ. ജോസഫ് പുളിക്കൻ | 16 |
| ഫാ. തോമസ് വടക്കേത്തല | 16 |
| ഫാ. മാത്യു ചാക്കേരി | 16 |
| ഫാ. തോബിയാസ് ചാലക്കൽ | 17 |
| ഫാ. ഡൈജോ പൊറുത്തൂർ | 18 |
| ഫാ. സെബി ചിറ്റാട്ടുകര | 19 |
| ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത് | 19 |
| ഫാ. ആൻസിൽ ജോൺ വെള്ളറ | 19 |
| ഫാ. ഫ്രെഡറിക് എലുവത്തിങ്കൽ | 20 |
| ഫാ. വർഗ്ഗീസ് ഊക്കൻ | 22 |
| ഫാ. ജിജോ മുരിങ്ങാത്തേരി | 22 |
| ഫാ. ജോസ് പുലിക്കോട്ടിൽ | 24 |
| ഫാ. ജോബി കടപ്പൂരാൻ | 25 |
| ഫാ. സിൻസൺ എടക്കളത്തൂർ | 25 |
| ഫാ. ബിനോയ് ചിറ്റിലപ്പിള്ളി | 27 |
| ഫാ. ലോറൻസ് ഒലക്കേങ്കിൽ | 27 |
| ഫാ. മേജോ കോരെത് | 28 |
| ഫാ. റിജോയ് തൈവളപ്പിൽ | 28 |
| ഫാ. ജിയോ ചെറടായി | 28 |
| ഫാ. ആന്റണി മേച്ചേരി | 28 |
| ഫാ. ജോബ് വടക്കൻ | 29 |
| ഫാ. ജിന്റോ ചൂണ്ടൽ | 29 |
| ഫാ. സലീഷ് അറങ്ങാശ്ശേരി | 29 |
| ഫാ. ചാക്കോ നടക്കവേലിയിൽ | 30 |
| ഫാ. ഫ്രാൻസിസ് അറക്കൽ | 30 |
| ഫാ. ഫ്ളെർജിൻ തയ്യാലക്കൽ | 30 |

## നാമഹേതുകതിരുനാൾ

| | |
|---|---|
| ഫാ. ജോർജ്ജ് തോമസ് നിരപ്പുകാലയിൽ | 24 |
| ഫാ. ജിഫി മേക്കാട്ടുകുളം | 24 |
| ഫാ. ജോർജ്ജ് വടക്കേത്തല | 24 |
| ഫാ. വർഗ്ഗീസ് കൂത്തൂർ | 24 |
| ഫാ. പ്രദീപ് മാപ്രാണത്തുക്കാരൻ | 24 |
| ഫാ. വർഗ്ഗീസ് കാഞ്ഞിരത്തിങ്കൽ | 24 |
| ഫാ. സിജോ അരിക്കാട്ട് | 24 |
| ഫാ. ജോർജ്ജ് തേറാട്ടിൽ | 24 |
| ഫാ. മനോജ് കീഴൂരുമുട്ടിക്കൽ | 24 |
| ഫാ. ജോർജ്ജ് ചെറുവത്തൂർ | 24 |
| ഫാ. സോബിൻ പായിക്കാട്ട് | 24 |
| ഫാ. ജോഷി പറോക്കാരൻ | 24 |
| ഫാ. വർഗ്ഗീസ് കരിപ്പേരി | 24 |
| ഫാ. വർഗ്ഗീസ് ഊക്കൻ | 24 |

| | |
|---|---|
| ഫാ. ജിജോ മുരിങ്ങാത്തേരി | 24 |
| ഫാ. ജിന്റോ ചൂണ്ടൽ | 24 |
| ഫാ. ജോർജ്ജ് ചേലപ്പാടൻ | 24 |
| ഫാ. പ്രിൻസ് പിണ്ടിയാൻ | 24 |
| ഫാ. വർഗ്ഗീസ് തരകൻ | 24 |
| ഫാ. വർഗ്ഗീസ് കരിയാറ്റിൽ | 24 |
| ഫാ. ജസ്റ്റിൻതേക്കാനത്ത് | 24 |
| ഫാ. ഷാജൻ തേർമഠം | 24 |
| ഫാ. ജോജു ആളൂർ | 24 |
| ഫാ. ജെയ്സൻ പുന്നാശ്ശേരി | 24 |
| ഫാ. വർഗ്ഗീസ് മേലിട്ട് പാലത്തിങ്കൽ | 24 |
| ഫാ. ജോർജ്ജ് ചിറമ്മൽ | 24 |
| ഫാ. ജിയോ തരകൻ | 24 |
| ഫാ. ഡേവിസ് ചെറയത്ത് ജൂനിയർ | 24 |
| ഫാ. വർഗ്ഗീസ് എടക്കളത്തൂർ | 24 |
| മോൺ. ജോർജ്ജ് അക്കര | 24 |
| മോൺ. ജോർജ്ജ് മാനാടൻ | 24 |
| ഫാ. ജിയോചിരിയങ്കണ്ടത്ത് | 24 |
| ഫാ. ജോജു പൊറുത്തൂർ | 24 |
| ഫാ. മനോജ് താണിക്കൽ | 24 |
| മോൺ. ജോർജ്ജ് കോമ്പാറ | 24 |
| ഫാ. ജോർജ്ജ് എടക്കുളത്തൂർ | 24 |
| ഫാ. റോജോ എലുവത്തിങ്കൽ | 24 |
| ഫാ. ലിജോ ചാലിശ്ശേരി | 24 |
| ഫാ. ജോർജ്ജ് കണ്ണാത്ത് | 24 |
| ഫാ. ജോർജ്ജ് തേർമഠം | 24 |
| ഫാ. വർഗ്ഗീസ് പാലത്തിങ്കൽ | 24 |
| ഫാ. പ്രിന്റോ കുളങ്ങര | 24 |
| ഫാ. ജോമോൻ മുരിങ്ങാത്തേരി | 24 |

**അതിരൂപതയുടെ പ്രാർത്ഥനാശംസകൾ**

## ചരമദിനങ്ങൾ

| | |
|---|---|
| ഗീവർഗ്ഗീസ് പെരുമാട്ടിൽ | 25.04.1895 |
| യോഹന്നാൻ അമ്പൂക്കൻ | 19.04.1930 |
| തോമസ് മാളിയേക്കൽ | 16.04.1944 |
| മാത്യു കൊള്ളന്നൂർ | 27.04.1944 |
| ജോർജ്ജ് വാഴപ്പിള്ളി | 18.04.1962 |
| സെബാസ്റ്റ്യൻ തട്ടിൽ | 01.04.1963 |
| ജോസഫ് വലിയവീട്ടിൽ | 10.04.1972 |
| ജോൺ വാലികോടത്ത് | 24.04.1973 |
| അബ്രാഹം കിഴക്കൂടൻ | 28.04.1977 |
| സേവ്യർ അക്കര | 07.04.1978 |
| ഫ്രാൻസിസ് ബ്രഹ്മകുളം | 18.04.1982 |
| പോൾ കല്ലൂക്കാരൻ | 16.04.1983 |
| ജോൺ ചാലക്കൽ | 14.04.1991 |
| മോൺ. ജേക്കബ് അടമ്പുകുളം | 11.04.1993 |
| മോൺ. ഇഗ്നേഷ്യസ് ചാലിശ്ശേരി | 11.04.1997 |
| ഫ്രാൻസിസ് ചിറമ്മൽ | 18.04.1997 |

**അതിരൂപതയുടെ സ്മരണാഞ്ജലി**

# സന്യസ്തർ

## സി.ആർ.ഐ വാർത്തകൾ

01.02.2016 എസ്.എ.ബി.എസ്. കാരുണ്യവർഷത്തോടനുബന്ധിച്ച് ചേറ്റുപുഴ ഇടവകയിൽ ഹോം മിഷൻ ആരംഭിച്ചു. ഫാമിലി യൂണിറ്റ് അടിസ്ഥാനത്തിൽ സിസ്റ്റേഴ്സ് 10 ഭവനങ്ങൾ വീതം ഓരോ ദിവസവും സന്ദർശിക്കുകയും ഉച്ച കഴിഞ്ഞ് 3 മണി മുതൽ 4 മണി വരെ അവർക്കായി മഠം വക കപ്പേളയിൽ തിരുമണിക്കൂർ നടത്തി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

02.02.2016 എസ്.എ.ബി.എസ് : ചെത്തിമറ്റം ക്രിസ്തുജ്യോതി കൗൺസിലിംഗ് സെന്ററിൽ വച്ച് ജൂണിയർ സിസ്റ്റേഴ്സിനായി നടത്തുന്ന 2 മാസത്തെ Resilience Programme ൽ സി. ജിൽസി ജോൺ പുളിക്കൻ, സി. ഡാലി ജോസ് കൊടകശ്ശേരി എന്നിവർ സംബന്ധിക്കുന്നു.

03.02.2016 സി.എച്ച്.എഫ്. : നവജ്യോതി പ്രോവിൻസിലെ എല്ലാ മഠങ്ങളിലെയും സുപ്പീരിയർ, ട്രഷറർ, ഹെഡ്മിസ്ട്രസ്സ് എന്നിവർക്ക് പ്രൊവിൻഷ്യൽ സി.മേഴ്സി പോളിന്റെ നേതൃത്വത്തിൽ ഏകദിനസെമിനാർ നടത്തി.

എഫ്.സി.സി.: തൃശൂർ അസ്സീസി മഠത്തിന്റെ പുതിയ ചാപ്ലെയിനായി റവ. ഫാ. ജിയോ കടവി ചാർജ്ജെടുത്തു.

04.02.2016 സി.എച്ച്.എഫ്.: വടക്കാഞ്ചേരി St.Pious xth school ന്റെ വാർഷികാഘോഷപരിപാടിയിൽ നവജ്യോതി പ്രൊവിൻഷ്യൽ സി. മേഴ്സി പോൾ പങ്കെടുത്ത് അനുഗ്രഹപ്രഭാഷണം നടത്തി.

എഫ്.സി.സി.: ദേശീയതല കായികമേളയിൽ ലോങ്ജംപിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയ തൃശൂർ സെന്റ് ക്ലെയേഴ്സ് ഹൈസ്കൂളിലെ ഐറിൻ മരിയ ബിജുവിനെ അനുമോദിക്കുന്ന ചടങ്ങ് പ്രൊവിൻഷ്യൽ സുപ്പീരിയർ റവ.സി. റോസ് അനിത ഉദ്ഘാടനം ചെയ്തു.

എസ്.എ.ബി.എസ്.: പ്രൊവിൻഷ്യൽ സുപ്പീരിയർ ബ. മദർ ലിറ്റിൽ മരിയ തെക്കേക്കര നൊവീഷ്യറ്റ് ഹൗസിൽ നോവിസസിനെ സന്ദർശിച്ചു.

05.02.2016 സി.എം.സി.: ശതോത്തര സുവർണ്ണ ജൂബിലിസമാപനത്തിന്റെ കൃതജ്ഞതയായി എല്ലാ മഠങ്ങളിലും 13 മണിക്കൂർ ആരാധന നടത്തി.

06.02.2016 സി.എച്ച്.എഫ്. : ചേലക്കര NMLP School ന്റെ സുവർണ്ണജൂബിലിയും വാർഷികാഘോഷവും ഒന്നിച്ചു നടത്തിയ പരിപാടിയിൽ നവജ്യോതി പ്രൊവിൻഷ്യൽ സി.മേഴ്സി പോൾ, ആശംസകൾ നേർന്നു.

സി.എം.സി. : ശതോത്തര സുവർണ്ണ ജൂബിലിസമാപന ആഘോഷവും 150 ജൂനിയർ സിസ്റേറഴ്സിന്റെ നിത്യവ്രത വാഗ്ദാനവും സി എം സി യുടെ ആദ്യഭവനമായ കൂനമ്മാവ് മഠത്തിൽ വച്ച് നടത്തുകയും ധാരാളം സിസ്റേറഴ്സ് അതിൽ പങ്കെടുക്കുകയും ചെയ്തു.

07.02.2016 സി.എം.സി.: ആലുവ ജനറലേററിൽ വച്ച് ഫാദർ റെനി പുല്ലുകാലയിൽ നയിച്ച ഒരാഴ്ചത്തെ ധ്യാനത്തിൽ ജനറൽ, പ്രൊവിൻഷ്യൽ ടീം പങ്കുകൊണ്ടു.

08.02.2016 സി.എച്ച്.എഫ്.: ജനറലേറ്റിൽ, ജൂനിയറേറ്റ് കോഴ്സിലായിരിക്കുന്ന സിസ്റ്റേഴ്സിന് പ്രൊവിൻഷ്യൽ സി.മേഴ്സി പോൾ ഇന്റർവ്യു നടത്തി.

10.02.2016 എഫ്.സി.സി.: മണലാടി ഹോളി ഏയ്ഞ്ചൽസ് കോൺവെന്റ് ഇംഗ്ലീഷ് മീഡിയം സ്കൂളിന്റെ കല്ലിടൽകർമ്മം മഠം ചാപ്ലെയിൻ റവ. ഫാ. ചാക്കോ ചിറമ്മലിന്റെ കാർമ്മികത്വത്തിൽ നടത്തി. പ്രൊവിൻഷ്യൽ സുപ്പീരിയർ റവ.സി. റോസ് അനിതയും കൗൺസിലേഴ്സും ചടങ്ങിൽ സിഹിതരായിരുന്നു.

11.02.2016 എഫ്.സി.സി.: കാക്കനാട് മൗണ്ട് സെന്റ് തോമസിൽ വെച്ച് മേജർ സുപ്പീരിയേഴ്സിനായി നടന്ന മീറ്റിംഗിൽ സി. റോസ് അനിത പങ്കെടുത്തു.

സി.എസ്.എം.: സുപ്പീരിയർ ജനറലും പ്രൊവിൻഷ്യൽസും പി.ഒ.സി യിൽ വച്ചു നടന്ന കെ.സി.എം.എസ്. മീറ്റിംഗിൽ പങ്കെടുത്തു.

എസ്.എ.ബി.എസ്. പാലാരിവട്ടം പി.ഒ.സി. യിൽ നടന്ന KCMS മീറ്റിംഗിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ മദർ ലിറ്റിൽ മരിയ തെക്കേക്കര പങ്കെടുത്തു.

12.02.2016 എഫ്.സി.സി. 2016 ഫെബ്രുവരി 12-ാം തീയതി വൈകിട്ട് 6 pm മുതൽ 14-ാം തീയതി രാവിലെ വരെ തിരൂർ സിയോൻ റിന്യൂവൽ സെന്ററിൽ വെച്ച് നടന്ന മാസധ്യാനത്തിൽ എല്ലാ ജൂനിയർ സിസ്റ്റേഴ്സും സംബന്ധിച്ചു.

സി.എച്ച്.എഫ്. ചേലക്കര ലിസ്യു കോളേജിന്റെ സുവർണ്ണജൂബിലി ആഘോഷപരിപാടികളുടെ ഉദ്ഘാടനകർമ്മം നവജ്യോതി പ്രൊവിൻഷ്യൽ സി.മേഴ്സി പോൾ നിർവ്വഹിച്ച് ആശംസകൾ നേർന്നു.

13.02.2016 സി.എം.സി. സഭാസ്ഥാപനദിനവും കാരുണ്യദിനവും സംയുക്തമായി ആഘോഷിക്കുന്നതിന്റെ ഭാഗമായി തൃശ്ശൂർ സെന്റ് മേരീസ് കോളേജ് ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ച രക്തദാന ക്യാമ്പിൽ 25 സിസ്റ്റേഴ്സ് തങ്ങളുടെ രക്തം ദാനം ചെയ്തു.

എഫ്.സി.സി. : ഫെബ്രുവരി 13-ാം തീയതി പ്രൊവിൻഷ്യൽ, ലോക്കൽ വൊക്കേഷൻ പ്രൊമോട്ടേഴ്സ് അസ്സീസി പ്രൊവിൻഷ്യൽ വെച്ച്

ജാഗരണ പ്രാർത്ഥന നടത്തി.

എസ്.എ.ബി.എസ്. സി. ആൻമരിയ വടാശ്ശേരിയുടെ അപ്പച്ചന്റെ 25-ാം ചരമ വാർഷികദിന പരിപാടികളിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ മദർ ലിറ്റിൽ മരിയ തെക്കേക്കര, കൗൺസിലർ സി. മാർഗരറ്റ് കൊള്ളന്നൂർ എന്നിവർ പങ്കെടുത്തു.

14.02.2016 സി.എച്ച്.എഫ്.: കുഴിക്കാട്ടുശ്ശേരി മറിയംത്രേസ്യ തീർത്ഥകേന്ദ്രത്തിൽ നടത്തിയ അഭിഷേകാഗ്നി കൺവെൻഷനിൽ നവജ്യോതി പ്രൊവിൻഷ്യൽ സി.മേഴ്സി പോളും കൗൺസിലും,സിസ്റ്റേഴ്സും പങ്കെടുത്തു.

15.02.2016 എഫ്.സി.സി.: ബാംഗ്ലൂരിൽ വെച്ച് നടന്ന ഫ്രാൻസിസ്കൻ സംഘടനയായ AFFI യുടെ ദേശീയതല മേജർ സുപ്പീരിയേഴ്സ് കോൺഫറൻസിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ സി. റോസ് അനിത പങ്കെടുത്തു.

20.02.2016 സി.എച്ച്.എഫ്.: ദൈവദാസൻ ജോസഫ് വിതയത്തിൽ അച്ചനെ ധന്യപദവിയിലേയ്ക്ക് ഉയർത്തിയതിനോടനുബന്ധിച്ച് കുഴിക്കാട്ടുശ്ശേരി മറിയംത്രേസ്യ തീർത്ഥകേന്ദ്രത്തിൽ നടത്തിയ പൊതുസമ്മേളനത്തിലും, കൃതജ്ഞതാബലിയിലും നവജ്യോതി പ്രൊവിൻഷ്യൽ സി.മേഴ്സി പോളും കൗൺസിലും, സിസ്റ്റേഴ്സും പങ്കെടുത്തു.

എഫ്.സി.സി.: ഫെബ്രുവരി മാസത്തെ ഉപവാസ പ്രാർത്ഥനാസമ്മേളനം 20-ാം തീയതി ശനിയാഴ്ച മമ്മിയൂർ നസ്രത്ത് ഭവനത്തിൽ വെച്ച് നടന്നു.

21.02.2016 സി.എച്ച്.എഫ്.: ഹോളി ഫാമിലി ജനറലേറ്റിൽ ജനറൽ പ്ലീനറി കൗസിൽ മീറ്റിങ്ങും, ജനറൽ, പ്രൊവിൻഷ്യൽ കൗൺസിൽ മീറ്റിങ്ങും നടത്തി.

സി.എം.സി.: ആസ്പിരൻസി കാലഘട്ടം പൂർത്തിയാക്കി 15 അർത്ഥിനികൾ വാർദ്ധയിൽ നിന്ന് തിരിച്ചെത്തി.

22.02.2016 തൃശ്ശൂർ അതിരൂപത വികാർ ജനറാൾ മോ. ജോർജ്ജ് കോമ്പാറയുടെ അപ്പന്റെ മരണവാർത്തയറിഞ്ഞ് വിവിധ സന്യാസ സമൂഹങ്ങളിലെ മേജർ സുപ്പീരിയേഴ്സും മറ്റ് അംഗങ്ങളും മൃതദേഹം സന്ദർശിച്ച് പ്രാർത്ഥിച്ചു.

24.02.2016 എഫ്.സി.സി.: ഫെബ്രുവരി 24-ാം തീയതി രണ്ടാം വർഷ നോവീസസിന് ചെമ്മണ്ണൂർ ഇടവകയിൽ എക്സ്പോഷർ പ്രോഗ്രാം ആരംഭിച്ചു.

സി.എം.സി.: ഈ വർഷം ഔദ്യോഗിക രംഗത്തുനിന്ന് വിരമിക്കുന്ന അധ്യാപിക - അനധ്യാപകർക്കായി കോലഴി പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് ഹൃദ്യമായ യാത്രാമംഗളം ആശംസിച്ചു.

എസ്.എ.ബി.എസ്. പ്രൊവിൻഷ്യൽ സുപ്പീരിയർ മദർ ലിറ്റിൽ മരിയ തെക്കേക്കര നൊവീഷ്യേറ്റ് ഹൗസിൽ ആദ്യവ്രതത്തിന് ഒരുങ്ങുന്ന നോവിസസിനെ സന്ദർശിച്ച് അവർക്ക് വേണ്ട ആത്മീയ ഉപദേശങ്ങൾ നൽകി.

സി.എച്ച്.എഫ്.: നവജ്യോതി പ്രോവിൻഷ്യൽ ഹൗസിൽ സി. പ്രൊവിൻഷ്യലിന്റെ നേതൃത്വത്തിൽ ജൂനിയർ സിസ്റ്റേഴ്സിന് കോഴ്സ് നടത്തി.

എഫ്.സി.സി.: ഫെബ്രുവരി 27-ാം തീയതി ശനിയാഴ്ച 10 am മുതൽ 4 pm വരെ ലോക്കൽ സുപ്പീരിയേഴ്സിന് അസ്സീസി പ്രൊവിൻഷ്യൽ ഹൗസിൽ വെച്ച് കോൺഫറൻസ് നടത്തുകയുണ്ടായി.

എസ്.എ.ബി.എസ്. പാലയൂർ സെന്റ് തോമസ് സ്ക്കൂളിലെ, സുദീർഘമായ സേവനത്തിനുശേഷം തന്റെ അദ്ധ്യാപനശുശ്രൂഷയിൽ നിന്നും ഔദ്യോഗികമായി വിരമിക്കുന്ന സി. ആൻസി കോളാട്ടുകുടിയുടെ യാത്രയയപ്പ് സമ്മേളനത്തിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ മദർ ലിറ്റിൽ മരിയ തെക്കേക്കര പങ്കെടുത്ത് ആശംസകൾ അർപ്പിച്ചു.

28.02.2016 എസ്.എ.ബി.എസ്.: ചേറ്റുപുഴ പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് സുപ്പീരിയേഴ്സ് കോഫ്രൻസ് നടന്നു.

**ആദരാജ്ഞലികൾ**



07.02.2016 എഫ്. സി. സി. വെങ്ങിണിശ്ശേരി പി. എച്ച് ഭവനാംഗമായ ബ. എൽവീരമ്മ ഫെബ്രുവരി 7-ാം തീയതി രാവിലെ 9.45 ന് ദൈവസിധിയിലേക്ക് വിളിക്കപ്പെട്ടു. 8-ാം തീയതി 9.30 ന് തൃശൂർ അതിരൂപത വികാരി ജനറാൾ മോ. തോമസ് കാക്കശ്ശേരിയുടെ മുഖ്യ കാർമ്മികത്വത്തിൽ വെങ്ങിണിശ്ശേരി മഠം ചാപ്പലിനോട് ചേർന്നുള്ള കല്ലറയിൽ അമ്മയുടെ മൃതദേഹം സംസ്ക്കരിച്ചു.



20.02.2016 എഫ്. സി. സി. അമല മേരി റാണി ഭവനാംഗമായ ബ. സി. ട്രിസാന്റോ ഫെബ്രുവരി 20-ാം തീയതി രാവിലെ 11.30 ന് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. 21-ാം തീയതി 3 മണിക്ക് തൃശൂർ അതിരൂപത സഹായമെത്രാൻ അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ പിതാവിന്റെ പ്രധാന കാർമ്മികത്വത്തിൽ മുണ്ടൂർ മഠം ചാപ്പലിനോട് ചേർന്നുള്ള കല്ലറയിൽ സിസ്റ്ററിന്റെ മൃതദേഹം സംസ്കരിച്ചു.

**സി. ജോസഫൈൻ പാലത്തിങ്കൽ** SABS
സി.ആർ.ഐ. സെക്രട്ടറി

# സ്ഥാപനങ്ങൾ

Ph : 2320828, 2333245

## മതബോധനകേന്ദ്രം

http://catechismtrichur.blogspot.in

## മതബോധന വിദ്യാർത്ഥികൾക്ക് അഭിവന്ദ്യ മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ കത്ത്

**കുട്ടികൾക്കുള്ള കത്ത് - ഏപ്രിൽ 2016**

സ്നേഹമുള്ള കുഞ്ഞുമക്കളേ,

പരീക്ഷകൾ കഴിഞ്ഞ് നിങ്ങൾ മധ്യവേനലവധിയിലേക്ക് പ്രവേശിച്ചിരിക്കുകയാണല്ലോ. നിങ്ങളുടെ പരീക്ഷകൾ എളുപ്പമായിരുന്നുവെന്ന് ഞാൻ പ്രതീക്ഷിക്കട്ടെ. നിങ്ങളുടെ വിജയത്തിനുവേണ്ടി ഞാൻ പ്രത്യേകം പ്രാർത്ഥിക്കുന്നുണ്ട്.

അവധിക്കാലം സന്തോഷത്തിന്റെയും വിനോദത്തിന്റെയും വിശ്രമത്തിന്റെയും കാലഘട്ടമാണ്. വെറുതെ സമയം പാഴാക്കാനുള്ള കാലഘട്ടമല്ല. ഏറ്റവും നല്ല രീതിയിൽ ഈ ഒഴിവുകാലം ഉപയോഗിക്കുവാൻ നിങ്ങൾ പരിശ്രമിക്കണം. ഏതാനും ചില നിർദ്ദേശങ്ങൾ നിങ്ങൾക്കു മുമ്പിൽ സമർപ്പിക്കുന്നു.

1. പഠനത്തിന്റെയും പരീക്ഷകളുടെയും തിരക്കുകളിൽ നിന്നു മാറി കൂടുതൽ വിശ്രമിക്കുകയും നവോന്മേഷം സ്വീകരിക്കുകയും ചെയ്യാനുള്ള കാലമാണിത്. അതിനാൽ നിങ്ങൾക്കിഷ്ടപ്പെട്ട കായികവിനോദങ്ങളിൽ ഏർപ്പെടുവാനും ഉറങ്ങുവാനും നിങ്ങൾ ശ്രമിക്കണം. ഒപ്പം നിങ്ങളുടെ കലാഭിരുചികൾ വളർത്താനും പറ്റിയ അവസരമാണ്. ഇതിന് ഉപയുക്തമായ രീതിയിൽ നിങ്ങൾത്തന്നെ നിങ്ങളുടെ വെക്കേഷൻ ടൈംടേബിൾ ഉണ്ടാക്കണം.

2. ഇത് കുടുംബബന്ധങ്ങൾ ഊട്ടിയുറപ്പിക്കാനുള്ള അവസരമാണ്. മാതാപിതാക്കളോടും സഹോദരങ്ങളോടുമൊപ്പം കൂടുതൽ സമയം ചെലവഴിക്കാൻ പരിശ്രമിക്കണം. സദാസമയം ടി. വി. യുടെയും കമ്പ്യൂട്ടറിന്റെയും മുമ്പിൽ ചെലവഴിക്കാതെ മറ്റുള്ളവരോട് സല്ലപിക്കാൻ നമുക്ക് സാധിക്കണം. അപ്പാപ്പൻ, അമ്മാമ്മ എന്നിവരോടുകൂടെ താമസിച്ച് അവരിൽ നിന്ന് നല്ല മാർഗനിർദ്ദേശങ്ങൾ സ്വീകരിക്കണം. അവർ നിങ്ങളെ കാണാൻ ആഗ്രഹിക്കുന്നുണ്ടെന്ന് അറിയാമല്ലോ.

3. ഫ്രാൻസിസ് മാർപ്പാപ്പ 'ലൗദാത്തോ സി' എന്ന അപ്പസ്തോലികലേഖനത്തിൽ ആഹ്വാനം ചെയ്തതുപോലെ പ്രകൃതി സ്നേഹം കൂടുതൽ പ്രകടിപ്പിക്കാനുള്ള അവസരമാണ് അവധിക്കാലം. ജൈവകൃഷി, പൂന്തോട്ടം, അടുക്കളത്തോട്ടം, മാലിന്യനിർമ്മാർജ്ജനം, ഗതാഗതനിയമങ്ങൾ തുടങ്ങിയവ പരിശീലിക്കാൻ പറ്റിയ കാലഘട്ടമാണ് അവധിക്കാലം.

4. ഫ്രാൻസിസ് മാർപ്പാപ്പ ആഹ്വാനം ചെയ്തതുപോലെ കരുണയുടെ ജൂബിലി വർഷത്തിൽ കാരുണ്യപ്രവർത്തികൾ ചെയ്യാൻ നിങ്ങൾ പരിശ്രമിക്കണം. നിങ്ങളുടെ ബന്ധുക്കളിൽ രോഗികളായവരെ കാണാനും ഏതെങ്കിലും ഒരു അനാഥഭവനം സന്ദർശിക്കാനും പരിശ്രമിക്കുമല്ലോ. 14 കാരുണ്യപ്രവൃത്തികൾ ഏവയെന്ന് മനസ്സിലാക്കുന്നത് നല്ലതാണ്.

5. പത്താം ക്ലാസ്സിലും പന്ത്രണ്ടാം ക്ലാസ്സിലും പഠിക്കുന്നവർ തങ്ങളുടെ ഭാവിജീവിതത്തെ കുറിച്ച് ചിന്തിക്കുകയും തീരുമാനങ്ങൾ എടുക്കുകയും ചെയ്യുന്ന സമയമാണിത്. നിങ്ങളെ കുറിച്ചുള്ള ദൈവത്തിന്റെ പദ്ധതി ഏതെന്ന് തിരിച്ചറിയാൻ പ്രത്യേകം പ്രാർത്ഥിക്കണം. മാതാപിതാക്കൾ, വൈദികർ, സമർപ്പിതർ എന്നിവരുടെ ഉപദേശങ്ങൾ ആരായണം. ദൈവം നിങ്ങളെ വൈദിക-സന്യാസാന്തസ്സുകളിലേക്ക് വിളിക്കുന്നുണ്ടെങ്കിൽ ആ വിളി ശ്രവിക്കാനും പ്രത്യേകം ശ്രദ്ധിക്കണം.

6. ആത്മീയവളർച്ചക്ക് സഹായകമായ കാലഘട്ടമാണ് ഒഴിവുകാലം. ഏപ്രിൽ, മെയ് മാസങ്ങളിൽ മുടങ്ങാതെ വി. കുർബാനയിൽ പങ്കെടുക്കാൻ എല്ലാവരും പരിശ്രമിക്കണം. മുടങ്ങാതെ വരുന്നവർക്ക് പ്രോത്സാഹനസമ്മാനങ്ങൾ പല ഇടവകകളിൽ നൽകുന്നതായി മനസ്സിലാക്കുന്നു. വളരെ നല്ല കാര്യമാണത്. വി. കുർബാനയെക്കുറിച്ചും

മറ്റു കൂദാശകളെക്കുറിച്ചും പ്രത്യേകം പഠിക്കാൻ നിങ്ങൾ പരിശ്രമിക്കണം. കൂദാശകൾ, കൂദാശാനുകരണങ്ങൾ, ആരാധനക്രമ കലണ്ടർ, വി. കുർബാനയുടെ വിവിധ ഭാഗങ്ങൾ, വി. കുർബാനയിലെ പ്രതീകങ്ങളും അടയാളങ്ങളും പള്ളിയുടെ ഘടന, തിരുവസ്ത്രങ്ങൾ തുടങ്ങിയവയെ കുറിച്ച് മനസ്സിലാക്കാൻ നിങ്ങൾ ശ്രമിക്കണം. ദൈവദർശന ക്യാമ്പിൽ നിങ്ങൾ സജീവമായി പങ്കെടുക്കുമല്ലോ. ഈ അവധിക്കാലത്ത് പ്രഥമദിവ്യകാരുണ്യം സ്വീകരിക്കുന്ന കുട്ടികൾക്ക് പ്രത്യേകം അനുമോദനങ്ങൾ. ദിവ്യകാരുണ്യ ഈശോ നിങ്ങളെ അനുഗ്രഹിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു.

അനുഗ്രഹദായകമായ ഒഴിവുകാലം ഞാൻ നിങ്ങൾക്ക് ആശംസിക്കുന്നു. ഉത്ഥിതനായ ഈശോ തന്റെ ആത്മാവിനെ അയച്ച് നിങ്ങളെ അനുഗ്രഹിക്കട്ടെ.

നിങ്ങളുടെ വത്സലപിതാവ്,

+ Andrews Thazhath

**മാർ ആൻഡ്രൂസ് താഴത്ത്**
തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

വേദോപദേശ പരീക്ഷയിൽ വിജയികളായ എല്ലാവരേയും അഭിനന്ദിക്കുന്നു. വിശ്വാസപരിശീലനം നൽകി ക്രിസ്തുവിനോട് ചേർന്നു നിൽക്കുവാൻ അവരെ പ്രോത്സാഹിപ്പിക്കുകയും സഹായിക്കുകയും ചെയ്യുന്ന മതാധ്യാപകർക്കും മാതാപിതാക്കന്മാർക്കും പ്രാർത്ഥനാശംസകൾ!

## 1. Std. XII, ACC വാർഷിക പരീക്ഷാഫലം

**ACC** പരീക്ഷാഫലം ഏപ്രിൽ 16 നും **Std. XII** പരീക്ഷാഫലം ഏപ്രിൽ 23 നും അതിരൂപതാ മതബോധനകേന്ദ്രത്തിന്റെ Blog-ൽ പ്രസിദ്ധീകരിക്കുന്നതാണ്. പ്രസിദ്ധീകരിക്കുമ്പോൾ പ്രധാനാധ്യാപകരെ **SMS** വഴി അറിയിക്കുന്നതാണ്.

**Blog Address:** http: //catechismtrichur.blogspot.in

## 2. Std. XII ഉത്തരക്കടലാസ്സ് പുനർ മൂല്യനിർണ്ണയം

ഉത്തരക്കടലാസ്സുകൾ വീണ്ടും മൂല്യനിർണ്ണയം ചെയ്യണമെന്ന് ആഗ്രഹിക്കുന്നവർ അപേക്ഷ നൽകേണ്ട അവസാന തിയതി മെയ് 2 ആണ്. ഫീസ് Rs. 100/-. ബഹു. വികാരിയച്ചന്റെയും ഹെഡ്മാസ്റ്ററുടേയും ശിപാർശയോടുകൂടി മതബോധന വിദ്യാർത്ഥി ആവശ്യമുള്ള വിവരങ്ങൾ സഹിതം (രജിസ്റ്റർ നമ്പർ, ഫോൺ നമ്പർ മുതലായവ) വെള്ളക്കടലാസ്സിൽ അപേക്ഷയെഴുതി മതബോധന ഓഫീസിൽ നല്കണം.

## 3. ACC Re-Examination - May 21 Saturday 2016

2016 ഫെബ്രുവരിയിലെ **ACC** വാർഷികപരീക്ഷയിൽ തോറ്റവർക്കും, പ്രസ്തുത പരീക്ഷയ്ക്ക് ഹാജരാകാൻ സാധിക്കാതിരുന്നവർക്കും, മാർക്കിൽ Improvement വേണമെന്നുള്ളവർക്കും വീണ്ടും പരീക്ഷയെഴുതാം. പരീക്ഷയ്ക്ക് മതബോധനകേന്ദ്രത്തിൽ രജിസ്റ്റർ ചെയ്യേണ്ട അവസാനതിയതി മെയ് 10. രജിസ്റ്റർ ചെയ്യുമ്പോൾ 2016 ഫെബ്രുവരിയിലെ വാർഷികപരീക്ഷയുടെ ഹാൾടിക്കറ്റ് കൊണ്ടുവരണം. പരീക്ഷാഫീസ് Rs. 60/-

**പരീക്ഷാവിവരങ്ങൾ:**

തിയതി : 2016 മെയ് 21

ദിവസം : ശനി

സമയം : 01.30 PM - 04.30 PM
സ്ഥലം : മതബോധനകേന്ദ്രം, DBCLC, തൃശൂർ
പാഠം : 2015-2016 അധ്യയനവർഷത്തെ ACC സിലബസ്

**4. ഹെഡ്മാസ്റ്റർമാരുടെ കോൺഫ്രൻസ് മെയ് 22ന് (മുഴുവൻ ദിവസം):**

തിയതി : 2016 മെയ് 22
ദിവസം: ഞായർ
സമയം : 09.30 AM - 4PM
സ്ഥലം : മതബോധനകേന്ദ്രം, DBCLC, തൃശൂർ

എല്ലാ ഹെഡ്മാസ്റ്റർമാരും നിർബന്ധമായും പങ്കെടുക്കണം. ദിവ്യബലി ഉണ്ടായിരിക്കും.

**5. മതബോധനകമ്മീഷൻ മീറ്റിംഗ് ഏപ്രിൽ 3 ഞായർ 3 PM**

അതിരൂപതാ മതബോധനകമ്മീഷന്റെ മീറ്റിംഗ് 2016 ഏപ്രിൽ 3 ഞായർ ഉച്ചകഴിഞ്ഞ് 3 ന് മതബോധനകേന്ദ്രത്തിൽ കൂടുന്നതാണ്. എല്ലാ അംഗങ്ങളെയും സാദരം ക്ഷണിക്കുന്നു.

**6. സ്കോളർഷിപ്പ് പരീക്ഷകൾ:**

a] **സ്കൂൾ മതബോധനം & സന്മാർഗ്ഗശാസ്ത്രം** സ്കോളർഷിപ്പ് പരീക്ഷ **ഏപ്രിൽ 9ശനി, 2PM-4PM.** ഹാൾ ടിക്കറ്റുകൾ ഏപ്രിൽ 1 മുതൽ മതബോധനകേന്ദ്രത്തിൽ നിന്നും വാങ്ങാവുന്നതാണ്.

b] **ഞായറാഴ്ച മതബോധന സ്കോളർഷിപ്പ്** പരീക്ഷ **ഏപ്രിൽ 16 ശനി, 2PM-4PM.** ഹാൾ ടിക്കറ്റുകൾ ഏപ്രിൽ 11 മുതൽ മതബോധനകേന്ദ്രത്തിൽ നിന്നും വാങ്ങാവുന്നതാണ്.

സ്കോളർഷിപ്പ് പരീക്ഷയ്ക്ക് അർഹരായ കുട്ടികൾ ഹാൾ ടിക്കറ്റിൽ സൂചിപ്പിച്ചിരിക്കുന്ന പരീക്ഷാകേന്ദ്രത്തിൽ പരീക്ഷ തുടങ്ങുന്നതിനു 15 മിനിററു മുമ്പ് എത്തേണ്ടതാണ്.

- ഹാൾ ടിക്കറ്റിൽ ഹെഡ്മാസ്റ്റർ ഒപ്പിടണം.
- പരീക്ഷാകേന്ദ്രം ഏതെന്ന് കുട്ടികളെ കൃത്യമായി ധരിപ്പിക്കുകയും അവിടേക്കുതന്നെ വിടുകയും വേണം.

**പരീക്ഷക്ക് അർഹരായ കുട്ടികളുടെ പേരുകൾ മതബോധന കേന്ദ്രത്തിന്റെ Blog-ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.**

**7. സന്മാർഗ്ഗശാസ്ത്ര പാഠപുസ്തകങ്ങൾക്ക് മാറ്റം**

Stds. XI & XII -ലെ സന്മാർഗ്ഗശാസ്ത്ര പാഠപുസ്തകങ്ങൾക്ക് മാറ്റമുണ്ടാകുന്നതാണ്. 2016-2017 വർഷം മുതൽ P. O. C. യുടെ പുതിയ പാഠപുസ്തകങ്ങളാണ് ഉപയോഗിക്കേണ്ടത്.

Std. XI സമഗ്രവ്യക്തിത്വത്തിന്റെ പാതയിൽ Rs. 30/-

Std. XII സമൂഹവിജയത്തിന്റെ പാതയിൽ Rs. 30/-

**8. Std. X, XI, XII Duplicate Register**

പുതിയ Duplicate Register തയ്യാറായിട്ടുണ്ട്. മതബോധന ബുക്ക്സ്റ്റാളിൽ നിന്നും വാങ്ങാവുന്നതാണ്. വില Rs. 150/- മുമ്പ് ഉപയോഗിച്ചിരുന്ന രജിസ്റ്റർ തീർന്നുവെങ്കിൽ പുതിയ രജിസ്റ്റർ വാങ്ങി ഉപയോഗിച്ചു തുടങ്ങാവുന്നതാണ്.

**9. റോളിങ്ങ് ട്രോഫികൾ തിരിച്ചേൽപ്പിക്കുക.**

2015 ആഗസ്റ്റ് 15 ന് ലഭിച്ച റോളിങ്ങ് ട്രോഫികൾ യൂണിറ്റുകൾ മതബോധനകേന്ദ്രത്തിൽ തിരിച്ചെത്തിക്കേണ്ടതാണ്.

സസ്നേഹം,

Fr. Tens Kunnappilly
Fr. Jijo Kappilamnirappel
Asst. Directors

Fr. Raphael Akkamattathil
Director

# ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് തിയോളജി

**1. കറസ്പോണ്ടൻസ് തിയോളജി:**

അടുത്ത ക്ലാസ്സുകൾ ഏപ്രിൽ 10, ഏപ്രിൽ 24 എന്നീ ഞായറാഴ്ച്ചകളിൽ 2 മണി മുതൽ 5 മണി വരെയായിരിക്കും.

**2. വൊക്കേഷൻ ഓറിയന്റേഷൻ കോഴ്സ്:**

സന്യാസാർത്ഥിനികൾക്കായുള്ള 3 മാസത്തെ വൊക്കേഷൻ ഓറിയന്റേഷൻ കോഴ്സ് മാർച്ച് 18-ന് സമാപിച്ചു. 9 സന്യാസ സമൂഹങ്ങളിലുള്ള 34 അർത്ഥിനികൾ ഈ കോഴ്സിൽ പങ്കെടുത്തു.

**3. സിസ്റ്റേഴ്സിനുള്ള 6 മാസത്തെ ബേസിക് തിയോളജി കോഴ്സ്**

(Affiliated to Calicut University): ബഹുമാനപ്പെട്ട സിസ്റ്റേഴ്സിനുള്ള 6 മാസത്തെ ബേസിക് തിയോളജി കോഴ്സ് 2016 ജൂൺ 6-ാം തിയ്യതി തിങ്കളാഴ്ച്ച ആരംഭിക്കും. ഈ കോഴ്സിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ഡി. ബി. സി. എൽ. സി യിലെ തിയോളജി ഓഫീസിൽ പേര് നല്കേണ്ടതാണ്.

**Fr. Raphael Akkamattathil**
**Director.**

# മേരി മാതാ മേജർ സെമിനാരി

### പരീക്ഷാകാലം

ഫെബ്രുവരി 20 മുതൽ മാർച്ച് 14 വരെ നീണ്ടുനിൽക്കുന്നതായിരുന്നു ഈ വർഷത്തെ പരീക്ഷാകാലം. പ്രാർത്ഥനയ്ക്കും പഠനത്തിനും കൂടുതൽ പ്രാധാന്യം കൊടുത്തുകൊണ്ട് പരീക്ഷകളിൽ തങ്ങളുടെ കഴിവിന്റെ പരമാവധി പ്രയത്നിക്കുവാൻ സഹോദരങ്ങൾക്ക് കഴിഞ്ഞു.

### Comprehensive Exams

മൂന്നുവർഷത്തെ പരിശീലന കാലത്തെ ഫലം കൊയ്യുന്ന മൂന്നാം വർഷ തത്വശാസ്ത്രവിദ്യാർത്ഥികളുടെ (Comprehensive Written, Viva) പരീക്ഷകൾ മാർച്ച് 05, 12 എന്നീ തിയതികളിൽ നടത്തുകയുണ്ടായി. ഏവരും നല്ല വിജയം കൈവരിക്കുകയും ചെയ്തു.

### Farewell to Third Years

മൂന്നു വർഷത്തെ തത്വശാസ്ത്ര പഠനത്തിനുശേഷം പ്രായോഗിക പരിശീലനത്തിനായി പോകുന്ന മൂന്നാം വർഷ തത്വശാസ്ത്ര വിദ്യാർത്ഥികൾക്കായി സെമിനാരി കുടുംബം യാത്രമംഗളങ്ങൾ നല്കി. മാർച്ച് 12-ാം തിയതി വൈകീട്ട് ദിവ്യബലിയിൽ ഒന്നുചേർന്ന് പ്രാർത്ഥിക്കുകയും ശേഷം യാത്രയയപ്പ് യോഗം ചേരുകയും ചെയ്തു.

### ഡീക്കൻ മിനിസ്ട്രി

അടുത്ത വർഷം പുരോഹിതരാകാനുള്ള 18 ഡീക്കന്മാർ 5 മാസത്തെ പ്രായോഗിക പരിശീലനത്തിനായി തൃശ്ശൂർ, ഇരിങ്ങാലക്കുട, പാലക്കാട് രൂപതകളിലെ 18 പള്ളികളിലേക്കായി ഏപ്രിൽ 1-ാം തിയതി യാത്രയാകുന്നു. ഡീക്കൻ മിനിസ്ട്രി നടത്തുന്ന ഇടവകകളിലെ വികാരിയച്ചന്മാരെ സെമിനാരിയിലേക്ക് വിളിച്ച് പരിശീലനത്തിൽ അവരുടെ ഉത്തരവാദിത്വത്തെക്കുറിച്ചും ഡീക്കന്മാർക്കു ചെയ്യാവുന്ന ശുശ്രൂഷകളെക്കുറിച്ചും റെക്ടറച്ചൻ പങ്കുവെച്ചു. അഭിവന്ദ്യ പിതാവ് ഏപ്രിൽ 1ന് ദിവ്യബലിയർപ്പിച്ച് പള്ളികളിലേക്കുള്ള നിയമനം ഡീക്കന്മാർക്ക് നൽകും. തുടർന്ന് വികാരിയച്ചനും കൈക്കാരന്മാരും ഡീക്കന്മാരെ തങ്ങളുടെ പള്ളികളിലേക്ക് കൊണ്ടുപോകുന്നതാണ്.

### വർഷാവസാന ധ്യാനം

കഴിഞ്ഞ ഒരു വർഷക്കാലം ദൈവം നൽകിയ അനുഗ്രഹങ്ങൾക്ക് നന്ദിപറയുവാനും അവധിക്കാലത്ത് തീക്ഷ്ണതയിൽ മാന്ദ്യം കൂടാതെ ആത്മാവി

നാൽ ജ്വലിക്കുവാനും ആത്മീയതയിൽ മാന്ദ്യം കൂടാതെ ആത്മാവിൽ ജ്വലിക്കുവാനും ആത്മീയതയിൽ നിലനിൽക്കുവാനും സഹായിക്കുന്നതുമായിരുന്നു. ഈ വർഷത്തെ വർഷാവസാന മാസധ്യാനം. ബഹു. ജോർജ്ജ് കണ്ണംപ്ലാക്കലച്ചനാണ് ഈ മാസധ്യാനത്തിന് വിചിന്തനങ്ങൾ പങ്കുവെച്ചത്.

**അവധിക്കാലം**

മാർച്ച് 15 മുതൽ സെമിനാരിയിൽ മധ്യവേനൽ അവധി ആരംഭിച്ചു. സ്വന്തം ഇടവകകളിലും രൂപതകളിലും സന്യാസ ഭവനങ്ങളിലും വിവിധ ശുശ്രൂഷകൾ ശെമ്മാശന്മാർക്കായി ക്രമീകരിച്ചിട്ടുണ്ട്. മെയ് അവസാനത്തിൽ അവധി കഴിഞ്ഞ് ശെമ്മാശന്മാർ സെമിനാരിയിൽ തിരിച്ചെത്തും.

**Major and Minor Orders**

മേരി മാതാ മേജർ സെമിനാരിയിൽ വിവിധ ബാച്ചുകളിലായി ദൈവശാസ്ത്രം പഠിച്ചുകൊണ്ടിരിക്കുന്ന വൈദീകവിദ്യാർത്ഥികൾ മാർച്ച്, മെയ് എന്നീ മാസങ്ങളിൽ കാറോയ, ഹെവ്പദിയാക്ക്ന, മ്ശംശാന പട്ടങ്ങൾ സ്വീകരിക്കുന്നു. പതിനൊന്നു പേർ കാറോയയും, ഇരുപത്തിമൂന്നു പേർ ഹെവ്പദിയാക്കനയും പതിനെട്ടുപേർ മ്ശംശാന പട്ടവും സ്വീകരിക്കുന്നു.

**ബേഴ്സ് സ്ഥാപിച്ചവർ**

**1. Individual Patron Membership**

1.ശ്രീ. ടി.കെ. ജോസ്, തലക്കോട്ടൂർ ഹൗസ്, തൊയക്കാവ്

**2. Individual Benefactor Membership**

1. റെവ. ഫാ. ജോയ് പുത്തൂർ, സെന്റ് മാത്യൂസ് ചർച്ച് പാലക്കൽ
2. ശ്രീ. സിനോജ് ആലപ്പാട്ട്, ആലപ്പാട്ട് ഹൗസ്, പേരാമംഗലം
3. ശ്രീ. ജോജു ജേക്കബ്ബ്, മേച്ചേരി ഹൗസ്, ഒല്ലൂർ
4. ശ്രീമതി സി.എ. റോസ ടീച്ചർ, പുലിക്കോട്ടിൽ ഹൗസ്, കൂനംമൂച്ചി
5. ശ്രീമതി റീന ആന്റണി, പുലിക്കോട്ടിൽ ഹൗസ്, പാവറട്ടി

**3. Individual Wellwisher Membership**

1. ശ്രീ. പോൾ ഡെന്നിസ്, പടയാട്ടി ഹൗസ്, കാനഡ
2. ശ്രീ. ബാസ്റ്റ്യൻ ലിൻജോൺ, എടക്കളത്തൂർ ഹൗസ്, പൂവ്വത്തൂർ
3. ശ്രീ. ടി. കെ. ജോസ്, തലക്കോട്ടൂർ ഹൗസ്, തൊയക്കാവ്

**(റെക്ടർ)**

PH : 2420891

# സെന്റ് മേരീസ് മൈനർ സെമിനാരി

### കൃതജ്ഞതയും സ്വാഗതവും

കഴിഞ്ഞ മൂന്ന് വർഷങ്ങളിലായി ഫാദർ പ്രീഫെക്ട്, വൈസ് റെക്ടർ, ഫിനാൻസ് ഓഫീസർ എന്നി നിലകളിൽ സ്തുത്യർഹമായ സേവനം കാഴ്ച വെച്ചതിനുശേഷം തൈക്കാട്ടുശ്ശേരി ഇടവക വികാരിയെന്ന തന്റെ പുതിയ ശുശ്രൂഷാ ദൗത്യം ഏറ്റെടുത്ത ബഹു. ബാസ്റ്റ്യൻ പുന്നോലിപറമ്പിലച്ചന് സെമിനാരി കുടുംബത്തിന്റെ ഹൃദയം നിറഞ്ഞ നന്ദി.

മൈനർ സെമിനാരിയുടെ വൈസ്റെക്ടറും ഫിനാൻസ് ഓഫീസറുമായി ചുമതലയേറ്റെടുത്ത ബഹു. മേജോ മരോട്ടിയ്ക്കലച്ചനും ഫാദർ പ്രീഫെക്ടായി ശുശ്രൂഷയാരംഭിച്ചിരിക്കുന്ന ബഹു. ബിനോയ് ചിറ്റിലപ്പിള്ളിയച്ചനും ഹൃദ്യമായ സ്വാഗതവും പ്രാർത്ഥനാശംസകളും നേരുന്നു.

### മാസധ്യാനം

ഈ അദ്ധ്യന വർഷത്തിലെ അവസാനത്തെ മാസധ്യാനം മാർച്ച് 4, 5 തിയതികളിലായി നടന്നു. റവ. ഫാ. റോജർ വാഴപ്പിള്ളി Ofm. Cap. മൈനർ സെമിനാരി വിദ്യാർത്ഥികൾക്കും റവ. ഫാ. വർഗ്ഗീസ് കരിപ്പേരി ഡിഗ്രി പഠിക്കുന്ന സെമിനാരിക്കാർക്കും ധ്യാന ചിന്തകൾ നൽകി.

### കർത്താവിനായ് 24 മണിക്കൂർ

പരിശുദ്ധ പിതാവ് ഫ്രാൻസീസ് മാർപാപ്പായുടെ ആഹ്വാനമനുസരിച്ച് "കർത്താവിനായ് 24 മണിക്കൂർ" പ്രാർത്ഥനാ യജ്ഞത്തിൽ മാർച്ച് 4, 5 തിയതികളിലായി സെമിനാരി കുടുംബവും പങ്കുചേർന്നു.

### വേനൽ അവധിക്കാലം

2016 മാർച്ച് 15 മുതൽ വേനൽ അവധിക്കാലം ആരംഭിച്ചു. മെയ് 22-ാം തിയതി അവധിക്കാലം അവസാനിക്കും.

### ചെറുപട്ടദാന ശുശ്രൂഷ

തൃശ്ശൂർ അതിരൂപതയ്ക്കുവേണ്ടി ദൈവശാസ്ത്ര പരിശീലനം നേടികൊണ്ടിരിക്കുന്ന വൈദികവിദ്യാർത്ഥികൾ 2016 മാർച്ച് 17-ാം തിയതി അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്തു പിതാവിൽ നിന്ന് മ്ശംമശാന, ഹെവുപ്പദ്യാക്കോന, കാറോയ എന്നീ പട്ടങ്ങൾ മൈനർ സെമിനാരിയിൽ വച്ച് സ്വീകരിച്ചു.

**ദൈവദർശൻ ക്യാമ്പ് – ഒരുക്ക സെമിനാർ**

വേനലവധിക്കാലത്ത് വൈദിക വിദ്യാർത്ഥികൾ ഇടവകകളിൽ നടത്തുന്ന വിശ്വാസ പരിശീലന ക്യാമ്പുകൾക്കായുള്ള ഒരുക്ക സെമിനാർ മാർച്ച് 17–19 തിയതികളിലായി മൈനർ സെമിനാരിയിൽ വച്ച് നടന്നു. ബഹു. റോയ് ജോസഫ് വടക്കനച്ചനായിരുന്നു നേതൃത്വം നൽകിയത്.

**ദൈവവിളി വാരാചരണം**

കർത്താവിനായ് സമർപ്പിക്കപ്പെട്ട ജീവിതം നയിക്കുന്ന ധാരാളം മക്കളാൽ സഭയും ലോകവും അനുഗ്രഹിക്കപ്പെടാൻ തീക്ഷ്ണമായി പ്രാർത്ഥിച്ചുകൊണ്ട് മാർച്ച് 28 മുതൽ ഏപ്രിൽ 2 വരെ അതിരൂപതാ തലത്തിൽ തൃശ്ശൂർ ലൂർദ്ദ് മെത്രാപ്പോലീത്തൻ കത്തീഡ്രലിൽ വച്ച് ദൈവവിളി വാരാചരണം നടത്തി. അഭിവന്ദ്യ പിതാക്കന്മാരും വൈദികരും സന്യസ്തരും വൈദിക-സന്യസ്ത അർത്ഥികളും ദൈവജനവും ഈ ദിവസങ്ങളിൽ ദൈവവിളികൾക്കായി പ്രാർത്ഥിക്കാൻ ദിവ്യകാരുണ്യ സന്നിധിയിൽ ഒന്നുചേർന്നു.

**ദൈവവിളി ക്യാമ്പുകൾ**

എസ്.എസ്. എൽ.സി./+2 വിദ്യാഭ്യാസം പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്കായി ദൈവവിളി ക്യാമ്പുകൾ - ഏപ്രിൽ 1, 2 തിയ്യതികളിൽ പെൺകുട്ടികൾക്ക് മാത്രമായി ഡി.ബി.സി.എൽ.സിയിൽ വെച്ച്, ഏപ്രിൽ 4–6 &7–9 തിയതികളിൽ രണ്ട് ബാച്ചുകളിലായി ആൺകുട്ടികൾക്ക് മാത്രമായി മഡോണ നഗർ മൈനർ സെമിരായിൽ വെച്ച് സംഘടിപ്പിച്ചിട്ടുണ്ട്. ക്യാമ്പുകളിലേക്ക് കുട്ടികളെ ഒരുക്കി അയക്കുന്നതിൽ ഏവരുടെയും സഹകരണം അഭ്യർത്ഥിക്കുന്നു.

**ബേഴ്സ് സ്ഥാപിച്ചവർ**

1. ശ്രീ. സണ്ണി ജി വില്യംസ്, ചിഴുതാണിക്കൽ ഹൗസ്, യൂണിറ്റി നഗർ, കുരിയച്ചിറ
2. ശ്രീമതി മിനി സണ്ണി,. ചിഴുതാണിക്കൽ ഹൗസ്, യുണിറ്റി നഗർ , കുരിയച്ചിറ
3. റവ. ഫാ. പോൾ പുളിക്കൻ, തൃശ്ശൂർ അതിരൂപത
4. ശ്രീമതി സമറ ജെറി, വടക്കാഞ്ചേരി
5. ശ്രീ. ജേക്കബ്ബ് വി.വി. & ശ്രീമതി എൽസി. സി.ഒ. വടക്കൻ ഹൗസ്, തൊയക്കാവ്
6. ശ്രീ. ജോൺ ജെ. പാനികുളം, ഗ്രീൻവാലി അഞ്ചേരി

7. ശ്രീ. പി. വി. ജോർജ്ജ്, പൂവ്വത്തിങ്കൽ ഹൗസ്, പനംകുറ്റിച്ചിറ, ഒല്ലൂർ
8. ശ്രീ. പി. പി. ആന്റണി, പാണേങ്ങാടൻ ഹൗസ്, മുക്കാട്ടുകര
9. ശ്രീ. പി. ജെ. തോമസ് & ശ്രീമതി സി.എ. റോസ, പുലിക്കോട്ടിൽ ഹൗസ്, കൂനംമൂച്ചി.
10. ശ്രീ. കെ.എ. തോമസ് C/o. റവ. ഫാ. ജോയ് കിടങ്ങൻ, കിടങ്ങൻ ഹൗസ്, പറപ്പൂർ.
11. ശ്രീ. ആന്റണി മൂക്കൻ, മൂക്കൻഹൗസ്, പ്രണവം നഗർ, ഒല്ലൂക്കര
12. റവ. സിസ്റ്റർ സുപ്പീരിയർ, അസ്സീസി എഫ്.സി. കോൺവെന്റ്, തൃശ്ശൂർ

ആത്മാർത്ഥമായി പ്രാർത്ഥിച്ചും ത്യാഗപൂർവ്വം സഹായിച്ചും ഭാവിവൈദികരെ സ്നേഹത്തോടെ കരുതുന്ന എല്ലാവരേയും നിത്യപുരോഹിതനായ ഈശോ ധാരാളമായി അനുഗ്രഹിക്കട്ടെ.

**ഫാ. ജെയ്സൺ കൂനംപ്ലാക്കൽ**
(റെക്ടർ)

## മഹാജൂബിലി ട്രെയിനിംഗ് കോളേജ്, മുള്ളൂർക്കര

### 1. പുതുവർഷ നിറവിൽ ജപമാലയ്ക്ക് തുടക്കം

2015-2016 അദ്ധ്യായന വർഷത്തിൽ രണ്ടാം സെമസ്റ്റർ ബി.എഡ് കാരുടെ നേതൃത്വത്തിൽ ജപമാല ആചരണത്തിന് തുടക്കം. തിങ്കൾ മുതൽ വ്യാഴം വരെ 1 മണിക്ക് കരുണ കൊന്തയും വെള്ളിയാഴ്ചകളിൽ 12.45ന് പരിശുദ്ധ ജപമാലയും നടന്നു. കോളേജിന്റെ ഉന്നമനത്തിനുവേണ്ടിയുള്ള നിയോഗങ്ങൾ കൊന്തയിൽ ഉൾപ്പെടുത്തി.

### 2. വി. കുർബ്ബാന അർപ്പിച്ചു

മഹാജൂബിലി ട്രെയ്നിങ്ങ് കോളേജിന്റെ അസി. മാനേജരായ ഫാ. ഡിറ്റോ കൂളയുടെ കാർമികത്വത്തിൽ ഫെബ്രുവരി 5-ാം തിയതി മഹാജൂബിലി കുടുംബത്തിൽ വിശുദ്ധബലി അർപ്പിച്ചു. അദ്ധ്യാപകരും വിദ്യാർത്ഥികളും വി. കുർബാനയിൽ സജീവമായി പങ്കെടുത്തു.

### കോളേജ് യൂണിയൻ, ആർട്സ് ക്ലബ് ഉദ്ഘാടനം അരങ്ങേറി

2015-2017 അദ്ധ്യയന വർഷത്തിലെ കോളേജ് യൂണിയൻ, ആർട്സ് ക്ലബ്ബ് ഉദ്ഘാടന ചടങ്ങുകൾ കോളേജ് ഓഡിറ്റോറിയത്തിൽ വെച്ച് കൊണ്ടാടി. Rev.

Sr. Alphine A.C. (HM St. Therasas High School, Shornur) കോളേജ് യൂണിയൻ ഉദ്ഘാടനം ചെയ്തു. പ്രശസ്ത സിനി ആർട്ടിസ്റ്റ് മിസ് ഡിംപിൾ റോസ് ആർട്സ് ക്ലബ്ബ് ഉദ്ഘാടനം ചെയ്തു. അതിനുശേഷം യൂണിയൻ മെമ്പേഴ്സ് എല്ലാവരും ചേർന്ന് Oath Ceremony നടന്നു. വിവിധതരം കലാപരിപാടികൾ അരങ്ങേറി. ദേശീയ ഗാനത്തോടെ കോളേജ് യൂണിയൻ ആർട്സ് ക്ലബ് ഉദ്ഘാടന ചടങ്ങിന് സാപനം വെച്ചു.

**യാത്രയപ്പും സ്വീകരണവും നൽകി**

മഹാജൂബിലി കോളേജിൽ മാനേജർ ആയി അഞ്ച് വർഷക്കാലം സുത്ത്യർഹമായ സേവനം കാഴ്ചവെച്ച ഫാ. ജോർജ്ജ് എടക്കുളത്തൂരിന് ഫെബ്രുവരി 11-ാം തിയതി മഹാജൂബിലി കുടുംബം വളരെ ഹൃദ്യമായ യാത്രയയപ്പ് നൽകി. അച്ചൻ ഈ കോളജിൽ ചെയ്ത കാര്യങ്ങൾ അനുസ്മരിക്കുകയും നന്ദി അർപ്പിക്കുകയും ചെയ്തു. തദവസരത്തിൽതന്നെ മാനേജർ വന്ന തസ്തികയിലേക്ക് പുതിയതായി ചാർജ്ജെടുത്ത മോൺ. തോമസ് കാക്കശ്ശേരിയ്ക്ക് മഹാജൂബിലി കുടുംബം ഹൃദ്യമായ സ്വീകരണം നൽകുകയും ചെയ്തു.

**2015 – 2017 അദ്ധ്യയന വർഷത്തിലെ ഫസ്റ്റ് സെമസ്റ്റർ ബി. എഡ്. എക്സാമുകൾക്ക് സമാപനം**

രണ്ടു വർഷ ബി.എഡ്കാരുടെ ഫസ്റ്റ് സെമസ്റ്റർ പരീക്ഷകൾ ഫെബ്രുവരി 18 മുതൽ തുടങ്ങി 24ന് അവസാനിച്ചു.

**ഫസ്റ്റ് സെമസ്റ്റർ എം. എഡ് പരീക്ഷകൾ സമാപിച്ചു.**

2014 – 2015 അദ്ധ്യയന വർഷത്തിലെ എം.എഡ്. രണ്ടാം സെമസ്റ്റർ എക്സാം 18.02.2015 മുതൽ 24.02.2016 തിയതി നടന്നു.

എം.എഡ്. രണ്ടാം സെമസ്റ്റർ വിദ്യാർത്ഥികൾ സോഷ്യൽ ഡെ ആഘോഷിച്ചു.

2014–2015 അദ്ധ്യയന വർഷത്തിലെ എം.എഡ്. രണ്ടാം സെമസ്റ്റർ ഫെയർവെൽ സമുചിതമായി ആഘോഷിച്ചു. അദ്ധ്യാപകരും കുട്ടികളും തമ്മിലുള്ള സ്നേഹപ്രകടനങ്ങളും അവരുടെ 1 വർഷത്തെ എക്സ്പീരിയൻസും പങ്കുവെച്ചു. സ്നേഹവിരുന്നോടെ ഫെയർവെൽ സമാപിച്ചു.

**ഫാ. ചാക്കോ ചിറമ്മൽ** — **ഫാ.ഡിറ്റോ കൂള**

പി.ആർ.ഒ. — അസി. മാനേജർ

# ജ്യോതി എഞ്ചിനീയറിംഗ് കോളേജ്

- ഫെബ്രുവരി 9ന് കോളേജിലെ സിവിൽ എഞ്ചിനീയറിംഗ് വിഭാഗവും ഇന്ത്യൻ കോൺക്രീറ്റ് ഇൻസ്റ്റിറ്റ്യൂഷനും സംയുക്തമായി "Mix Design" എന്ന വിഷയത്തിൽ ഒരു ഏകദിന ശില്പശാല സംഘടിപ്പിച്ചു.
- ഫെബ്രുവരി 10,11 തിയ്യതികളിൽ മെക്കാനിക്കൽ എഞ്ചിനീയറിംഗ് വിഭാഗം, "SAEINDIA" യുമായി സഹകരിച്ച് അദ്ധ്യാപകർക്കായി "Robotics and Industrial Automation" എന്ന വിഷയത്തിൽ ഒരു ദ്വിദിന ഫാക്കൽറ്റി ഡവലപ്മെന്റ് പ്രോഗ്രാം നടത്തുകയുണ്ടായി. പ്രൊഫ. ഒ.പി. സുധീർ (എൻ.ഐ.ടി. കോഴിക്കോട്), പി. സുരേഷ് (ഐ.ഐ.ടി. മദ്രാസ്), ശ്രീകാന്ത് (എൻ.ഐ.ടി. കോഴിക്കോട്), ജോബിൻ വർഗ്ഗീസ് (എൻ.ഐ.ടി. കോഴിക്കോട്) എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നല്കി.
- ഫെബ്രുവരി 11ന് CESA, CSI student Chapterമായി സഹകരിച്ച്, വിദ്യാർത്ഥികൾക്കായി Applications of Artificial Intelligence in Robotics എന്ന വിഷയത്തിൽ ഒരു സെമിനാർ സംഘടിപ്പിച്ചു. ഇ. സുരേഷ് (സീനിയർ റിസർച്ച് ഫെല്ലോ, ഐ.ഐ.ടി. മദ്രാസ്) സെമിനാറിന് നേതൃത്വം നല്കി.
- ജ്യോതി എഞ്ചിനീയറിംഗ് കോളേജിന്റേയും, എറവ് സെന്റ്. ജോസഫ് ഇംഗ്ലീഷ് മീഡിയം ഹയർസെക്കന്ററി സ്ക്കൂളിന്റേയും നേതൃത്വത്തിൽ വിദ്യാർത്ഥികൾക്കും മാതാപിതാക്കൾക്കുമായി കരിയർ ഗൈഡൻസ് ശില്പശാല സംഘടിപ്പിച്ചു. പ്രസ്തുത ശില്പശാലയുടെ ഉദ്ഘാടനം ഫാ. ഫ്രാങ്കോ കവലക്കാട്ട് നിർവ്വഹിച്ചു. പ്ലസ്ടു വിദ്യാഭ്യാസത്തിനുശേഷം ഏത് പഠനമേഖല തെരഞ്ഞെടുക്കണമെന്നതിനേക്കുറിച്ച് വിദ്യാർത്ഥികൾക്കും മാതാപിതാക്കൾക്കുമുള്ള സംശയങ്ങൾ ദൂരീകരിക്കുകയും, വ്യത്യസ്ത പഠനമേഖലകളുടെ പ്രത്യേകതകളെക്കുറിച്ച് അവരിൽ അവബോധം സൃഷ്ടിക്കുകയുമാണ് ശില്പശാലയുടെ ഉദ്ദേശ്യം. ജ്യോതി എഞ്ചിനീയറിംഗ് കോളേജ് അസി. മാനേജർ ഫാ. റോയ് ജോസഫ് വടക്കൻ, അഡ്മിനിസ്ട്രേറ്റർ എഞ്ചിനീയർ. തോമസ് മാത്യു, കോളേജ് സ്റ്റാർട്ട് അപ് മിഷൻ ഡയറക്ടറും, പ്ലേസ്മെന്റ് ഓഫീസറുമായി പ്രൊഫ. ജോസഫ് ജോഷി എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നല്കി. 120 കുട്ടികളും 200-ാളം മാതാപിതാക്കളും ശില്പശാലയിൽ പങ്കെടുത്തു.
- 2016 ലെ ദേശീയ വോട്ടർ പട്ടിക പുതുക്കലുമായി ബന്ധപ്പെട്ട് തലപ്പിള്ളി താലൂക്കിൽ ഏററവും കൂടുതൽ യുവജനങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് ഏറ്റവും മികച്ച വിദ്യാഭ്യാസ സ്ഥാപനമായി മാറിയ ജ്യോതി എഞ്ചിനീയറിംഗ് കോളേജിനു ദേശീയ തിരഞ്ഞെടുപ്പ് കമ്മീഷൻ പ്രതിനിധികൾ പ്രശംസാപത്രം കൈമാറി. പ്രശംസാപത്രം തലപ്പിള്ളി താലൂക്ക് തഹ

സിൽദാരിൽ നിന്നും പ്രിൻസിപ്പൽ ഡോ. കെ.കെ. ബാബു സ്വീകരിച്ചു.

- കോളേജിലെ ബ്ലഡ് ഡോണേഷൻ ഫോറം, തൃശൂർ ജൂബിലി മിഷൻ മെഡിക്കൽ കോളേജുമായി സഹകരിച്ച്, ഫെബ്രുവരി 17ന് രക്തദാനക്യാമ്പ് നടത്തി.
- ഫെബ്രുവരി 19, 20 തിയ്യതികളിലായി നടന്ന കോളേജിന്റെ ടെക് ഫെസ്റ്റ് "തരംഗ് 16" ന്റെ ഉദ്ഘാടനം ചെയ്ത് കൊണ്ട് കില ഡയറക്ടർ ഡോ. പി.പി.ബാലൻ നിർവ്വഹിച്ചു. മാനേജർ മോൺ. തോമസ് കാക്കശ്ശേരി അദ്ധ്യക്ഷത വഹിച്ചു. പ്രിൻസിപ്പൽ ഡോ. കെ.കെ. ബാബു, അസി. മാനേജർ ഫാ. റോയ് വടക്കൻ, അഡ്മിനിസ്ട്രേറ്റർ തോമസ് മാത്യു, കൺവീനർ ഡോ. അനിത ജേക്കബ്ബ്, സ്റ്റുഡന്റ് കൺവീനർ രാഹുൽനാഥ് എന്നിവർ ചടങ്ങിൽ സംസാരിച്ചു. വിവിധ ഡിപ്പാർട്ട്മെന്റുകളുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന മോട്ടോർ ഷോ, ടെക്നിക്കൽ എക്സിബിഷൻ, റോബോ വാർ, റൊബിനോ, ഡിജിറ്റൽ വേൾഡ്, സിവിൽ എക്സിബിഷൻ, സ്നോ വേൾഡ് തുടങ്ങിയ ടെക്നിക്കൽ പരിപാടികളും നൃത്ത്യ എന്ന കൾച്ചറൽ പരിപാടിയും നടന്നു. സതേൺ എയറോനോട്ടിക്സ്, ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ്, ഫയർ & റസ്ക്യൂ ഡിപ്പാർട്ട്മെന്റ്, ഇന്ത്യൻ റെയിൽവേ, അത്താണി സ്റ്റീൽ ഇന്റസ്ട്രീസ്, കെ.എസ്. ആർ.ടി.സി., കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി തുടങ്ങിയവയുടെ സ്റ്റാളുകൾ എക്സിബിഷനിൽ ഉണ്ടായിരുന്നു. കേരളത്തിലെ പ്രമുഖ കോളേജുകളിൽ നിന്നും ഉള്ള വിദ്യാർത്ഥികൾ വിവിധ മത്സരങ്ങളിൽ പങ്കെടുത്തു.
- ഫെബ്രുവരി 26ന് അവസാനവർഷ ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾക്കായി, Special Electrical Mechanics എന്ന വിഷയത്തിൽ ഡോ. ജിജി കെ.എസ് (അസോസിയേറ്റ് പ്രൊഫസർ, ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ്, തൃശൂർ) ക്ലാസ്സ് സംഘടിപ്പിച്ചു.
- SAE - Society of Automotive Engineers മെക്കാനിക്കൽ എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾക്കായി Vidya-Science of Happiness, ഒരു ഏകദിന ശില്പശാല ഫെബ്രുവരി 26ന് നടത്തുകയുണ്ടായി. ഡോ. എസ്. കരുണാനിധി, Scientist G and Director, RCI, DRDO, Hydrebad ശില്പശാലയ്ക്ക് നേതൃത്വം നല്കി.
- ഫെബ്രുവരി 27ന്, സിവിൽ എഞ്ചിനീയറിംഗ് വിഭാഗവും ലാറിബേക്കർ സ്ക്കൂൾ ഓഫ് സ്റ്റഡീസും സംയുക്തമായി വിദ്യാർത്ഥികൾക്കായി ഒരു ഏകദിന വർക്ക്ഷോപ്പ് നടത്തി. പ്രൊഫ. വി.കെ ലക്ഷ്മണൻനായർ "Cost Effective and Environment Friendly Construction" എന്ന വിഷയത്തിൽ ക്ലാസ്സ് നയിച്ചു.
- ഫെബ്രുവരി 29ന്, ജ്യോതി എഞ്ചിനീയറിംഗ് കോളേജിലെ ദേശീയ

ശാസ്ത്രദിനാഘോഷത്തിന്റെ ഉദ്ഘാടനം സ്ക്കൂൾ ഓഫ് ഇന്റർനാഷണൽ ഫോട്ടോണിക്സിലെ പ്രൊഫസർ എം. കൈലാസ്നാഥ് നിർവ്വഹിച്ചു. നാഷണൽ സയൻസ് ഡേയുടെ ഈ വർഷത്തെ ചിന്താവിഷയമായ Scientific Issues for Development of the Nation എന്ന വിഷയത്തിൽ അദ്ദേഹം പ്രഭാഷണം നടത്തി. നോബൽ സമ്മാന ജേതാവായ സർ. സി വി. രാമനേയും അദ്ദേഹത്തിന്റെ "രാമൻ ഇഫക്ട്" എന്ന കണ്ടുപിടുത്ത ത്തേയും ചടങ്ങിൽ അനുസ്മരിച്ചു. ചടങ്ങിൽ കോളേജ് പ്രിൻസിപ്പൽ ഡോ. കെ.കെ. ബാബു, അസിസ്റ്റന്റ് മാനേജർ ഫാ. റോയ് ജോസഫ് വടക്കൻ, അസി. പ്രൊഫസർ ജാസ്മിൻ ജോസ് എന്നിവർ പങ്കെടുത്ത് സംസാരി ച്ചു.

- കുട്ടികളെ അവരുടെ ചെറുപ്രായത്തിൽ തന്നെ സാങ്കേതികവിദ്യയുടേയും സയൻസിന്റേയും വളർച്ചയും, അതിലേയ്ക്കായുള്ള വിദ്യാഭ്യാസത്തിന്റെ സാധ്യതകളേയും പരിചയപ്പെടുത്തുന്നതിന് ജ്യോതി എഞ്ചിനീയറിംഗ് കോളേജ് നടത്തുന്ന "Catch Them Young" എന്ന പ്രോഗ്രാം അസിസ്റ്റന്റ് മാനേ ജർ ഫാ. ജോജു ചിരിയങ്കണ്ടത്ത് ഉദ്ഘാടനം ചെയ്തു. . കോളേജിന് ചുറ്റുവട്ടത്തുള്ള ഗ്രാമങ്ങളിലെ വിദ്യാർത്ഥിനി- വിദ്യാർത്ഥികളുടെ സമ ഗ്രവികസനം ലക്ഷ്യമാക്കി നടത്തിവരുന്ന ഈ പ്രോഗ്രാമിൽ പങ്ങാരപ്പിള്ളി സെന്റ്. ജോസഫ്സ് സ്ക്കൂളിലെ വിദ്യാർത്ഥിനി-വിദ്യാർത്ഥികൾ പങ്കെ ടുക്കുകയുണ്ടായി. പ്രോഗ്രാമിന് കോളേജ് സ്റ്റാർട്ട്-അപ് ഡയറക്ടർ പ്രൊഫ. ജോസഫ് ജോഷി നേതൃത്വം നല്കി.
- മാർച്ച് 8ന്, അന്താരാഷ്ട്ര വനിതാദിനാഘോഷത്തിന്റെ ഉദ്ഘാടനം ഡോ. പി. ഇന്ദിരാദേവി (ഡയറക്ടർ, സെന്റർ ഓഫ് എക്സലൻസ് ഇൻ എൻവയോൺമെന്റ് ഇക്കണോമിക്സ്) നിർവ്വഹിച്ചു. ചടങ്ങിൽ പ്രിൻസി പ്പൽ ഡോ. കെ.കെ. ബാബു, അസിസ്റ്റന്റ് മാനേജർ ഫാ. റോയ് ജോസഫ് വടക്കൻ, ഡോ. ഉഷ മേനോൻ, ജ്യോതി വുമൺസ് ക്ലബ്ബ് കോഡിനേറ്റർ നീരജ പി.ജി., വുമൺസ് ക്ലബ്ബ് സ്റ്റുഡൻസ് കോഡിനേറ്റർ ആൻമോൾ വർഗ്ഗീസ് എന്നിവർ സംസാരിച്ചു.

മോൺ. തോമസ് കാക്കശ്ശേരി
മാനേജർ

അസി. മാനേജേഴ്സ്
ഫാ. റോയ് ജോസഫ് വടക്കൻ
ഫാ. ജോജു ചിരിയൻങ്കണ്ടത്ത്
ഫാ. ജിന്റോ പെരേപ്പാടൻ

# സെന്റ് തോമസ് കോളേജ് (ഓട്ടോണമസ്) തൃശ്ശൂർ

**ഫിസിക്സ് ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വത്തിൽ മെറിറ്റ് ഡേ**

ഫിസിക്സ് ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വത്തിൽ മെറിറ്റ് ഡേ ആഘോഷിച്ചു. കഴിഞ്ഞ അക്കാദമിക് വർഷത്തിൽ ഉന്നതവിജയം കരസ്ഥമാക്കിയവരെയും റാങ്ക് ജേതാക്കളായ ഷിജിത എം.വി., അഞ്ജലി വേണു, മേരി ജോസഫ്, അന്ന ഹെബ, ചാക്കുണ്ണി, ദേശീയ സ്പോട്സ് മീറ്റിൽ ഉന്നതവിജയം കരസ്ഥമാക്കിയ അജിത് കെ.ആർ. എന്നിവർക്ക് പ്രത്യേകം മെമന്റോ നൽകി ആദരിച്ചു. കോളേജ് മാനേജർ മാർ റാഫേൽ തട്ടിൽ ഉദ്ഘാടനം ചെയ്ത യോഗത്തിൽ ഫിസിക്സ് ഡിപ്പാർട്ട്മെന്റ് ഹെഡ് പ്രൊഫ. സി.എ. ഇനാശു അദ്ധ്യക്ഷത വഹിച്ചു. പ്രിൻസിപ്പാൾ ഡോ. ജെൻസൻ പി.ഒ., വൈസ് പ്രിൻസിപ്പാൾ ഫാ. ബൈജു ചാക്കേരി, പ്രൊഫ. പി.എം. ജോയി, ഡോ. ഡെയ്സൻ പാണേങ്ങാടൻ എന്നിവർ പ്രസംഗിച്ചു.

**സുവോളജി ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വത്തിൽ കാൻസർ ബോധവൽക്കരണ സെമിനാർ**

സുവോളജി ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വത്തിൽ കാൻസർ ബോധവൽക്കരണ സെമിനാർ കോളേജിൽ സംഘടിപ്പിച്ചു. പ്രശസ്ത കാൻസർ വിദഗ്ദൻ ഡോ. വി.പി. ഗംഗാധരൻ ഉദ്ഘാടനം ചെയ്ത് മുഖ്യപ്രഭാഷണം നടത്തി. വൈസ് പ്രിൻസിപ്പാൾ ഫാ. ബൈജു ചാക്കേരി, വകുപ്പ് മേധാവി ഡോ. ഫ്രാൻസി കാക്കശ്ശേരി, ഡോ. ബ്രിട്ടോ ജോസഫ് എന്നിവർ പ്രസംഗിച്ചു.

**ലുസിയാദുകളുടെ ഇതിഹാസം പ്രകാശനം ചെയ്തു**

വാസ്കോ ഡ ഗാമ മലബാറിലേക്കു നടത്തിയ ആദ്യ സമുദ്ര യാത്രയുടെ ഇതിവൃത്തം കാവ്യവിഷയമാക്കിയ 'ലുസിയാദുകളുടെ ഇതിഹാസം' എന്ന വിവർത്തന ഗ്രന്ഥം പോർച്ചുഗീസ് സ്ഥാനപതി ഡോ. ഷുവാവോ ദ കമര കോളജിൽ വച്ച് പ്രകാശനം ചെയ്തു. ഇംഗ്ലീഷ് ഡിപ്പാർട്ട്മെന്റിലെ ഡോ. സി.ജെ. ഡേവിസ് വിവർത്തനം ചെയ്ത ഗ്രന്ഥം കറന്റ് ബുക്സ് ആണ് പ്രസാധനം ചെയ്തിരിക്കുന്നത്. തൃശൂർ അതിരൂപത മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത്, പ്രിൻസിപ്പാൾ ഡോ. പി.ഒ.

ജെൻസൻ, ഫാ. ബൈജു ചാക്കേരി, ഡോ. എൻ.ജെ. ഫ്രാൻസിസ് തുടങ്ങിയവർ പ്രസംഗിച്ചു.

**ഇക്കണോമിക്സ് ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വത്തിൽ റിസർച്ച് മെത്തഡോളജി സെമിനാർ**

ഇക്കണോമിക്സ് ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വത്തിൽ റിസർച്ച് മെത്തഡോളജി സെമിനാർ നടന്നു. ജോൺ മത്തായി സെന്റർ ഡയറക്ടർ ഡോ. ഡി. രത്നരാജ് സെമിനാർ ഉദ്ഘാടനം ചെയ്ത് മുഖ്യപ്രഭാഷണം നടത്തി. തുടർന്ന് നട സെഷനുകൾ പ്രഫ. എസ്. പ്രസാദ്, ഡോ. കെ.എം. ഫ്രാൻസിസ് എന്നിവർ കൈകാര്യം ചെയ്തു. പ്രിൻസിപ്പാൾ ഡോ. പി.ഒ. ജെൻസൻ, ഡോ. തോമസ് പോൾ കാട്ടൂക്കാരൻ, റവ. ഡോ. മാർട്ടിൻ കൊളമ്പ്രത്ത്, വകുപ്പ് മേധാവി ഡോ. കെ.സി. ഫ്രാൻസിസ്, പ്രഫ. ഗീത ഗോകുൽ എന്നിവർ പ്രസംഗിച്ചു.

**ഡോ. ഡെയ്സൻ പാണേങ്ങാടൻ**
പി.ആർ.ഒ.

**ഡോ. മാർട്ടിൻ കൊളമ്പ്രത്ത്**
ബർസാർ

## ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസെർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

ബിഷപ്പ് ആലപ്പാട്ട് റോഡ്, ജൂബിലി മിഷൻ പി. ഒ., തൃശ്ശൂർ ഈസ്റ്റ് - 680005

**മാർച്ച് – 2016**

**ജൂബിലിയിൽ ആയുർവേദയുടെ നേതൃത്വത്തിൽ ഓട്ടിസം ദേശീയ സെമിനാർ (11/02/2016)**

ഓൾ ഇന്ത്യ ആയുർവ്വേദ സൈക്യാട്രി അസോസിയേഷനും ജൂബിലി മിഷൻ ആയുർവ്വേദ ആശുപത്രിയും സംയുക്തമായി ഓട്ടിസത്തെക്കുറിച്ചും പഠനവൈകല്യത്തെകുറിച്ചുമുള്ള ദേശീയ സെമിനാർ തൃശ്ശൂർ ജൂബിലി മിഷൻ മെഡിക്കൽ കോളേജിലുള്ള സി.സി.എം. ഹാളിൽ വെച്ചു നടത്തി. ദേശീയ സെമിനാറിന്റെ ഉദ്ഘാടനവും മുഖ്യപ്രഭാഷണവും ജൂബിലി ആയുർവ്വേദയിൽ ഓട്ടിസം ഒ.പി.യുടെ ഉദ്ഘാടനവും കോട്ടക്കൽ ആയുർവേദ കോളേജ് പ്രിൻസിപ്പാൾ ഡോ. ഈശ്വര ശർമ്മ നിർവ്വഹിച്ചു. അദ്ധ്യക്ഷപ്രസംഗം ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ഡയറക്ടർ ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത് നടത്തി.

ഓട്ടിസത്തെകുറിച്ചുള്ള പ്രബന്ധ അവതരണത്തിനുള്ള സമ്മാനദാനം ജൂബിലി മിഷൻ മെഡിക്കൽ കോളേജിന്റെ അസിസ്റ്റന്റ് ഡയറക്ടർ ഫാ. സുനിൽ ചിരിയങ്കണ്ടത്ത് നിർവ്വഹിച്ചു. ജൂബിലി മിഷൻ സി.ഇ.ഒ. ഡോ. ബെന്നി ജോസഫ്, കോട്ടയ്ക്കൽ ആയുർവ്വേദ കോളേജ് അസി. പ്രൊഫ. ഡോ. സതീഷ്, ജൂബിലി മിഷൻ മെഡിക്കൽ കോളേജ് സൈക്യാട്രി വിഭാഗം പ്രൊഫ. ഡോ. പ്രവീൺലാൽ എന്നിവർ ആശംസാപ്രസംഗം നടത്തി. ഓട്ടിസത്തിന്റെ കാരണങ്ങളെ കുറിച്ച് ജൂബിലി മിഷൻ അസി. പ്രൊഫ. സൈക്യാട്രിവിഭാഗം ഡോ. നീതി വൽസൻ, ആയുർവ്വേദത്തിൽ കുട്ടികളുടെ മാനസികരോഗചികിത്സയെകുറിച്ച് കോട്ടയ്ക്കൽ ഗവ. മെന്റൽ ഹോസ്പിറ്റൽ ആന്റ് റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലെ സുപ്രണ്ട് ഡോ. പാർവ്വതീദേവി, പഠനവൈകല്യത്തിൽ ആയുർവ്വേദ ചികിത്സയെക്കുറിച്ച് പാലക്കാട് ഒതളൂർ ഗവൺമെന്റ് ആയുർവ്വേദ ഡിസ്പെൻസറിയിലെ ഡോ. നിഖില ചന്ദ്രൻ, ഓട്ടിസവും പഠനവൈകല്യത്തിലുള്ള വിവിധ പരിശീലനങ്ങളെക്കുറിച്ച് ജൂബിലിയിലെ ക്ലിനിക്കൽ സൈക്കോളജിസ്റ്റായ സി. ആൻഗ്രേസ് എന്നിവർ ക്ലാസ്സെടുത്തു.

ഓൾ ഇന്ത്യ ആയുർവ്വേദ സൈക്യാട്രി അസോസിയേഷന്റെ പ്രസിഡണ്ടായി ഡോ. അനുമോദ് കാക്കശ്ശേരിയേയും സെക്രട്ടറിയായി ഡോ. അനൂപ് എം. എസ്സിനേയും തിരഞ്ഞെടുക്കുകയും ചെയ്തു. ഓട്ടിസവും പഠനവൈകല്യവും നമ്മുടെ സമൂഹത്തിൽ വർദ്ധിക്കുന്നതിനെ കണക്കിലെടുത്ത് എല്ലാ ബുധനാഴ്ച്ചയും ഓട്ടിസവും പഠനവൈകല്യത്തിനുമുള്ള

പ്രത്യേക ഒ.പി. ജൂബിലി മിഷൻ ആശുപത്രിയുടെ ആയുർവ്വേദ വിഭാഗത്തിൽ ഉണ്ടായിരിക്കുമെന്ന് ഡോ. അനുമോദ് അറിയിച്ചു.

**പ്രൊഫ. എം. എൽ. ദത്തൻ മെമ്മോറിയൽ സി.എം.ഇ. (15/02/2016)**

രണ്ടാമത് 'പ്രൊഫ. എം. എൽ. ദത്തൻ മെമ്മോറിയൽ സി.എം.ഇ. പ്രോഗ്രാം' ജൂബിലി മിഷൻ മെഡിക്കൽ കോളേജിലെ ജനറൽ സർജറി വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ നടന്നു. ശസ്ത്രക്രിയയ്ക്ക് മുമ്പും, ശസ്ത്രക്രിയാ സമയത്തും, അതിനുശേഷവും രോഗികൾക്കു നൽകേണ്ട പ്രത്യേക ശ്രദ്ധയെ കുറിച്ച് നടന്ന സി.എം.ഇ. ആശുപത്രി ഡയറക്ടർ ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത് ഉദ്ഘാടനം ചെയ്തു. പ്രൊഫ. എം. എൽ ദത്തന്റെ ഭാര്യ ഡോ. സുധാ ദത്തൻ ഭദ്രദീപം തെളിയിച്ചു. ഡോ. അശോക് നൈനാൻ ഉമ്മൻ സ്വാഗതം പറഞ്ഞ ചടങ്ങിൽ ഡോ. അലക്സ് ജോസഫ്, ഡോ. എം. വി. സുരേഷ്, എന്നിവർ ആശംസകൾ അർപ്പിച്ചു. മുൻ എ. എസ്.ഐ. പ്രസിഡണ്ട് ഡോ. സന്തോഷ് ജോൺ എബ്രഹാം, ഗോകുലം മെഡിക്കൽ കോളേജിൽ നിന്നും ഡോ. ദയാനന്ദ ബാബു, ഗവൺമെന്റ് മെഡിക്കൽ കോളേജിൽ നിന്നും ഡോ. എസ്. സുനിൽ, ഡോ. പി. കെ. മോഹൻ, പി.വി.എസ്. ആശുപത്രിയിൽ നിന്നും ഡോ. മാത്യു ഫിലിപ്പ്, സൺറൈസ് ആശുപത്രിയിൽ നിന്നും ഡോ. രാജീവ് ജയദേവൻ, അമല മെഡിക്കൽ കോളേജിൽ നിന്നും ഡോ. ജോ ജോൺ ചിറയത്ത് ജൂബിലി മിഷൻ ആശുപത്രിയിൽ നിന്നും ഡോ. ഗോവിന്ദനുണ്ണി, ഡോ. സുനിൽ കെ. മേനോൻ എന്നിവർ ക്ലാസുകൾ നയിച്ചു. ഡോ. സന്തോഷ് എം. പി. നന്ദി പറഞ്ഞു.

**ആതുരശുശ്രൂഷകർ കാരുണ്യത്തിന്റെ മാലാഖമാരാകണംമാർ ആൻഡ്രൂസ് താഴത്ത് (19/02/2016)**

ആതുരശുശ്രൂഷകർ കാരുണ്യത്തിന്റെ മാലാഖമാരാകണമെും മനുഷ്യനെ വസ്തുവായി ഒരിക്കലും കാണരുതെന്നും മാർ ആൻഡ്രൂസ് താഴത്ത്. ജൂബിലി മിഷൻ കോളേജ് ഓഫ് നേഴ്സിങ്ങിലെ ഒമ്പതാം ബാച്ച് വിദ്യാർത്ഥികളുടെ ബിരുദദാനചടങ്ങ് ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു മെത്രാപ്പൊലീത്ത. കോയമ്പത്തൂർ കാരുണ്യ യൂണിവേഴ്സിറ്റി മുൻ വൈസ് ചാൻസിലർ ഡോ. ജെയിംസ് എരിഞ്ഞേരി വിദ്യാർത്ഥികൾക്കുള്ള ബിരുദദാനം നിർവ്വഹിച്ചു. ജൂബിലി മിഷൻ മെഡിക്കൽ കോളേജ് വൈസ് പ്രിൻസിപ്പൽ ഡോ. സുശീല ജേക്കബ്ഇന്ന മുഖ്യപ്രഭാഷണം നടത്തി.. ഡോ. ബെന്നി ജോസഫ്, ശ്രീ. കെ. ഒ. വർഗ്ഗീസ് എന്നിവർ ആശംസകൾ അർപ്പിച്ചു. ജൂബിലി മിഷൻ ഡയറക്ടർ ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത് സ്വാഗതവും, ശ്രീമതി റീന വിൻസന്റ് നന്ദിയും പറഞ്ഞു. ജൂബിലി മിഷൻ മെഡിക്കൽ കോളേജ് അസി. ഡയറക്ടർ ഫാ. ജോബി കടപ്പൂരാൻ, നേഴ്സിങ്ങ് കോളേജ് പ്രിൻസി

പ്പൽ ഡോ. ഏയ്ഞ്ചല ജ്ഞാനദുരൈ, ഡോ. സി. ഫിലോ രശ്മി, സി. ട്രീസാ ആന്റോ എന്നിവർ ചടങ്ങുകൾക്ക് നേതൃത്വം നൽകി.

**ആയിഷകുട്ടിക്ക് ഇനി മൂന്ന് നേരം ഭക്ഷണം കഴിക്കാം അപൂർവ്വ നേട്ടവുമായി ജൂബിലി മിഷൻ മെഡിക്കൽ കോളേജിലെ സർജറി വിഭാഗം. (20/02/2016)**

ചെറുകുടലിലെ രക്തധമനികളുടെ ബൈപാസ് ഓപ്പറേഷൻ ജൂബിലി മിഷൻ മെഡിക്കൽ കോളേജിലെ സർജറി വിഭാഗത്തിലെ ഡോ. എം. വി. സുരേഷ്, ഡോ. വിനീത് കുമാർ എന്നിവരുടെ നേതൃത്വത്തിൽ വിജയകരമായി പൂർത്തീകരിച്ചു. ചാവക്കാട് സ്വദേശി ആയിഷകുട്ടിക്ക് അഞ്ച് വർഷക്കാലമായി ദിവസത്തിൽ ഒരു നേരം മാത്രം ഭക്ഷണം കഴിക്കാൻ സാധിച്ചിരുന്നുള്ളൂ. ദിവസത്തിൽ മൂന്ന് നേരം ഭക്ഷണം കഴിച്ചാൽ വയറുവേദനയും അസ്വസ്ഥതയുമായിരുന്നു. ജൂബിലിയിലെ ജനറൽ സർജറി വിഭാഗത്തിലെ ഡോക്ടർമാരാണ്, ഇത് രക്തധമനികളിലെ കുഴപ്പമാണെന്ന് കണ്ടുപിടിച്ചത്. രക്തധമനി തുറക്കനുള്ള ആൻജിയോപ്ലാസ്റ്റി ചികിത്സ പരാജയപ്പെട്ട ഘട്ടത്തിലാണ് അപൂർവ്വമായി നടത്താറുള്ള ചെറുകുടലിലെ രക്തധമനികളുടെ ബൈപാസ് ശസ്ത്രക്രിയയ്ക്ക് കുടുംബാംഗങ്ങൾ സമ്മതിച്ചത്. ഈ സാഹചര്യത്തിൽ ഡോ. സുരേഷും, ഡോ. വിനീത്കുമാറും വളരെ കുറഞ്ഞ ചിലവിൽ ചെറുകുടലിലെ രക്തധമനികളുടെ ബൈപാസ് സർജറി ചെയ്തു. വർഷങ്ങളായി ജൂബിലിയുടെ സർജറി വിഭാഗത്തിൽ സങ്കീർണമായ രക്തധമനികളുടെ ശസ്ത്രക്രിയ കുറഞ്ഞ ചിലവിൽ നടത്തിവരുന്നു. എട്ടു മണിക്കൂർ നീണ്ട ശസ്ത്രക്രിയയ്ക്ക് ഡോ. സുരേഷ്, ഡോ. വിനീത്കുമാർ, ഡോ. മിറയം, ഡോ. റാം കേശവ്, സി.ജിയന്ന, സ്റ്റാഫ് നേഴ്സ് ജീന, നിമ്മി എന്നിവർ നേതൃത്വം നൽകി.

**കാരുണ്യ വർഷത്തോടനുബന്ധിച്ച് ജൂബിലിയിൽ സൗജന്യ മെഡിക്കൽ ക്യാമ്പ് (04/03/2016)**

2016 ഫ്രാൻസിസ് മാർപ്പാപ്പ കാരുണ്യവർഷമായി പ്രഖ്യാപിച്ചിരിക്കുന്നതിനോടനുബന്ധിച്ച് ജൂബിലി മിഷൻ ആശുപത്രിയിൽ മാർച്ച് 7 മുതൽ 27 വരെ ഞായർ ഒഴികെയുള്ള ദിവസങ്ങളിൽ സൗജന്യ മെഡിക്കൽ ക്യാമ്പ് നടത്തുന്നതാണ്. സർജറി, ഓർത്തോപീഡിക്സ് (എല്ല് വിഭാഗം), ഒഫ്ത്താൽമോളജി (കണ്ണ്), ഇ.എൻ.ടി. എന്നീ വിഭാഗങ്ങളിൽ ഉച്ചക്ക് 1 മണി മുതൽ 3 മണിവരെയാണ് ക്യാമ്പ് നടക്കുന്നത്. തുടർചികിത്സയുടെ ഭാഗമായി ശസ്ത്രക്രിയ ആവശ്യമുള്ളവർക്ക് ശസ്ത്രക്രിയയുടെ 20 ശതമാനം ഇളവ് നൽകുന്നതാണെന്ന് ഡയറക്ടർ ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത് അറിയിച്ചു.

**അഭിനന്ദനങ്ങൾ.....**

- 2015—ലെ ഏറ്റവും നല്ല മെഡിക്കൽ പ്രസിദ്ധീകരണത്തിനുള്ള IMA അവാർഡിന് മെഡിസിൻ വിഭാഗം പ്രൊഫസർ ഡോ. പി. ബാബു രാജ് അർഹനായി. ഡെങ്കിപ്പനിയെക്കുറിച്ചുള്ള പ്രസിദ്ധീകരണമാണ് അദ്ദേഹത്തിന് അവാർഡ് നേടികൊടുത്തത്. 2013-ൽ റിക്കറ്റ്സിയൽ ഫീവറിനെക്കുറിച്ചുള്ള പ്രസിദ്ധീകരണത്തിനും, 2011-ൽ $H_1N_1$ (പന്നി പനി)-നെ കുറിച്ചുള്ള പ്രസിദ്ധീകരണത്തിനും ഇദ്ദേഹത്തിന് IMA അവാർഡ് ലഭിച്ചിരുന്നു.
- മെഡിക്കൽ സൂപ്രണ്ടണ്ട് ഡോ. സി. വി. ആൻഡ്രൂസിനെ 'കേരള സൊസൈറ്റി ഓഫ് ഓഫ്താൽമിക്ക് സർജൻസ്' —ന്റെ വാർഷിക സമ്മേളനത്തിൽ കേരള ഗവർണർ ജസ്റ്റിസ് പി. സദാശിവം 'ഡോ. സി. ഇ. ഉമ്മൻ ഒറേഷൻ' അവാർഡ് നൽകി ആദരിച്ചു.
- ഗൈനക്കോളജി വിഭാഗത്തിലെ അസോ. പ്രൊഫ. ഡോ. അശ്വത് കുമാർ ആർ. കേരള ഫെഡറേഷൻ ഓഫ് ഒബ്സ്റ്റട്രിക്സ് ഏന്റ് ഗൈനക്കോളജിയുടെ 2017-ലെ വൈസ് പ്രസിഡണ്ടായി തിരഞ്ഞെടുക്കപ്പെട്ടു.
- ലോക COPD ദിനത്തോടനുബന്ധിച്ച് നടന്ന സംസ്ഥാനതല ക്വിസ് മത്സരത്തിൽ 9-ാം ബാച്ച് മെഡിക്കൽ വിദ്യാർത്ഥിനികളായ സ്നേഹ സൂസൻ വർഗ്ഗീസും, ടിസ ജോണും രണ്ടാം സ്ഥാനം നേടി.
- പീഡിയാട്രിക് വിഭാഗത്തിലെ പി. ജി. വിദ്യാർത്ഥി ഡോ. ആനന്ദ് എം. ആനുവൽ സ്റ്റേറ്റ് നിയോനാറ്റൽ കോൺഫറൻസിൽ ഏറ്റവും നല്ല റിസേർച്ച് പേപ്പർ പ്രസന്റേഷനിൽ ഗോൾഡ് മെഡൽ നേടി.
- ന്യൂറോളജി വിഭാഗത്തിലെ പി. ജി വിദ്യാർത്ഥി ഡോ. വർക്ഷീസ് പല്ലൻ NSI —യുടെ കേരള ഘടകത്തിന്റെ മീറ്റിങ്ങിനോടനുബന്ധിച്ച് നടത്തിയ ബെസ്റ്റ് റിസേർച്ച് പേപ്പർ പ്രസന്റേഷനിൽ മൂന്നാം സ്ഥാനം നേടി.
- ഗൈനക്കോളജി വിഭാഗത്തിലെ ഡി.എൻ.ബി. വിദ്യാർത്ഥിനി ഡോ. കൃഷ്ണ ആർ. 'ഓൾ കേരള കോൺഗ്രസ്സ് ഓഫ് ഒബ്സ്റ്റട്രിക്സ് ഏന്റ് ഗൈനക്കോളജി'-യുമായി ബന്ധപ്പെട്ട് നടത്തിയ ഡോ. പുഷ്പ ലത മെമ്മോറിയൽ പോസ്റ്റർ മത്സരത്തിൽ ഒന്നാം സ്ഥാനം നേടി.
- ഗൈനക്കോളജി വിഭാഗത്തിലെ ഡി.എൻ.ബി. വിദ്യാർത്ഥിനി ഡോ. പ്രിയദർശിനി 'ഓൾ കേരള കോൺഗ്രസ്സ് ഓഫ് ഒബ്സ്റ്റട്രിക്സ് ഏന്റ്

ഗൈനക്കോളജി'-യുമായി ബന്ധപ്പെട്ട് നടത്തിയ ഡോ. കല്യാണി കുട്ടിയമ്മ മെമ്മോറിയൽ പ്രബന്ധാവതരണ മത്സരത്തിൽ ഗോൾഡ് മെഡൽ നേടി.

- റേഡിയോഡയഗ്നോസിസ് വിഭാഗത്തിലെ പി. ജി. വിദ്യാർത്ഥിയായ ഡോ. അശ്വിൻ വർക്ഷീസ് അലക്സാണ്ടർ ചെന്നൈയിലെ ശ്രീരാമ ചന്ദ്ര യൂണിവേഴ്സിറ്റിയിൽ നടന്ന നാഷണൽ കോൺഫറൻസ് ഇൻ അഡ്വാൻസ്ഡ് റേഡിയോളജിയിലെ പോസ്റ്റർ മത്സരത്തിൽ ഒന്നാം സ്ഥാനം നേടി

**ഡയാലിസിസിന് സംഭാവന നൽകിയവർ**

- സെന്റ് ഫ്രാൻസിസ് സേവ്യർ ചർച്ച്, വാടാനപ്പിള്ളി, തൃശ്ശൂർ (100 ഡയാലിസിസ്)
- അവർ ലേഡി ഓഫ് റോസരി ചർച്ച്, എരനെല്ലൂർ, തൃശ്ശൂർ (24 ഡയാലിസിസ്)
- അവർ ലേഡി ഓഫ് ഡോളേഴ്സ് ബസിലിക്ക, തൃശ്ശൂർ (75 ഡയാലിസിസ്)
- ശ്രീമതി റോസ് ജോമോൻ, തൃശ്ശൂർ (20 ഡയാലിസിസ്)
- ശ്രീ. വി. കെ. മുഹമ്മദ്, മില്ലേനിയം ഗോൾഡ്, തൃശ്ശൂർ (80 ഡയാലിസിസ്)
- മൊണാർക്ക് കുറീസ്, തൃശ്ശൂർ (20 ഡയാലിസിസ്)
- സെന്റ് റാഫേൽ ചർച്ച്, കല്ലൂർ ഈസ്റ്റ്, തൃശ്ശൂർ (400 ഡയാലിസിസ്)

**കൺമണിക്കൊരു കരുതലിലേക്ക് സംഭാവന നൽകിയവർ**

- ശ്രീമതി നിഷ, മാളിയേക്കൽ ഹൗസ്, ഈസ്റ്റ് ഫോർട്ട്, തൃശ്ശൂർ
- ശ്രീമതി മേരി, C/0 7പ്രിൻസ് കവലക്കാട്ട്, ഹോസ്പിറ്റൽ സ്റ്റാഫ്, ജൂബിലി മിഷൻ ആശുപത്രി, തൃശ്ശൂർ
- ശ്രീ ചാക്കോ വെള്ളാനിക്കാരൻ, മരിയാപുരം, തൃശ്ശൂർ
- ശ്രീ ജോവെൻ ജസ്റ്റിൻ, തോട്ടത്തിൽ ഹൗസ്, മണ്ണുത്തി

**ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത്**
ഡയറക്ടർ

# സാന്ത്വനം

(സെക്രട്ടറിയേറ്റ് ഓഫ് സോഷ്യൽ അപ്പൊസ്റ്റൊലേറ്റ് ഓഫ് ദി ആർച്ച്ഡയോസിസ് ഓഫ് ട്രിച്ചൂർ)
പേപ്പൽ ടവ്വർ, ശക്തൻ തമ്പുരാൻ നഗർ, തൃശൂർ – 680 001, ഫോൺ 0487 2445580, 2424981
E-mail: santhwanamtcr@gmail.com, website: www.santhwanamtcr.org

**കശുമാങ്ങ സംസ്ക്കരണം – പരിശീലനപരിപാടി**

സാന്ത്വനത്തിന്റെ നേതൃത്വത്തിൽ കേരള കാർഷിക സർവ്വകലാശാല കശുമാവ് ഗവേഷണ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ തയ്യൂർ, പെരിഞ്ചേരി, ഫാമിലി അപ്പോസ്തലേറ്റ് സെന്റർ എന്നിവിടങ്ങളിൽ വച്ച് കശുമാങ്ങ സംസ്കരണം പരിശീലന പരിപാടി സംഘടിപ്പിച്ചു. കശുമാങ്ങ കൊണ്ടുള്ള ജാം, അച്ചാർ, ഹൽവ, RTS, സിറപ്പ് കാൻഡി തുടങ്ങിയ നിരവധി ഉൽപ്പങ്ങൾ നിർമ്മിക്കുന്നതിന് അംഗങ്ങൾക്ക് പരിശീലനം നൽകി. പരിശീലന പരിപാടികൾക്ക് പ്രൊഫ.ഡോ.ശോഭന നേതൃത്വം നൽകി. കാർഷിക യൂണിവേഴ്സിറ്റി എക്സ്റ്റൻഷൻ സെന്റർ ഡയറക്ടർ ശ്രീമതി പുഷ്പ്പലത, സാന്ത്വനം ഡയറക്ടർ ഫാ. തോമസ് പൂപ്പാടി, ഫാ. സോണി കിഴക്കൂടൻ ഫാ. സെബി ചിറ്റാട്ടുക്കരഫാ.ടെഡ്സ് കുന്നപ്പിള്ളി തുടങ്ങിയവർ പരിശീലനപരിപാടികളിൽ സംസാരിച്ചു. കോഡിനേറ്റർമാരായ സി. പി. ജോർജ്ജ്, ബിനേഷ് സി. ജെ. തുടങ്ങിയവർ നേതൃത്വം നൽകി.

**സമൃദ്ധി – കുടിവെള്ള പദ്ധതി ഉദ്ഘാടനം നടത്തി.**

സാന്ത്വനത്തിന്റെ നേതൃത്വത്തിൽ ചേലക്കര പഞ്ചായത്തിലെ കുടിവെള്ള ക്ഷാമം അനുഭവിക്കുന്ന വിവിധ വാർഡുകളിലേക്കുള്ള കുടിവെള്ളപദ്ധതിയുടെ ഔദ്യോഗിക ഉദ്ഘാടനം ചേലക്കര പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. ഉണ്ണിക്ഷ്ണൻ നിർവഹിച്ചു. ചേലക്കര ഫൊറോന വികാരി ഫാ. റാഫേൽ താണിശ്ശേരി സാന്ത്വനം അസി. ഡയറക്ടർ ഫാ.ടെഡ്സ് കുപ്പിള്ളി, പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീമതി. ഗായത്രി ജയൻ, പ്രോജക്ട് കോ. ഓർഡിനേറ്റർ ശ്രീ. നിവിൻ ജോസഫ് വാർഡ് ആക്ഷൻ ടീം സെക്രട്ടറി ബാലകൃഷ്ണൻ, ആനിമേറ്റേഴ്സ് നാട്ടുകാർ തുടങ്ങിയവർ പരിപാടികളിൽ സംബന്ധിച്ചു. ആദ്യഘട്ടത്തിൽ 6 വാർഡുകളിലായി 6 കുഴൽ കിണറുകളുടെ നിർമ്മാണം പൂർത്തികരിച്ചു.

**പരിശോധന നടത്തി.**

SPED-III പദ്ധതിയുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും യൂണിറ്റിന്റെ സന്ദർശനത്തിനുമായി ഐശ്വര്യഗ്രാമിൽ നിന്നുള്ള റീജിയണൽ

പ്രോഗ്രാം ഓഫീസർ ശ്രീ.ജോബി ചേലക്കരയിലെ 16 വില്ലേജിലെയും പദ്ധതിപ്രദേശങ്ങൾ സന്ദർശിക്കുകയും ഓഫീസ് രേഖകളും കണക്കുകളും പരിശോധിക്കുകയും, പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. ഉണ്ണികൃഷ്ണൻ, മുൻ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. ലിസി തോമസ്, പഞ്ചായത്ത് മെമ്പർമാർ എന്നിവരുമായി കൂടിക്കാഴ്ച്ച നടത്തുകയും ചെയ്തു.കോഡിനേറ്റർ ശ്രീമതി. ബിനിത രതീഷ് SPED-III ന്റെ 5 വർഷത്തെ പ്രവർത്തനങ്ങൾ ക്രോഡീകരിച്ച് റിപ്പോർട്ട് അവതരിപ്പിച്ചു. തേന്നൂർക്കര പാസ്റ്ററൽ സെന്ററിൽ വച്ച നടന്ന പൊതുചടങ്ങിന് സാന്ത്വനം ഡയറക്ടർ ഫാ. തോമസ് പൂപ്പാടി, പദ്ധതി കോഡിനേറ്റർ ശ്രീമതി. ബിനിത രതീഷ്, അസി. കോഡിനേറ്റർ ശ്രീമതി. റീജോ സജി, ആനിമേറ്റേഴ്സ് എന്നിവർ പങ്കെടുത്തു

**ഭവന സന്ദർശനം നടത്തി.**

FDP പദ്ധതിയുടെ ഭാഗമായി ഗുണഭോക്തൃ കുടുംബങ്ങൾ സന്ദർശിക്കുകയും അവരുടെ സ്വയം തൊഴിലുകളെ കുറിച്ചുള്ള വിലയിരുത്തലുകളും നടത്തുകയുണ്ടായി. കൂടുതൽ മെച്ചപ്പെട്ട രീതിയിൽ സ്വയം തൊഴിൽ നടത്തുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ ആനിമേറ്റർമാരായ ശ്രീമതി. എൽസി, ശ്രീമതി. ജോയ്സി, ശ്രീമതി.ഷീല എന്നിവർ നൽകുകയുണ്ടായി

## Family Action Team യോഗം സംഘടിപ്പിച്ചു.

സേവ് എ ഫാമലി പദ്ധതിയിലെ കുടുംബങ്ങളുടെ പുരോഗമനത്തിന് ഇടവകതലത്തിൽ പ്രവർത്തിക്കുന്ന ഫാമിലി ആക്ഷൻ ടീം (FAT) അംഗങ്ങളുടെ യോഗം വിവിധ ഇടവകകളിൽ നടത്തുകയുണ്ടായി. ഭവനങ്ങളുടെ പുരോഗതിയെകുറിച്ച് വിലയിരുത്തുന്നതിനും അവർക്ക് ഗവമെന്റിൽ നിന്നും ലഭിക്കുവാൻ സാധ്യതയുള്ള സഹായങ്ങളും, അവകാശങ്ങളും ലഭിക്കുന്നതിനു വേണ്ട കാര്യങ്ങളെകുറിച്ചും യോഗത്തിൽ ചർച്ച നടത്തി. സാന്ത്വനം ഡയറക്ടർ, ഓരോ ഇടവകയിലേയും വികാരിമാർ, വാർഡ് മെമ്പേഴ്സ്, ആശ വർക്കേഴ്സ്, അംഗൻവാടി വർക്കേഴ്സ്, കൗൺസലർമാർ, പദ്ധതി കോ. ഓർഡിനേറ്റർ, ആനിമേറ്റർമാർ എന്നിവർ യോഗത്തിൽ പങ്കെടുത്തു.

## FDPമുഖേന സഹായം ലഭിച്ച ഇടവകകളും സംഖ്യയും താഴെചേർക്കുന്നു

ചെവ്വൂർ-5000/-, വില്ലടം-20500/-, ബ്രഹ്മകുളം-30,000/-, മനകൊടി-5000/-, പാലയൂർ-31,000/-, തലൂർ-35,000/-, മച്ചാട്-26,000/-, കുണ്ടുകാട്-500/-, സെവനാലയം-3000/-, നെല്ലങ്കര-14,000/-, ചേറ്റുപുഴ-20,000/-, പതുക്കാട്-45,000/-, മുക്കാട്ടുക്കര-5000/-

**പുതിയ സ്നഹനിധി രൂപീകൃതമായി**

പഴുവിൽ ഫൊറോനയിലെ ചാഴൂർ ഇടവകയിൽ പുതിയ സ്നഹനിധി യൂണിറ്റിന് സാന്ത്വനം ഡയറക്ടർ ഫാ. തോമസ് പൂപ്പാടി ദിവ്യബലിയർപ്പിച്ച കൊണ്ട് ആരംഭം കുറിച്ചു. തുടർന്ന് നടന്ന പ്രഥമ പൊതു മീറ്റിംഗിൽ സ്നഹനിധിയുടെ പ്രവർത്തന രീതികളെ കുറിച്ചും ലക്ഷ്യത്തെ കുറിച്ചും കോ. ഓർഡിനേറ്റർ ശ്രീമതി. ബീന വർഗ്ഗീസ് സംസാരിച്ചു. തുടർന്ന് താൽകാലിക ഭാരവാഹികളെ തിരഞ്ഞെടുത്തു. വികാരി റവ. ഫാ. ടെൻസ് കുപ്പിള്ളി അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ പഴുവിൽ ഫൊറോന സ്നഹനിധി ഭരവാഹി ശ്രീമതി. ലിസി ടീച്ചർ സിഹിതയായിരുന്നു.

**ജെസ്പ് II ആനിമേറ്റർമാരുടെ സംഗമം നടത്തി.**

ജെസ്പ് II പദ്ധതിയുടെ ഭാഗമായി യൂണിറ്റ് തലങ്ങളിൽ പ്രവർത്തനങ്ങൾ ക്രോഡീകരിക്കുന്ന ആനിമേറ്റേഴ്സിന്റെ മീറ്റിംഗ് നടത്തുകയുണ്ടായി. മുൻവർഷങ്ങളിലെ പ്രവർത്തനങ്ങളെ വിലയിരുത്തികൊണ്ട് തുടർപ്രവർത്തനങ്ങൾക്കുള്ള മാർഗ്ഗനിർദ്ദശങ്ങൾ ഡയറക്ടർ നൽകുകയും ഭാവി പ്രവർത്തനങ്ങൾക്ക് മാർഗ്ഗരേഖ തയ്യാറാക്കുകയും ചെയ്യ്തു. സാന്ത്വനം ഡയറക്ടർ ഫാ. തോമസ് പൂപ്പാടി, അസി. ഡയറക്ടർമാരായ ഫാ. ടോണി അരിമ്പൂർ, ഫാ. ടെഡ്സ് കുന്നപ്പിള്ളി, പ്രോജക്ട് കോ. ഓർഡിനേറ്റർ ശ്രീ. നിവിൻ ജോസഫ് തുടങ്ങിയവർ മീറ്റിംങ്ങിന് നേതൃത്വം നൽകി.

**അവബോധന ക്ലാസ് സംഘടിപ്പിച്ചു.**

ജെസ്പ് II പദ്ധതിയുടെ ഭാഗമായി വിദ്യാർത്ഥികൾക്കും അവരുടെ മാതാപിതാക്കൾക്കും വേണ്ടി സാന്ത്വനത്തിന്റെ നേതൃത്വത്തിൽ പരീക്ഷക്ക് ഒരുക്കമായുള്ള അവബോധന ക്ലാസ് സംഘടിപ്പിച്ചു. ഫാ. റോയ് ജോസഫ് വടക്കൻ (വർക്കിംഗ് മാനേജർ ജ്യോതി എൻജിനിയറിംഗ് കോളേജ്) ക്ലാസ്സ് നയിച്ചു. സാന്ത്വനം ഡയറക്ടർ ഫാ. തോമസ് പൂപ്പാടി, പ്രോജക്ട് കോ. ഓർഡിനേറ്റർ തുടങ്ങിയവർ ക്ലാസ്സിന് നേതൃത്വം നൽകി.

**ട്രൈനിംഗ് നടത്തി.**

സ്പിൻസ്റ്റേഴ്സ് പ്രോജക്ടിന്റെ ഭാഗമായി കേരള സോഷ്യൽ സർവീസ് ഫോറം കോട്ടയവുമായി സഹകരിച്ച് ഏകസ്ഥരും അവിവാഹിതരുമായ സ്ത്രികൾക്കുവേണ്ടി ഫാമിലി അപ്പോസ്തലേറ്റ് സെന്ററിൽ വെച്ച് സർവ്വീസ് ഓറിയന്റഡ് ഹ്യൂമൻ റിസോഴ്സ് ട്രൈനിംഗ് നടത്തി. 'വാർദ്ധ്യക്യത്തിലെ കരുതൽ' എന്ന വിഷയത്തെ ആസ്പദമാക്കി നടത്തിയ ട്രൈനിംഗിൽ

ഗവ. വൃദ്ധസദനം സൂപ്രണ്ട് ശ്രീ. ജയകുമാർ, ആയുർവേദ ഡോക്ടർ ശ്രീമതി. ശ്രീജി രാമചന്ദ്രൻ എിവർ ക്ലാസ്സുകൾ നയിച്ചു. സാന്ത്വനം ഡയറക്ടർ. ഫാ. തോമസ് പൂപ്പാടി, അസി. ഡയറക്ടർ ഫാ.ടെഡ്സ് കുപ്പിള്ളി, കെ. എസ്. എസ്. എഫ്. പ്രോജക്ക്ട് കോ. ഓർഡിനേറ്റർ സി.ജസീന തുടങ്ങിയവർ സിഹിതരായിരുന്നു. ഏകസ്ഥരായ സ്ത്രീകളുടെ സാമൂഹിക സാമ്പത്തിക ശാക്തീകരണം ഉറപ്പുവരുത്തുക എന്നീ ലക്ഷ്യത്തോടെയുള്ള വരുമാനദായക പദ്ധതികൾ ആരംഭിക്കാൻ തീരുമാനിച്ചു.

**SPED പുതിയ പദ്ധതി ആരംഭിച്ചു.**

SPED-III പദ്ധതി 5 വർഷങ്ങളിലായി സമൂഹത്തിന്റെ നന്മയ്ക്ക് ഉതകുന്ന പ്രവർത്തനങ്ങൾ കാഴ്ച്ചവെച്ചതിന് അംഗീകാരമായി സേവ് എ ഫാമിലി പ്ലാൻ പുതിയപദ്ധതി നൽകി. കിണർ നിർമ്മാണം റോഡ് പുനരുദ്ധാരണം, കനാൽ നവീകരണം, ജലശുദ്ധീകരണം, ഉപകരണങ്ങൾ, ലൈബ്രറി പുസ്തകങ്ങൾ, കസേരകൾ, എന്നിവയുടെ വിതരണം തുടങ്ങിയ പ്രവർത്തനങ്ങൾ 16 വാർഡുകളിലായി നടത്തിയതിനാണ് സാന്ത്വനത്തിന് അംഗീകാരം ലഭിച്ചിരിക്കുന്നത്.

**ഡാറ്റാ ശേഖരണം നടത്തി.**

ചിറ്റിശ്ശേരി, പെങ്ങണംക്കാട്, അന്തിക്കാട്,പടവരാട്,അഞ്ചേരി,എന്നീ ഇടവകകളിൽ ഗോഡ്സ് ഓൺ ഫാമിലി പദ്ധതിയുടെ ഗുണഭോക്തൃ കുടുംബങ്ങൾ സന്ദർശിക്കുകയും അവരുടെ അടിസ്ഥാന വിവരങ്ങൾ ശേഖരിക്കുകയും ചെയ്തു. ഡാറ്റാ ശേഖരണത്തിന് ആനിമേറ്റർ സീജ രഞ്ജിത്ത് നേതൃത്വം നൽകി.

ഫാ. ടോണി അരിമ്പൂർ
ഫാ. ടെഡ്സ് കുപ്പിള്ളി
അസി.ഡയറക്ടേഴ്സ്

ഫാ. തോമസ് പൂപ്പാടി
റെക്ടർ

# സംഘടനകൾ / പ്രസ്ഥാനങ്ങൾ

## ഫ്രാൻസിസ്കൻ അത്മായസഭ

**സമാധാനവും സൗഭാഗ്യവും**

എല്ലാവർക്കും ഈസ്റ്റർ ആശംസകൾ

തൃശ്ശൂർ അതിരൂപത ഫ്രാൻസിസ്കൻ അൽമായ സഭയുടെ ആഭിമുഖ്യത്തിൽ പുതിയ ഭാരവാഹികൾക്ക് നേതൃത്വപരിശീലന ക്യാമ്പ് 28.02.2016 ഞായറാഴ്ച ഫേമിലി അപ്പസ്തോലേറ്റ് സെന്ററിൽ വെച്ച് നടത്തി. തദവസരത്തിൽ 2016 വർഷത്തെ പ്രവർത്തന കലണ്ടർ പ്രകാശനം ചെയ്തു. അതിരൂപത പ്രസിഡണ്ട് സണ്ണി വടക്കന്റെ അദ്ധ്യക്ഷതയിൽ നടന്ന ക്യാമ്പ് വികാരി ജനറാൾ മോൺ. തോമസ് കാക്കശ്ശേരി ഉദ്ഘാടനം ചെയ്തു. ഫാ. പോൾ അടമ്പുകുളം, സി. റോസിലിൻ, പി.ഐ.സൈമൺ എന്നിവർ ക്ലാസ്സുകൾ നയിച്ചു. ഫാ. നിക്സൺ കോളാട്ടുകുടി ദിവ്യബലി അർപ്പിച്ചു. 211 അംഗങ്ങൾ വ്രതവാഗ്ദാനം നടത്തി. 394 അംഗങ്ങൾ ക്യാമ്പിൽ പങ്കെടുത്തു.

അതിരൂപതയിൽ ഏറ്റവും നല്ല റീജിയണായി വടക്കാഞ്ചേരിയേയും രണ്ടും മൂന്നും സ്ഥാനങ്ങൾ യഥാക്രമം പാലയൂർ, കണ്ടശ്ശാംകടവ് കരസ്ഥമാക്കി. അതിരൂപതയിലെ ഏറ്റവും നല്ല യൂണിറ്റ് ആയി കുണ്ടന്നൂരിനേയും രണ്ടും മൂന്നും സ്ഥാനങ്ങൾ യഥാക്രമം പുതുക്കാടും ഏനാമാവും കരസ്ഥമാക്കി. വിജയികൾക്കുള്ള ക്യാഷ് അവാർഡ് വികാരി ജനറാൾ സമ്മാനിച്ചു. രാവിലെ 9.30ന് തുടങ്ങിയ ക്യാമ്പ് ഉച്ചതിരിഞ്ഞ് 4 മണിക്ക് പ്രാർത്ഥനയോടെ അവസാനിച്ചു. മാർച്ച് 13ന് നടക്കുന്ന പാലയൂർ തീർത്ഥാടനത്തിലേക്ക് കഴിയുന്നത്ര അംഗങ്ങൾ പങ്കെടുക്കുവാൻ തീരുമാനിച്ചു.

യേശുവിൽ എളിയ സഹോദരൻ

**വി.സി. സണ്ണി,** പ്രസിഡണ്ട്

## മദ്യവിരുദ്ധ സമിതി

**മദ്യവിരുദ്ധ പ്രവർത്തന കൂട്ടായ്മയും ധ്യാനവും**

തൃശ്ശൂർ അതിരൂപതാ മദ്യവിരുദ്ധ സമിതിയുടെ പ്രവർത്തകർ കുടുംബസമേതം അർദ്ധദിന ധ്യാനവും കൂട്ടായ്മയും സംഘടിപ്പിച്ചു. ഫെബ്രുവരി 28ന് കാത്തലിക് സെന്ററിലായിരുന്നു പരിപാടി. ഡയറക്ടറച്ചൻ അർപ്പിച്ച ദിവ്യബലിയോടെ ആരംഭിച്ച കൂട്ടായ്മയിൽ ബ്രദർ ജോയ്സൺ വടക്കാഞ്ചേരി വചന പ്രഘോഷണം നടത്തി. നൂറിലേറെ പ്രവർത്തകർ ധ്യാനപരിപാടിയിൽ പങ്കെ

ടുക്കുകയുണ്ടായി. സ്നേഹവിരുന്നിനുശേഷം പതിവുള്ള എക്സിക്യൂട്ടീവ് യോഗം അരങ്ങേറി.

**മദ്യവിരുദ്ധ പ്രവർത്തകർ പരിഹാര യാത്രയ്ക്ക്**

അമ്പതു നോമ്പുകാലത്തിന്റെ അരൂപിയോടെ മദ്യപാനികളുടെ മാനസാന്തരം ലക്ഷ്യമാക്കി ഗുരുവായൂർ ഇടകാംഗങ്ങൾ മദ്യവിരുദ്ധ സമിതിയുടെ നേതൃത്വത്തിൽ സമീപ ദൈവാലയങ്ങൾ സന്ദർശിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തു.

**പുസ്തക പ്രകാശനവും വിതരണവും**

മദ്യവിരുദ്ധ സമിതിയുടെയും യൂണിറ്റുകളുടെയും സാമ്പത്തിക പരാധീനത പരിഹരിക്കുന്നതിന് ഫെബ്രുവരി 28ന് അറിയിച്ചതുപോലെ ഒരു പുസ്തകം പ്രസിദ്ധീകരിക്കുകയാണ്. മദ്യവിരുദ്ധ ചിന്തകളും പ്രവർത്തന മാതൃകകളും മാർഗ്ഗോപദേശങ്ങളും ഉൾക്കൊള്ളുന്ന "മദ്യ വിമുക്ത സഭയും സമൂഹവും' എന്ന പുസ്തകം തയ്യാറായി. മാർച്ച് 20-ാം തിയതി പാസ്റ്ററൽ സെന്ററിൽ ഇതിന്റെ പ്രകാശനവും വിതരണവും നിർവ്വഹിച്ചു. യൂണിറ്റുകളിൽ ഏറ്റവും കുറഞ്ഞത് അമ്പതു പുസ്തകമെങ്കിലും ചെലവഴിക്കണം. 140 രൂപ വിലയുള്ള പുസ്തകം 110 രൂപയ്ക്ക് വില്ക്കുന്നു. അഭിവന്ദ്യപിതാക്കന്മാരുടെ ആശീർവ്വാദാശംസകളോടുകൂടിയ, മുപ്പതിൽ പരം ഈടുറ്റ ലേഖനങ്ങളുടെ സമാഹാരമായ ഈ പുസ്തകം പരമാവധി വിതരണം ചെയ്യുവാൻ പരിശ്രമിക്കുമല്ലോ.

**റുഖിയാ ഖാദറിന് അഭിനന്ദനം**

സ്വന്തം വീട്ടുപടിക്കൽ പ്രവർത്തിച്ചിരുന്ന വിദേശ മദ്യഷോപ്പ് സമരം ചെയ്ത് അടച്ചുപൂട്ടിച്ച റുഖിയാ ഖാദറിന് അതിരൂപത മദ്യവിരുദ്ധ സമിതി ഹാർദ്ദമായി അഭിനന്ദിച്ചു. വലപ്പാടുള്ള പായച്ചോട്ടിലെ വിദേശ മദ്യവിതരണ കേന്ദ്രമാണ് അടച്ചത്.

**ഉന്നതപോലീസു ഉദ്യോഗസ്ഥർക്ക് ക്ലാസ്സ്**

സി.ഐ., എസ്.ഐ., പദവികളിലുള്ള അമ്പതോളം പോലീസ് ഉദ്യോഗ്ഥർക്ക് 09.3.16ന് രാമവർമ്മപുരത്തെ പോലീസ് അക്കാദമി ഓഡിറ്റോറിയത്തിൽ ഡയറക്ടറച്ചനും ശ്രീ. സേവ്യാർ പള്ളിപ്പാട്ടും ചേർന്ന് മദ്യവിരുദ്ധ പ്രഭാഷണം നടത്തി.

| | |
|---|---|
| **ഫാ. ദേവസ്സി പന്തല്ലൂക്കാരൻ** | **പി. പി. ഡേവീസ്** |
| ഡയറക്ടർ | പി.ആർ.ഒ. |

# ജോൺപോൾ പ്രോലൈഫ് മൂവ്മെന്റ്

**പ്രോലൈഫ് നഴ്സസ് സെമിനാർ - 2016**

ജീവനെതിരെ വർദ്ധിച്ചുവരുന്ന അതിക്രമങ്ങൾ ദിനം പ്രതി മാധ്യമങ്ങളിലൂടെ നാം അറിഞ്ഞുകൊണ്ടിരിക്കുന്നു. എന്നാൽ അറിയാതെപോകുന്ന പിഞ്ചു കുഞ്ഞുങ്ങളുടെ ചുടുരക്തത്തിന്റെ കൃത്യമായ കണക്കുകൾ ഇന്നും അജ്ഞാതമാണ്. ജീവന്റെ മൂല്യത്തെക്കുറിച്ചുള്ള ബോധവൽക്കരണത്തിന്റെ ഭാഗമായി തൃശ്ശൂർ അതിരൂപത ജോൺ പോൾ പ്രോലൈഫ് മൂവ്മെന്റിന്റെ നേതൃത്വത്തിൽ നഴ്സിംഗ് മേഖലയിൽ പഠിച്ചുകൊണ്ടിരിക്കുന്നവർക്കും ജോലി ചെയ്യുന്നവർക്കുമായി ഒരു ഏകദിന സെമിനാർ സംഘടിപ്പിച്ചിരിക്കുന്നു.

സ്ഥലം : ജൂബിലി മിഷൻ മെഡിക്കൽ കോളേജ്, മുരിങ്ങാത്തേരി ഹാൾ

തീയതി : 14.04.2016, വ്യാഴം , സമയം : 9.30 am മുതൽ 4 pm വരെ

പരമാവധി പേരെ പങ്കെടുപ്പിക്കണമെന്ന് സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു. (രജിസ്ട്രേഷൻ ഫീസ് ഇല്ല. ഭക്ഷണം ഉണ്ടായിരിക്കും.)

**ല്ഹയിം മീറ്റ് - 2016**

തൃശ്ശൂർ അതിരൂപത കുടുംബങ്ങളിൽ 4 ഉം അതിൽ കൂടുതൽ മക്കളുള്ളതും 2015 ജനിച്ച കുഞ്ഞുങ്ങളുള്ളതുമായ കുടുംബങ്ങളെ ആദരിക്കുന്നു.

തീയതി : 08.05.2016, ഞായർ

സ്ഥലം : ഫാമിലി അപ്പൊസ്തൊലേറ്റ് സെന്റർ, തൃശ്ശൂർ

സമയം : 3.00 pm മുതൽ 5.30 pm വരെ

റവ. ഫാ. ഡെന്നി താണിക്കൽ
ഡയറക്ടർ
9846142576

ജെയിംസ് ആഴ്ചങ്ങാടൻ
പ്രസിഡണ്ട്
9605043327

# ലീജിയൻ ഓഫ് മേരി

ലീജിയൻ ഓഫ് മേരി തൃശ്ശൂർ കമ്മീസിയം ആച്ചിയസ് ചടങ്ങ് ഏകദിന പരിപാടിയോടെ സെന്റ് മേരീസ് കോളേജിൽ വെച്ച് നടത്തപ്പെട്ടു. രാവിലെ 10 മണിക്ക് പ്രാരംഭപ്രാർത്ഥനയോടും ജപമാലയോടും കൂടി ആരംഭിച്ച സമ്മേളനം റവ.സി. ലിസി ടോം MSMI (കൊളുത്തുവയൽ , കോഴിക്കോട്) പ്രസംഗം നടത്തി. 12.30ന് ആദ്ധ്യാത്മിക നിയന്താവ് റവ. ഫാ. ജോൺ മൂലൻ, റവ. ഫാ.

ഡിബിൻ (കാഞ്ഞിരപ്പുഴ രൂപത) റവ. ഫാ. ജോസ് മേച്ചേരി – സാഗർ രൂപത, വൈദികർ ദിവ്യബലി അർപ്പിച്ചു. ഉച്ചഭക്ഷണത്തിനുശേഷം 2 മണിക്ക് കമ്മീസിയം സമ്മേളനവും 2.30ന് ആച്ചിയസ് ചടങ്ങ് ആരംഭിച്ചു. കമ്മീസിയം പ്രസിഡന്റ് ബ്ര. കെ. പി. ജോയ് അദ്ധ്യക്ഷത വഹിച്ചു. ആദ്ധ്യാത്മിക നിയന്താവ് സ്വാഗതമാശംസിച്ചതിനുശേഷം സെക്രട്ടറി ബ്ര. കുരിയപ്പൻ മുൻമാസ റിപ്പോർട്ടും ട്രഷറർ ബ്ര. എ ജെ. വിൻസെന്റ് മുൻമാസ വരവ്–ചിലവ് കണക്കും അവതരിപ്പിച്ചു.

അതിരൂപത വികാരി ജനറാൾ മോൺ. ജോർജ്ജ് കോമ്പാറ ആച്ചിയസ് ചടങ്ങ് (സൈനീക പ്രകടനം) ഉദ്ഘാടനം ചെയ്തു. ഓരോ വർഷവും മരിയ സൈനീകർ അടുത്ത ഒരു വർഷത്തേക്ക് ശക്തി ലഭിക്കുന്ന പ്രതിജ്ഞാ വാചകം 'എന്റെ രാജ്ഞി എന്റെ മാതാവെ ഞാൻ നിന്റേതാകുന്നു എനിക്കുള്ളതെല്ലാം നിന്റേതാകുന്നു. എന്ന് വികാരി ജനറാൾ എല്ലാ മരിയ സൈനീകർക്കും ചൊല്ലികൊടുത്തത് സൈനീകർ ഏറ്റു ചൊല്ലി. കമ്മീസിയം അസി. ആദ്ധ്യാത്മിക നിയന്താവായ റവ. സി. ക്രിസ്‌ലിൻ കോളേജിന്റെ പ്രിൻസിപ്പാൾ സ്ഥാനം അവസാനിക്കുന്നതിനാലും കമ്മീസിയത്തിന്റെ അസി. ആദ്ധ്യാത്മിക നിയന്താവിന്റെ സ്ഥാനം ഒഴിയുന്നതിനാലും ഈ ആച്ചിയസ് ചടങ്ങിൽ വച്ച് യാത്രയയപ്പ് നൽകുകയും ചെയ്തു. മരിയൻ സൈനീകരുടെ ഓർമ്മയ്ക്കായി അതിരൂപത വികാരി ജനറാൾ മോൺ. ജോർജ്ജ് കോമ്പാറ സ്നേഹോപഹാരം നൽകുകയും ചെയ്തു. ആശംസകളർപ്പിച്ചുകൊണ്ട് കാഞ്ഞിരപ്പുഴ കൂരിയ ആദ്ധ്യാത്മിക നിയന്താവ്, കമ്മീസിയം സെക്രട്ടറി എന്നിവർ സംസാരിച്ചു. സിസ്റ്റർ ക്രിസ്‌ലിൻ മറുപടി പ്രസംഗം നടത്തിയതിന് ശേഷം 600 ഓളം വരുന്ന മരിയ സൈനീകർ 2 വരിയായി ജപമാല ചൊല്ലികൊണ്ട് ബസലിക്ക ഹാളിലേയ്ക്ക് സൈനിക പ്രകടനം ആരംഭിച്ചു. ബഹു. വികാരി ജനറാൾ എല്ലാ മരിയ സൈനീകർക്കും ആശീർവ്വാദവും നൽകി.

ജപമാല പ്രദക്ഷിണം ബസലിക്ക പള്ളിയിൽ എത്തിയതിനുശേഷം ബസിലിക്ക റെക്ടർ റവ. ഫാ. ജോർജ്ജ് എടക്കളത്തൂർ പ്രതിഷ്ഠാ ജപം ചൊല്ലിയത് മരിയ സൈനീകരും ഏറ്റു ചൊല്ലിയതിനുശേഷം ബഹു. റെക്ടറച്ചൻ സമാപനാശീർവ്വാദത്തോടെ ആച്ചിയസ് ചടങ്ങ് സമാപിച്ചു.

കമ്മീസിയത്തിന് കീഴിൽ പുതിയ ലൂർദ്ദ് കൂരിയ മാർച്ച് 12ന് ലൂർദ്ദ് കത്തീഡ്രലിൽ വികാരി ജനറാൾ മോൺ തോമസ് കാക്കശ്ശേരി ഉദ്ഘാടനം ചെയ്യുന്നതാണെന്നും പ്രസിഡന്റ് അറിയിച്ചു.

ദിവ്യനാഥയുടെ സേവനത്തിൽ

**റവ. ഫാ. ജോൺ മൂലൻ** — **പി.സി. കുരിയപ്പൻ**

ആദ്ധ്യാത്മിക നിയന്താവ് — സെക്രട്ടറി

# സൊസൈറ്റി ഓഫ് സെൻ്റ് വിൻസെൻ്റ് ഡി പോൾ

## സി.സി. വാർത്തകൾ

1. മോൺ ജോർജ്ജ് കോമ്പാറയുടെ പിതാവിന്റെ നിര്യാണത്തിൽ യോഗം അനുശോചനം രേഖപ്പെടുത്തി.

2. പട്ടിക്കാട് ഏരിയാ കൗൺസിലിന്റെ പുതിയ പ്രസിഡണ്ടായി ബ്ര. എൻ. ആർ ഫ്രാൻസീസ് തെരഞ്ഞെടുക്കപ്പെട്ടു. സി.സി.യുടെ അനുമോദനങ്ങൾ മുൻ എ.സി. പ്രസിഡണ്ടായിരുന്ന ബ്ര. എം.ജെ. മാത്യുവിന്റെ 6 വർഷ ക്കാല സേവനങ്ങൾക്ക് സി.സിയുടെ നന്ദി.

3. പുതിയ അംഗങ്ങൾക്കായുള്ള പരിശീലന ക്ലാസ്സ് ഫെബ്രുവരി 28, മാർച്ച് 6 തിയതികളിൽ നടത്തി. അഡ്വ. ജെസ്റ്റിൻ ഡേവീസ് ക്ലാസ്സ് നയിച്ചു. 207 പേർ ക്ലാസ്സിൽ പങ്കെടുത്തു.

4. 'കാരുണ്യസ്പർശം' ഫണ്ടിൽ നിന്ന് 9 രോഗികൾക്കായി 90,000 രൂപ സഹായം നൽകി. ഇതുവരെയായി 17 രോഗികൾക്ക് 1,70,000 രൂപ കാരുണ്യവർഷത്തിൽ സഹായം നൽകി.

5. മാർച്ച് 6ന് കുരിയച്ചിറ സെന്റ് ജോസഫ് മോഡൽ ബോയ്സ് ഹയർ സെക്കണ്ടറി സ്കൂളിൽ വെച്ച് സി.സി. അംഗങ്ങളുടെ കുടുംബസംഗമം നടത്തി. സി. സി. ആദ്ധ്യാത്മികോപദേഷ്ടാവ് റവ. ഡോ. ആന്റണി ചെമ്പകശ്ശേരിയുടെ കാർമ്മികത്വത്തിൽ നടന്ന ദിവ്യബലിക്ക് ശേഷം അതിരൂപത ചാൻസലർ ഫാ. മാത്യു കുറ്റിക്കോട്ടയിൽ കരുണാവർഷത്തെ സംബന്ധിച്ച് ക്ലാസ്സെടുക്കുകയും കുടുംബസംഗമം ഉദ്ഘാടനം ചെയ്യുകയും ചെയ്തു. സി.സി. പ്രസിഡന്റ് ബ്ര. കെ. എ. ഷിബു യോഗത്തിൽ അദ്ധ്യക്ഷത വഹിക്കുകയും റവ. ഡോ. ആന്റണി ചെമ്പകശ്ശേരി അനുഗ്രഹപ്രഭാഷണം നടത്തുകയും ചെയ്തു. കുടുംബാംഗങ്ങളുടെ കലാപരിപാടികൾ ചടങ്ങിന് മോടികൂട്ടി. ബ്ര. പി. ആർ പോൾസൺ, ബ്ര. ജോയ് ജോർജ്ജ് കെ., ബ്ര. കെ. കെ. പോൾസൺസൺ എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

6. ഫെബ്രുവരി 14ന് സംഘടനയുടെ നേതൃത്വത്തിൽ 16 ഫൊറോന ദേവാലയങ്ങളിൽ പ്രാർത്ഥന ഉപവാസ ദിനമായി ആചരിച്ചു. ധ്യാനം, കൊന്ത, കുരിശിന്റെ വഴി, ആരാധന എന്നിവയോടുകൂടിയാണ് പ്രാർത്ഥനദിനം ആചരിച്ചത്.

7. കോൺഫ്രൻസ് ഏരിയ കൗൺസിൽ വാർഷിക കണക്കുകൾ ഇന്റേണൽ ഓഡിറ്റ് ചെയ്ത് മെയ് 1 മുമ്പായി സി.സി. ആഫീസിൽ സമർപ്പിക്കേണ്ടതാണ്

8. ഏപ്രിൽ മാസം പ്രസിദ്ധീകരിക്കുന്ന വിൻസെൻഷ്യൻ വോയ്സിലേക്കുള്ള മാറ്ററുകളും പരസ്യങ്ങളും സി.സി. ആഫീസിൽ ഏല്പിക്കണമെന്ന് യോഗത്തിൽ അറിയിച്ചു.

**ഫാ. ആന്റണി ചെമ്പകശ്ശേരി**
ആദ്ധ്യാത്മികോപദേഷ്ടാവ്

**പോൾസൺ കെ.കെ.**
സെക്രട്ടറി

# സി.എൽ.സി.

## പ്രവർത്തക സമിതി യോഗം

അതിരൂപത സി.എൽ.സിയുടെ പ്രവർത്തക സമിതി യോഗം നടന്നു. സി.എൽ.സി. പ്രമോട്ടർ ഫാ. ജിയോ തെക്കിനിയത്ത് യോഗം ഉദ്ഘാടനം ചെയ്തു. പ്രസിഡന്റ് ശ്രീ. ബിജിൽ സി. ജോസഫ് അദ്ധ്യക്ഷത വഹിച്ചു. പാലയൂർ ജാഗരണ പദയാത്രയുടെയും മഹാതീർത്ഥാടനത്തിന്റെ വേസ്റ്റ് മാനേജ്മെന്റിന്റെ കാര്യങ്ങളെക്കുറിച്ചും ചർച്ച നടന്നു. മീറ്റിങ്ങിൽ അതിരൂപത സെക്രട്ടറി സെബിൻ സി.കെ. റിപ്പോർട്ട് അവതരിപ്പിച്ചു. യോഗത്തിന് ബിനോയ് കാറളത്തുക്കാരൻ, ഷിൻസി ഫ്രാൻസീസ്, റീമ തോമസ്, സോണി, ഡിവിൻ എന്നിവർ നേതൃത്വം നൽകി. അസിസ്റ്റന്റ് പ്രമോട്ടർ ഫാ. ഫ്രജോ വാഴപ്പിള്ളി സന്നിഹിതനായിരുന്നു.

അതിരൂപത സി. എൽ.സിയുടെ ഫൊറോന ഭാരവാഹികളുടെയും അതിരൂപത ഭാരവാഹികളുടെയും യോഗം നടന്നു. കരുണാവർഷത്തോടനുബന്ധിച്ച് സി. എൽ.സി. നടത്താൻ ഉദ്ദേശിക്കുന്ന പദ്ധതികളായ 'കാരിത്ത പദ്ധതിയെക്കുറിച്ച് ചർച്ച നടന്നു. എല്ലാ ഫൊറോന ഭാരവാഹികളുടെയും പരിപൂർണ്ണ സഹകരണം അഭ്യർത്ഥിച്ചു. സി. എൽസി. പ്രമോട്ടർ ഫാ. ജിയോ തെക്കിനിയത്ത് മീറ്റിങ്ങ് ഉദ്ഘാടനം ചെയ്തു. പ്രസിഡന്റ് ശ്രീ. ബിജിൽ സി. ജോസഫ് അദ്ധ്യക്ഷത വഹിച്ചു. സംസ്ഥാന പ്രസിഡന്റ് വിനേഷ് ജെ കോളേങ്ങാടൻ ചർച്ചകൾക്ക് നേതൃത്വം നൽകി. ഫാ. ഫ്രജോ വാഴപ്പിള്ളി, സെബിൻ സി. ജെ., ബിനോയ് കാറളത്തുക്കാരൻ, ഷിൻസി, റീമ തോമസ്, സോണി തൃശ്ശൂക്കാരൻ, ഡിവിൻ വിൻസെന്റ്, ഡിൽജോ തരകൻ എന്നിവർ നേതൃത്വം നൽകി.

## സംസ്ഥാന പ്രൊമോട്ടർക്ക് സ്വീകരണവും ഭാരവാഹികളുടെ സ്ഥാനാരോഹണവും

തൃശ്ശൂർ അതിരൂപത സി. എൽ.സിയുടെ 2016-18 വർഷത്തെ അതിരൂപത ഭാരവാഹികളുടെ സ്ഥാനാരോഹണവും സംസ്ഥാന സി. എൽ.സി. പ്രമോട്ടർ റവ. ഫാ. ജിയോ തെക്കിനിയത്തിന് സ്വീകരണവും 2016 ഫെബ്രുവരി 27ന് ശനിയാഴ്ച ആർച്ച്ബിഷപ് ഹൗസിൽ വെച്ച് നടന്നു. തൃശ്ശൂർ അതിരൂപതാ മെത്രാപ്പോലീത്താ മാർ ആൻഡ്രൂസ് താഴത്ത് യോഗം ഉദ്ഘാടനം

ചെയ്തു. അതിരൂപതാ സി. എൽ.സിയുടെ പ്രവർത്തനങ്ങളെക്കുറിച്ച് പിതാവ് ഏറെ അഭിമാനത്തോടെ സംസാരിച്ചു. കാരിത്താ വിദ്യാഭ്യാസ പദ്ധതിയിലും, പാലയൂർ തീർത്ഥാടനത്തിന്റെ വേസ്റ്റ് മേനേജ്മെന്റിനെക്കുറിച്ചും പിതാവ് മുക്തകണ്ഠം പ്രശംസിച്ചു. അതിരൂപത സി.എൽ.സിയുടെ 2016, 2017 വർഷത്തെ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം വികാരി ജനറാൾ മോൺ. തോമസ് കാക്കശ്ശേരി നിർവ്വഹിച്ചു. സംസ്ഥാന സി. എൽ..സി. പ്രമോട്ടർ ഫാ.ജിയോ തെക്കിനിയത്ത് സന്ദേശം നൽകി സംസാരിച്ചു. അതിരൂപതാ സി. എൽ.സി. പ്രസിഡന്റ് ഡിൽജോ തരകൻ അദ്ധ്യക്ഷത വഹിച്ചു. സംസ്ഥാന സി. എൽ.സി. പ്രസിഡന്റ് ശ്രീ. വിനേഷ് ജെ കോളേങ്ങാടൻ സത്യപ്രതിജ്ഞ ചൊല്ലിക്കൊടുത്തു. റവ. ഫാ. ഫ്രജോ വാഴപ്പിള്ളി, സി. നമിത റോസ് സീനിയർ സി. എൽ.സി ജെയിംസ് മുട്ടിക്കൽ, ജോസ് മോൻ, കെ. ഫ്രാൻസീസ്, ഡെന്നീ ഡേവീസ് എന്നിവർ ആശംസകൾ അർപ്പിച്ചു സംസാരിച്ചു. പുതിയ അതിരൂപതാ സി. എൽ.സി. പ്രസിഡന്റ് ബിജിൽ സി. ജോസഫ് നയപ്രഖ്യാപനം നടത്തി.

**യുവജന ജാഗരണ പദയാത്ര പ്രാർത്ഥനാ നിരഭരമായ്**

അതിരൂപതയുടെ 19-ാംമത് പാലയൂർ തീർത്ഥാടനത്തോടനുബന്ധിച്ച് സംഘടിപ്പിക്കുന്ന ജാഗരണ പദയാത്ര യുവജനങ്ങളുടെ പങ്കാളിത്തംകൊണ്ട് ശ്രദ്ധേയമായി. അതിരൂപത സി.എൽ.സി. നേതൃത്വം നൽകി. ജാഗരണ പദയാത്ര. അതിരൂപത വികാരി ജനറാൾ മോൺ. ഫാ. ജോർജ്ജ് കോമ്പാറ സംസ്ഥാന സി. എൽ.സി. പ്രൊമോട്ടർ റവ. ഫാ. ജിയോ തെക്കിനിയത്തിന് പതാക നൽകി, ഉദ്ഘാടനം ചെയ്തു.

**പ്രമോട്ടേഴ്സ് മീറ്റ്**

അതിരൂപതാ സി. എൽ.സി.യുടെ ഫൊറോനകളുടെ പ്രൊമോട്ടേഴ്സ് മീറ്റ് നടത്തി. അതിരൂപത സി. എൽ.സി. പ്രമോട്ടർ ഫാ. ജിയോ തെക്കിനിയത്ത് മീറ്റിംഗ് ഉദ്ഘാടനം ചെയ്തു. അസിസ്റ്റന്റ് പ്രമോട്ടർ ഫാ. ഫ്രജോ വാഴപ്പിള്ളി ചർച്ചകൾക്ക് നേതൃത്വം നൽകി 10-ഓളം ഫൊറോനകളിൽ നിന്നുള്ള വൈദികർ പങ്കെടുത്തു. ഉച്ചഭക്ഷണത്തോടെ യോഗം സമാപിച്ചു. മീറ്റിങ്ങിന് അതിരൂപത പ്രസിഡന്റ് ബിജിൽ സി. ജോസഫ്, സെബിൻ സി. കെ. , ബിനോയ് കാറളത്തുക്കാരൻ, ഡിൽജോ തരകൻ എന്നിവർ നേതൃത്വം നൽകി.

**പാലയൂർ തീർത്ഥാടനം വേസ്റ്റ് മേനേജ്മെന്റ്**

19-ാമത് പാലയൂർ മഹാതീർത്ഥാടനത്തിന്റെ വേസ്റ്റ് മാനേജ്മെന്റ് ഉദ്ഘാടനം മാർ ആൻഡ്രൂസ് താഴത്ത് പിതാവ് നിർവ്വഹിച്ചു. വിവിധ മേഖലകളിൽ നിന്നുള്ള പദയാത്രയുടെ വേസ്റ്റ് മാനേജ്മെന്റ് ഒല്ലൂർ, പഴുവിൽ, വേലൂർ, എരുമപ്പെട്ടി മുഖ്യപദയാത്ര എന്നിവയുടെ ശുദ്ധീകരണത്തിന് വിവിധ മേഖലക

ളിൽ നിന്നുള്ള സി. എൽ.സി. പ്രവർത്തകർ നേതൃത്വം നൽകി. ചെയർമാൻ ഫാ. ഫ്രെജോ വാഴപ്പിള്ളി, കൺവീനർ ബിജിൽ സി. ജോസഫ്, ജോമി ജോൺസൺ, ജൂബിൻ സോണി, ജെറിക്ക്, ഡിവിൻ ഡോംസൺ, ജിതിൻ, ജോൺസൺ, ജീനു, ഫ്രാങ്ക്ളിൻ, സെബിൻ എന്നിവർ നേതൃത്വം നൽകി.

**കാരിത്ത 2016 – ഒരു രൂപ ദിനം, ഒരു പദ്ധതി ഉദ്ഘാടനം**

കരുണാവർഷത്തോടനുബന്ധിച്ച് അതിരൂപത സി. എൽ.സിയുടെ പ്രവർത്തനങ്ങൾക്ക് ഒരുദിനം ഒരു രൂപ പദ്ധതിയുടെ ഉദ്ഘാടനം നിർവ്വഹിച്ചു.

**മാർച്ച് 20 ലോക സി. എൽ. സി. ദിനം യൂണിറ്റുകളിൽ നടന്നു.**

മാർച്ച് 25 ലോക സി. എൽ.സി. ദിനാഘോഷം, അതിരൂപതയിൽ മാർച്ച് 20 ഓശാന ഞായറാഴ്ച യൂണിറ്റുകളിൽ നടന്നു.

**സി. എൽ.സി. സംസ്ഥാന സമ്മേളനവും, റൂബി ജൂബിലി സമാപനവും**

സംസ്ഥാന സി. എൽ.സി.യുടെ സമ്മേളനവും റൂബി ജൂബിലി സമാപനവും മെയ് 21, 22 തിയതികളിൽ തൃശ്ശൂരിൽ വെച്ച് നടത്തപ്പെടുന്നു.

**ഏപ്രിൽ 13, 14 ലീഡേഴ്സ് മീറ്റ്**

അതിരൂപത ഭാരവാഹികളുടെയും ഫൊറോന ഭാരവാഹികളുടെയും നേതൃത്വസംഗമം നടത്തുന്നു.

**മാർ ആൻഡ്രൂസ് താഴത്ത് പിതാവിന് അനുമോദനം**

സി.ബി.സി.ഐ. ഫസ്റ്റ് വൈസ് പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ട മാർ ആൻഡ്രൂസ് താഴത്ത് പിതാവിന് അതിരൂപതാ സി. എൽ.സി. അനുമോദനങ്ങൾ നേർന്നു. ഫാ. ജിയോ തെക്കിനിയത്ത്, ബിജിൽ സി. ജോസഫ്, ഡിൽജോ തരകൻ, സെബിൻ സി. കെ. ബിനോയ് കാറളത്തുക്കാരൻ ഡിവിൻ വിൻസെന്റ് എന്നിവർ സന്നിഹിതരായിരുന്നു.

**ഫാ. ജിയോ തെക്കിനിയത്ത്**
ഡയറക്ടർ

സെബിൻ സി. കെ.
ജനറൽ സെക്രട്ടറി

# കെ. സി. എസ്. എൽ.

### 1. അതിരൂപത നേതൃത്വ ക്യാമ്പ്

തൃശ്ശൂർ അതിരൂപത കെ.സി. എസ്. എൽ. വിദ്യാർത്ഥികൾക്കായി രണ്ടുദിവസത്തെ ക്യാമ്പ് മാർച്ച് 5, 6 തിയതികളിലായി നടത്തപ്പെട്ടു. ക്യാമ്പിൽ 47 ആൺകുട്ടികളും 56 പെൺകുട്ടികളും അടക്കം 40തോളം വിദ്യാലയങ്ങളിൽ നിന്നായി 103 കുട്ടികൾ പങ്കെടുത്തു. ഫാമിലി അപ്പസ്തോലേറ്റ്, ഡി.ബി. സി. എൽ.സി എന്നിവിടങ്ങളിലായി നടത്തപ്പെട്ട ക്യാമ്പിൽ വിവിധ വിഷയങ്ങളെ ആസ്പദമാക്കി പ്രമുഖർ ക്ലാസ്സുകൾ നയിച്ചു. നേതൃത്വ ക്യാമ്പിൽ നിന്ന് 2016 – 2017 വർഷത്തേയ്ക്കുള്ള വിദ്യാർത്ഥി ഭാരവാഹികളെ തെരഞ്ഞെടുത്തു.

ചെയർമാൻ : ഷാരോൺ ബോബി (നിർമ്മൽ ജ്യോതി പി.എസ്., പഴമുക്ക്), ജന. സെക്രട്ടറി : ഷെറിൻ സേവിയാർ (SHCGHS, തൃശ്ശൂർ) H.S. Boys Secretary : സ്റ്റീവോ സ്റ്റെന്നി (St.Marys H.S, Chengalur) H. S. Girls Secretary : ഐെയ്റിൻ പി. മേനാച്ചേരി (HFCGHS, Chembukkavu), UP Boys Secretary : ഹെവൻ എം. എൽ. (St. Xavier's UPS, Pudukkad) UP Girls Secretary : ഡാലിയ സെബി (St. Ann's CGHS, West Fort) എക്സിക്യൂട്ടീവ് അംഗങ്ങൾ – ജോയൽ ജോസഫ് (St. Sebastian's H.S. Chittattukara) എക്സി. ക്യൂട്ടീവ് അംഗങ്ങൾ – ജോയൽ ജോസഫ് (St. Sebastian HS Chittattukara) ഇവലിൻ റോസ് (St. Alloysious HS Elthuruth)

### 2. സംസ്ഥാന കെ. സി. എസ്. എൽ. കലോത്സവം

2016ലെ സംസ്ഥാന കലോത്സവം ഇരിങ്ങാലക്കുട രൂപതയിലെ കുറ്റിക്കാട് സെന്റ് സെബാസ്റ്റ്യൻസ് HSS ൽ നടന്നു. 22 രൂപതകളിൽ നിന്നായി സാഹിത്യ, കലാമത്സരങ്ങൾ ബൈബിൾ അധിഷ്ഠിതമായി നടത്തപ്പെട്ടു. അതിരൂപതയിൽ നിന്നും 152 വിദ്യാർത്ഥികൾ വിവിധ സ്കൂളുകളിൽ നിന്നായി പങ്കെടുത്തു. സാഹിത്യമത്സരങ്ങളിലും, കലാമത്സരങ്ങളിലും ഓവറോൾ തേർഡ് നേടി. യു.പി. വിഭാഗത്തിൽ ഓവറോൾ ഫസ്റ്റ് എന്നീ വിശേഷപ്പെട്ട മൂന്നു ട്രോഫികൾ കരസ്ഥമാക്കി.

### കെ. സി. എസ്. എൽ അതിരൂപത വാർഷികം

അതിരൂപത വാർഷിക സമ്മേളനം അതിരൂപത കാറ്റിക്കിസം ഡയറക്ടർ ഫാ. റാഫേൽ ആക്കാമറ്റത്തിൽ നിർവ്വഹിച്ചു. ഡയറക്ടർ റവ. ഫാ. ആന്റണി ചെമ്പകശ്ശേരി അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ വിവിധ കലാ സാഹിത്യമത്സരങ്ങളിൽ പങ്കെടുത്ത് വിജയികളായ കുട്ടികളുടെ വിദ്യാലയങ്ങൾക്ക് ട്രോഫികൾ നൽകി ആദരിച്ചു.

Best Units : 1 UP Boys - St.Mary's UPS Ambakkad, 2. UP Girls - SHCGHS, Thrissur, 3. H.S. Boys - Deepthi H.S., Thalore, 4. HS. Girls - SHCGHS Thrissur 5. HSS Boys - Nirmalamatha C.S. East Fort, 6. HSS Girls - LF CGHSS, Mammiyoor

Overall First : 1. UP Boys Ist, St.Xaviers UPS Pudukkad, 2. H.S. Boys 1st Holy Angels E.M.HSS, Ollur, 3. HSS Boys Ist, St. Thomas CHSS, Thrissur 4. UP Girls Ist SHCGHS, Thrissur 5. HS Girls Ist SHCGHS, Thrissur 6. HSS Girls Ist LFCGHSS Mammiyoor

### 4. ചാരിറ്റി പ്രവർത്തനം

ഈ വർഷം ചാരിറ്റി പ്രവർത്തനത്തോടനുബന്ധിച്ച് വിവിധ തരത്തിലുള്ള സഹായങ്ങൾ വിദ്യാർത്ഥികൾക്ക് നൽകി.

a. പഠന കിറ്റ് : ബാഗ്, പുസ്തകം, ഇൻസ്ട്രുമെൻര് ബോക്സ്, പേനകൾ എന്നിവയടങ്ങുന്ന ഒരു പഠന കിറ്റ് നിർദ്ധനരായ 450 വിദ്യാർത്ഥികൾക്ക് നൽകി.

b. ചികിത്സാ സഹായം : ജാതിമതഭേദമെന്യേ മാരക രോഗങ്ങളാൽ അവ ശത അനുഭവിക്കുന്ന വിദ്യാർത്ഥികൾക്കോ അല്ലെങ്കിൽ അത്തരത്തിലുള്ള രക്ഷിതാക്കൾക്കോ പതിനായിരം രൂപയുടെ ചികിത്സാ സഹായം ഈ വർഷം അർഹരായ 12 പേർക്ക് നൽകി.

c. ഉപരിപഠന സഹായം : പഠനമികവും, സാമ്പത്തിക ഭദ്രത കുറഞ്ഞതു മായ 3 വിദ്യാർത്ഥികൾക്ക് പതിനായിരം രൂപ വീതം സഹായം നൽകി.

d. നവതി സ്കോളർഷിപ്പ് : കെ.സി.എസ്. എൽ. സജീവമായി പ്രവർത്തി ക്കുകയും, നന്നായി പഠിക്കുകയും ചെയ്യുന്ന നിർദ്ധനരായ 10 വിദ്യാർത്ഥി കൾക്ക് 2000 രൂപ വീതം നൽകി.

### 5. സംസ്ഥാന നേതൃത്വ ക്യാമ്പ്

2016 –2017 വർഷത്തെ സംസ്ഥാന കെ.സി.എസ്. എൽ. വിദ്യാർത്ഥി കൾക്കായി മൂന്നു ദിവസത്തെ നേതൃത്വ പരിശീലന ക്യാമ്പ് കൊല്ലത്ത് 18.04.2016നൽ നടക്കുന്നു. ക്യാമ്പിൽ അതിരൂപത വിദ്യാർത്ഥി എക്സിക്യൂ ട്ടീവ് അംഗങ്ങൾ എല്ലാവരും പങ്കെടുക്കേണ്ടതാണ്. അതിനുപുറമെ, ആഗ്ര ഹിക്കുന്ന അതിരൂപത ക്യാമ്പിൽ പങ്കെടുത്ത, മറ്റു കുട്ടികൾക്കും പങ്കെടുക്കാ വുന്നതാണ്. താല്പര്യമുള്ളവർ അതിരൂപത പ്രസിഡന്റിനേയോ (ജോൺ റാഫേൽ) ഓർഗനൈസറേയോ (ജിജു ആന്റണി) അറിയിക്കേണ്ടതാണ്.

**ഫാ. ആന്റണി ചെമ്പകശ്ശേരി**
ഡയറക്ടർ

**ഡോ. ജോൺ റാഫേൽ**
പ്രസിഡണ്ട്

# ദർശന സഭ

തൃശ്ശൂർ അതിരൂപത ദർശന സമൂഹത്തിന്റെ 8-ാമത് വാർഷിക സമ്മേളനം 2016 ഫെബ്രുവരി 14ന് വലപ്പാട് പള്ളിയിൽ വെച്ച് നടന്നു. കാലത്ത് 9.30ന് അതിരൂപത ഡയറക്ടർ ഫാ. ജോസ് തെക്കേക്കരയുടെ മുഖ്യകാർമ്മികത്വത്തിൽ സമർപ്പണബലി അർപ്പിച്ചു. സമർപ്പണബലിക്കുശേഷം വാർഷിക സമ്മേളനത്തിന്റെ പതാക ഫാ. വർഗ്ഗീസ് മേലിട്ട് പാലത്തിങ്കൽ ഉയർത്തി. തുടർന്ന് പരിഹാരപ്രദക്ഷിണം ആരംഭിച്ചു. സമർപ്പണ ബലിയിലും പരിഹാര പ്രദക്ഷിണവും ദർശന സമൂഹാംഗങ്ങൾ സമൂഹ വസ്ത്രമണിഞ്ഞ് പങ്കെടുത്തുകൊണ്ട് പരിഹാര പ്രദക്ഷിണം വലപ്പാട് സെൻട്രൽ സ്കൂളിൽ എത്തിയശേഷം പൊതുസമ്മേളനം തുടങ്ങി. ബ. ജോസ് തെക്കേക്കരയച്ചന്റെ മഹനീയ അദ്ധ്യക്ഷതയിൽ ആരംഭിച്ച സമ്മേളനം തൃശ്ശൂർ അതിരൂപത ആർച്ച്ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് പിതാവ് ഉദ്ഘാടനം ചെയ്തു. 2016 വർഷത്തിൽ ദർശനസമൂഹസംവിധാനം 60 ഇടവകകളിൽക്കൂടി ആരംഭിക്കുന്നതിന് അതിരൂപത ഭരണസമിതി നേതൃത്വം കൊടുക്കണമെന്ന് പിതാവ് ആഹ്വാനം ചെയ്തു. വിവിധ പുരസ്ക്കാരങ്ങളും വലപ്പാട് ഇടവക ദർശനസമൂഹത്തിന്റെ കാരുണ്യ സ്പർശനവും അഭിവന്ദ്യ പിതാവ് വിതരണം ചെയ്യുകയുണ്ടായി. അതിരൂപത പ്രസിഡണ്ട് ജോയ് പള്ളിക്കുന്നത്ത് സ്വാഗതവും വൈസ് പ്രസിഡണ്ട് ജോസ് പിണ്ടിയാൻ നന്ദിയും പറഞ്ഞു. സെക്രട്ടറി ഒ. ജെ. ജസ്റ്റിൻ അവതരിപ്പിച്ച റിപ്പോർട്ട് യോഗം സർവ്വസമ്മതമായി പാസ്സാക്കി. തുടർന്ന് അമലനഗർ പള്ളി വികാരി ഫാ. ഡെയ്സൺ മുണ്ടോപുറം സെമിനാറിന് നേതൃത്വം നൽകി. അതിരൂപത ജോ.സെക്രട്ടറി തോമസ് ജോസ്, എക്സിക്യൂട്ടീവ് കമ്മറ്റി അംഗം ഷാജു ചാക്കോ ഒല്ലൂക്കാരൻ എന്നിവർ പ്രസംഗിച്ചു. ഉച്ചയ്ക്കുള്ള സ്നേഹവിരുന്നിനുശേഷം സമാപന സമ്മേളനം ആരംഭിച്ചു. തൃശ്ശൂർ അതിരൂപത വികാരി ജനറാൾ മോൺ. ജോർജ്ജ് കോമ്പാറ അദ്ധ്യക്ഷപ്രസംഗം നടത്തി. വലപ്പാട് പള്ളി വികാരി ഫാ. ജോവി കുണ്ടുകുളങ്ങര, അതിരൂപത ട്രഷറർ കെ.സി. ഡേവീസ്, ജനറൽ കൺവീനർ എ. എൻ.സി. ജോസ് മാസ്റ്റർ എന്നിവർ പ്രസംഗിച്ചു. സമ്മേളനത്തിൽ 32 ഇടവകകളിൽ നിന്നായി 1096 അംഗങ്ങൾ പങ്കെടുത്തു. സമ്മേളനം മോടി കൂട്ടുന്നതിനായി വലപ്പാട് ഇടവകയിലെ കലാപ്രതിഭകൾ വിവിധതരത്തിലുള്ള കലാപ്രകടനങ്ങൾ അവതരിപ്പിച്ചു. പ്രാർത്ഥനാഗാനത്തോടെ 8-ാമത് വാർഷിക സമ്മേളനം സമംഗളം പര്യവസാനിച്ചു.

**ഫാ. ജോസ് തെക്കേക്കര**
ഡയറക്ടർ

**ഒ. ജെ.ജസ്റ്റിൻ**
സെക്രട്ടറി

# കാത്തലിക് നേഴ്സസ് ഗിൽഡ്

ആതുര ശുശ്രൂഷ രംഗത്ത് പ്രവർത്തിക്കുന്നവരുടെ ആത്മീയ മുന്നേറ്റം ലക്ഷ്യം വെച്ചുകൊണ്ട് നടന്ന ഈ വർഷത്തെ 'കരുണാവർഷ ആതുര ശുശ്രൂഷാ ധ്യാനം' ഒരു വൻ വിജയമായിരുന്നു. ഫെബ്രുവരി 20 മുതൽ 27 വരെ ജെറുസലേം ധ്യാനകേന്ദ്രത്തിൽ വെ. ഫാ. ഡേവീസ് പട്ടത്ത് സി.എം.ഐ.യും ടീം അംഗങ്ങളുടെയും നേതൃത്വത്തിൽ രണ്ട് ബാച്ചുകളിലായി നടന്ന ധ്യാനത്തിൽ 600 ഓളം പേർ പങ്കെടുത്തു. തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് രണ്ട് ബാച്ച് ധ്യാനങ്ങളും ഉദ്ഘാടനം ചെയ്ത് ബലിയർപ്പിക്കുകയും, സന്ദേശം നൽകുകയും ചെയ്തു. ക്രിസ്തുവിന്റെ ദൗത്യം ഈ ഭൂമിയിൽ ഇന്നും തുടർന്നുകൊണ്ട്  പോകേണ്ടവരാണ് ഓരോ നേഴ്സുമാരും എന്ന് പിതാവ് ഓർമ്മിപ്പിച്ചു. ദിവ്യകാരുണ്യം സൗഖ്യകാരുണ്യമായി തീരാൻ, ദിവ്യകാരുണ്യത്തിൽ നിന്ന് ശക്തി സ്വീകരിച്ച് കർമ്മമണ്ഡലങ്ങളിലേയ്ക്ക് ഇറങ്ങിത്തിരിച്ച വാ. മദർ തെരേസായെ നാം എന്നും മാതൃകയായി സ്വീകരിക്കേണ്ടതാണ് എന്നും കൂട്ടിചേർത്തു.

ധ്യാനം നടത്താൻ സ്ഥലവും എല്ലാ ക്രമീകരണങ്ങളും ഒരുക്കി തന്ന ജറുസലേം ധ്യാനകേന്ദ്രത്തിന് പ്രത്യേകം നന്ദി. ഈ ആത്മീയ വിരുന്നിലേക്ക് ആത്മാവിനാൽ പ്രചോദിതരായി കടന്നുവന്നവർ ഇവരെ പറഞ്ഞയച്ച സ്ഥാപനാധികാരികൾ, സഹകരണവും പ്രോത്സാഹനവും നൽകിയ എല്ലാ മനസ്സുകൾക്കും ഒത്തിരി നന്ദിയും ദൈവാനുഗ്രഹവും ആശംസിക്കുന്നു, ഇനിയും കാത്തലിക് നേഴസസ് ഗിൽഡിന്റെ എല്ലാ പ്രവർത്തനങ്ങളോടും, സഹകരണവും, പ്രാർത്ഥനയും പ്രതീക്ഷിക്കുന്നു. ഓരോ ആശുപത്രികളിലും ആഴ്ചയിൽ ഒരു ദിവസം നടത്തിവരാറുള്ള പ്രെയർമീറ്റ് കൂടുതൽ ശക്തിപ്പെടുത്തണമെന്ന് ഈ അവസരത്തിൽ ഓർമ്മിപ്പിക്കുന്നു. ഇതുവഴി വ്യക്തിപരമായും, ആശുപത്രിയ്ക്കും, രോഗികൾക്കും, ദൈവകൃപയും, അനുഗ്രഹവും ലഭ്യമാകാൻ കാരണമാകട്ടെ.

സി.എൻ.ജി.ഐ. അതിരൂപതാ ഡയറക്ടർ റവ. ഫാ. സിജോ അരിക്കാട്ട്, പ്രസിഡന്റ് റവ. സി. ദെപ്പാസി സി.എസ്.സി. എക്സിക്യൂട്ടീവ് അംഗങ്ങളായ റവ. സി. ലിസറ്റ് സി.എം.സി., റവ. സി. റൊസീന എഫ്. സി. സി., ശ്രീമതി ലിജി ഡേവീസ് എന്നിവർ ധ്യാന വിജയത്തിനായുള്ള എല്ലാ ക്രമീകരണങ്ങൾക്കും നേതൃത്വം വഹിച്ചു. മെയ് 12 "നേഴ്സസ് ഡെ" കരുണാ വർഷത്തിലെ ഈ സുദിനം ഏറ്റവും മനോഹരമാക്കാം.

**ഫാ. സിജോ അരിക്കാട്ട്**
ഡയറക്ടർ

**സി. റൊസീന ഡേവീസ് FCC**
സെക്രട്ടറി

# കത്തോലിക്ക കോൺഗ്രസ്സ്

**കത്തോലിക്ക കോൺഗ്രസ്സ് സംഘടിപ്പിച്ച ത്രിതല ജനപ്രതിനിധി സമ്മേളനം ആവേശമായി.**

തൃശ്ശൂർ അതിരൂപതാ കത്തോലിക്ക കോൺഗ്രസ്സിന്റെ നേതൃത്വത്തിൽ അതിരൂപതയിലെ ക്രൈസ്തവരായ ജനപ്രതിനിധികൾക്ക് തൃശ്ശൂർ ആർച്ച്ബിഷപ്സ് ഹൗസിൽ 2016 ഫെബ്രുവരി 20ന് സംഘടിപ്പിച്ച 'ത്രിതല ജനപ്രതിനിധി സമ്മേളനം' പങ്കാളിത്തം കൊണ്ട് ശ്രദ്ധേയമായി. രാഷ്ട്രീയാധികാരം സാമൂഹിക സേവനത്തിനും രാജ്യപുരോഗതിക്കും വേണ്ടി പ്രയോജനപ്പെടുത്തേണ്ടതുണ്ടെന്ന് ഉദ്ഘാടന കർമ്മം നിർവ്വഹിച്ചുകൊണ്ട് അതിരൂപത ആർച്ച്ബിഷപ് മാർ ആൻഡ്രൂസ് താഴത്ത് പറഞ്ഞു. പ്രസിഡന്റ് പ്രൊഫ. കെ.എം. ഫ്രാൻസീസ് അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ അതിരൂപത വികാരി ജനറാൾ മോൺ. തോമസ് കാക്കശ്ശേരി, അതിരൂപത ഡയറക്ടർ ഫാ. ജിയോ കടവി, പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി അഡ്വ. ബിജു കുണ്ടുകുളം, ശ്രീ. ഡേവീസ് പുത്തൂർ, ശ്രീ. എൻ. പി. ജാക്സൺ മാസ്റ്റർ എന്നിവർ സംസാരിച്ചു. ബിഷപ് മാർ ആൻഡ്രൂസ് താഴത്ത് പിതാവിൽ നിന്ന് ഉപഹാരങ്ങൾ ഏറ്റുവാങ്ങിക്കൊണ്ട് ജനപ്രതിനിധികൾ സംസാരിച്ചു.

**ഫാ. ജിയോ കടവി**
ഡയറക്ടർ

**ഡേവീസ് പുത്തൂർ**
ജന. സെക്രട്ടറി

# KCYM

11.02.2016 ൽ ജില്ലാ ആശുപത്രിയുടെ ശോചനീയാവസ്ഥയിൽ പ്രതിഷേധിച്ചുകൊണ്ട് കെ.സി.വൈ.എം. അതിരൂപത സമിതി തൃശ്ശൂർ കോർപ്പറേഷൻ ഓഫീസിന് മുന്നിൽ ഉപവാസ സമരം നടത്തി. മോൺ. തോമസ് കാക്കശ്ശേരി ഉപവാസ സമരം ഉദ്ഘാടനം ചെയ്തു. ഉപവാസ സമരത്തിന്റെ സമാപനത്തിൽ തൃശ്ശൂർ അതിരൂപത സഹായമെത്രാൻ മാർ റാഫേൽ തട്ടിൽ ഉദ്ഘാടനം നിർവ്വഹിച്ചു. 80 ഓളം യുവതി യുവാക്കൾ ഉപവാസ സമരത്തിൽ പങ്കെടുത്തു.

12.03.2016ൽ രാമനാഥപുരം രൂപതയിലെ വൈദീകൻ ബഹു. ഫാ. ജോസ് കന്നുകുഴി അച്ചനെ വർഗ്ഗീയവാദികൾ ആക്രമിച്ചതിൽ തൃശ്ശൂർ അതിരൂപത കെ.സി.വൈ.എം. സമിതി ബഹു. അച്ചനെ സന്ദർശിക്കുകയും അനുശോചനം രേഖപ്പെടുത്തുകയും ചെയ്തു.

ഫെബ്രുവരി 14 : വാലന്റൈൻ ദിനത്തിൽ രൂപത കെ.സി.വൈ.എം. തൃശ്ശൂർ ജില്ലാ ആശുപത്രിയിൽ രക്തദാനം ചെയ്തുകൊണ്ട് വാലന്റൈൻസ് ദിനം ആഘോഷിച്ചു.

കരുണാവർഷത്തോടനുബന്ധിച്ച് തൃശ്ശൂർ അതിരൂപത കെ.സി.വൈ.എം. ന്റെ നേതൃത്വത്തിൽ 05.03.2016 ഞായറാഴ്ച അത്താണി പോപ്പ് പോൾ പീസ് ഹോം സന്ദർശിക്കുകയും അവരോടൊപ്പം ഒരു ദിവസം ചെലവഴിക്കുകയും ചെയ്തു. അതിരൂപത പാലയൂർ മഹാതീർത്ഥാടനത്തിന് കെ.സി.വൈ.എം. അതിരൂപത സമിതി വളണ്ടിയർമാർക്ക് നേതൃത്വം നൽകി.

**ഏവർക്കും ഈസ്റ്റർ ആശംസകൾ**

**ജിയോ കടവി** — ഡയറക്ടർ

**ജെസ്റ്റിൻ നടയ്ക്കലാൻ** — ജനറൽ സെക്രട്ടറി

# കുടുംബക്കൂട്ടായ്മ

### ഫൊറോന ആനിമേറ്റേഴ്സ് യോഗം

അതിരൂപത കുടുംബക്കൂട്ടായ്മയുടെ ഫൊറോന ആനിമേറ്റേഴ്സ് യോഗം 01.03.2016ന് ചൊവ്വാഴ്ച രാവിലെ 10 മണിക്ക് ഡയറക്ടർ റവ. ഫാ. ഡെന്നി താണിക്കലിന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. യോഗത്തിൽ അതിരൂപത എക്സിക്യൂട്ടീവ് അംഗങ്ങളും സന്നിഹിതരായിരുന്നു. ഫൊറോനതല കൂട്ടായ്മ പ്രവർത്തനങ്ങളെ സജീവമാക്കാൻ എല്ലാ ആനിമേറ്റേഴ്സും സഹകരിക്കണമെന്ന് ഡയറക്ടറച്ചൻ അഭ്യർത്ഥിച്ചു.

### അതിരൂപത പ്രവർത്തക സമിതി യോഗം

പ്രവർത്തക സമിതി യോഗം 06.03.2016 ഞായറാഴ്ച ഉച്ചതിരിഞ്ഞ് 3 മണിക്ക് ബഹു. ഡയറക്ടറച്ചന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. മാർച്ച് 20–ാം തീയതി നടക്കാനിരിക്കുന്ന അതിരൂപത ജനറൽ ബോഡിയോഗത്തെക്കുറിച്ചും, ഏപ്രിൽ മാസം നടക്കാനിരിക്കുന്ന മേഖല കൺവെൻഷനുകളെക്കുറിച്ചും, ഏപ്രിൽ മാസം നടക്കാനിരിക്കുന്ന മേഖല കൺവെൻഷനുകളെക്കുറിച്ചും ഡയറക്ടറച്ചൻ വിശദീകരിച്ചു. പ്രായപൂർത്തിയായ സഭാംഗങ്ങൾ, വോട്ടർപ്പട്ടികയിൽ നിർബന്ധമായും പേര് ചേർക്കണമെന്നും സമ്മതിദാന അവകാശം വിനിയോഗിക്കണമെന്നും ഡയറക്ടറച്ചൻ ആഹ്വാനം ചെയ്തു.

അതിരൂപത എക്സിക്യൂട്ടീവ് യോഗം എല്ലാ ആഴ്ചയിലും ചേർന്ന് പ്രവർത്തനങ്ങൾ വിലയിരുത്തുന്നു.

ഡയറക്ടർ
ഫാ. ഡെന്നി താണിക്കൽ

ആന്റണി എ. എ. — ജന. സെക്രട്ടറി

ഫാ. ഷിജു ചിറ്റിലപ്പിള്ളി — അസി. ഡയറക്ടർ

# മാതൃവേദി

**പുത്തൻപാന മത്സരം**

15.03.2016ൽ അതിരൂപതാ തലത്തിൽ പുത്തൻപാന മത്സരം സംഘടിപ്പിക്കുകയുണ്ടായി. സഹകരിച്ചവർക്ക് പങ്കെടുത്തവർക്ക് പ്രത്യേകം നന്ദി പറയുന്നു. താഴെ പറയുന്നവരാണ് മത്സര വിജയികൾ

1. സ്റ്റെല്ല മാർട്ടിൻ - അരിമ്പൂർ
2. സുഹിത ജോഷി - തിരുവെങ്കിടം
3. മേരി റോസ് - ആർത്താറ്റ്

പ്രോത്സാഹന സമ്മാനങ്ങൾ

4. ലിനി ഷിബു - പടവരാട്
5. ലിബി ഫ്രാൻസീസ് - നെല്ലിക്കുന്ന്
6. ആനീസ് ഷാജു - കൊമ്പഴ
7. ജർലി ടിസറന്റ് - വേലൂർ
8. ഷാനി ഷാജി - ചോറ്റുപാറ

ഏവർക്കും അഭിനന്ദനങ്ങൾ

**2. ഫൊറോന പ്രൊമോട്ടേഴ്സ് മീറ്റ്**

മാതൃവേദിക്ക് ശക്തി പകരുന്ന 16 ഫൊറോനകളിലെ പ്രമോട്ടേഴ്സിന്റെ മീറ്റിങ്ങ് മാർച്ച് 1-ാം തിയതി കൂടുകയുണ്ടായി. മാതൃവേദി സജീവമാക്കുവാൻ വേണ്ട നിർദ്ദേശങ്ങൾ നൽകുകയും വാർഷിക കർമ്മപദ്ധതി തയ്യാറാക്കുകയും ചെയ്തു.

**3. വാർഷിക പ്രോഗ്രാം ഉദ്ഘാടനം**

18.03.2016 ൽ അഭിവന്ദ്യ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ നേതൃത്വത്തിൽ മാതൃസംഘത്തിൽ നിന്ന് ത്രിതല പഞ്ചായത്ത് വിജയികൾക്ക് ആദരവ് നൽകുകയും മാതൃവേദിയുടെ വാർഷിക പ്രോഗ്രാം ഉദ്ഘാടനം ചെയ്യുകയും ഡയറക്ടറി പ്രകാശനം ചെയ്യുകയും ചെയ്തു. പുത്തൻപാന മത്സരവിജയികൾക്ക് ട്രോഫിയും ക്യാഷ് അവാർഡ് നൽകുകയും ചെയ്തു.

ഡയറക്ടർ
ഫാ. ഡെന്നി താണിക്കൽ

ബീന ജോഷി
പ്രസിഡണ്ട്

ഫാ. ബൈജു കാഞ്ഞിരത്തിങ്കൽ
അസി. ഡയറക്ടർ

# C.C.W.I.

14.03.2016ൽ CCWI യുടെ ജനറൽ ബോഡി മീറ്റിംഗ് കൂടുകയുണ്ടായി. ഈ മീറ്റിംഗിൽ വെച്ച് വാർഷിക പദ്ധതി ചർച്ച ചെയ്യുകയും തീരുമാനിക്കുകയും ചെയ്തു. വെ. റവ. ഫാ. മാത്യു കുറ്റിക്കോട്ടയിൽ അദ്ധ്യക്ഷനായിരുന്നു. സ്ത്രീ ശാക്തീകരണത്തിൽ CCWI ന്റെ പങ്ക് നിസ്തുലമാണെന്നും അതിന് വേണ്ടി CCWI സംഘാംഗങ്ങൾ പരിഗണിക്കണമെന്നും അച്ചൻ ഓർമ്മപ്പെടുത്തുകയുണ്ടായി.

**മിനി മോഹൻ**
പ്രസിഡണ്ട്

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

# വനിതാ കമ്മീഷൻ

അതിരൂപത വനിതാ കമ്മീഷന്റെ ആഭിമുഖ്യത്തിൽ മാർച്ച് 8-ാം തീയിതി ഫാമിലി അപ്പസ്റ്റലേറ്റ് സെന്ററിൽ വെച്ച് വനിതാദിനം കൊണ്ടാടി. സമ്മേളനം മോൺ. ജോർജ്ജ് കോമ്പാറ ഉദ്ഘാടനം ചെയ്തു. ഫാമിലി അപ്പസ്തലേറ്റ് ഡയറക്ടർ റവ. ഡോ. ഡെന്നി താണിക്കൽ ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. 'സാമൂഹ്യരംഗത്ത് സ്ത്രീകളുടെ പങ്ക്' എന്ന വിഷയത്തെ അധികരിച്ച് പ്രഫ വില്ലി ജിജോ ക്ലാസ്സ് എടുത്തു.

പ്രഫ. എലിസബത്ത് മാത്യു, ഡോ. റോസ് മേരി കള്ളിയത്ത്, ഓമന റാഫേൽ, റജീന ഡേവീസ് എന്നിവർ നേതൃത്വം നൽകി.

**എലിസബത്ത് മാത്യു**
സെക്രട്ടറി

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

# ചിൽഡ്രൻസ് മിനിസ്ട്രി
0487-2325336, 9947582522

**ആഘോഷമായ കുർബ്ബാനസ്വീകരണം:**

ആഘോഷമായ കുർബ്ബാനസ്വീകരണത്തിന് ഒരുക്കുന്ന അദ്ധ്യാപകർക്കായ് പരിശീലനം അതിരൂപതാ മതബോധന കേന്ദ്രത്തിൽ വച്ച് 2016 മാർച്ച് 12 ശനിയാഴ്ച നടന്നു. 232 ഇടവകളിൽ നിന്നായി 220 പേരോളം

പങ്കെടുത്തു. അതിരൂപതാ വികാരി ജനറാൾ മോൺ തോമസ് കാക്കശ്ശേരി ഉദ്ഘാടനം നടത്തി.മേജർ സെമിനാരി വൈസ് റക്ടർ ഫാ ജിഫി മേക്കാട്ടുകുളം ക്ലാസ്സും ചർച്ചയും നയിച്ചു. പരിശീലന പരിപാടികൾക്കായി അദ്ധ്യാപകരെ വിട്ടയച്ചതിന് എല്ലാ വികാരിയച്ചന്മാർക്കും ചിൽഡ്രൻസ് മിനിസ്ട്രിയുടെ പേരിൽ നന്ദി അറിയിക്കുന്നു.
തുടർന്നും ഇതുപോലുള്ള സഹകരണം പ്രതീക്ഷിക്കുന്നു.

**നേതൃത്വ പരിശീലന ക്യാമ്പുകൾ**

- **ആനിമേറ്റേഴ്സ് ഫോർമേഷൻ ക്യാമ്പ്:**
  ഏപ്രിൽ 4,5,6(തിങ്കൾ,ചൊവ്വ,ബുധൻ) തിയതികളിൽ
- **സ്പർശ് 2016 : തിരുബാലസംഖ്യം:**
  ഏപ്രിൽ 7,8,9 (വ്യാഴം,വെള്ളി, ശനി) തിയതികളിൽ
- **ക്രിസ്ത്യൻ ലൈഫ് 2016 : ജൂനിയർ സി എൽ സി**
  ഏപ്രിൽ 11,12,13(തിങ്കൾ,ചൊവ്വ,ബുധൻ) തിയതികളിൽ
- **ബെർക്കുമെൻസ് 2016 : അൾത്താരസംഘം**
  ഏപ്രിൽ 14,15,16(വ്യാഴം,വെള്ളി,ശനി) തിയതികളിൽ

<u>നിർദ്ദേശങ്ങൾ</u>

ആനിമേറ്റേഴ്സിനുള്ള ക്യാമ്പ് മൂന്ന് ദിവസവും രാവിലെ 9 ന് ആരംഭിച്ച് വൈകീട്ട് 4ന് അവസാനിക്കുന്ന വിധത്തിലാണ് ക്രമീകരിച്ചിരിക്കുന്നത്. താമസ സൗകര്യം വേണ്ടവർ നേരത്തെ അറിയിക്കേണ്ടതാണ്.

കുട്ടികളുടെ ക്യാമ്പുകൾ 1-ാം ദിവസം രാവിലെ 9 ന് ആരംഭിച്ച് 3-ാം ദിവസം രാവിലെ 10 ന് അവസാനിക്കുന്ന വിധത്തിലാണ് ക്രമീകരിച്ചിരിക്കുന്നത്.

സ്പർശ് ക്യാമ്പിൽ ഇടവകകളിലും സ്കൂളുകളിലും 4-ാം ക്ലാസ്സ് മുതൽ 7-ാംക്ലാസ്സ് വരെ പഠിക്കുന്ന തിരുബാലസംഖ്യം സംഘടനയിൽ സജീവമായി പ്രവർത്തിക്കുന്നവരെയാണ് ഉദ്ദേശിക്കുന്നത്. ഒരു യൂണിറ്റിൽ നിന്ന് 2 പേർക്ക് മാത്രമേ പങ്കെടുക്കാൻ കഴിയൂ.

ക്രിസ്ത്യൻ ലൈഫ് ക്യാമ്പിൽ ഇടവകകളിൽ ജൂനിയർ സി എൽ സി യിൽ സജീവമായി പ്രവർത്തിക്കുന്നവരെയാണ് ഉദ്ദേശിക്കുന്നത്. ഒരു ഇടവകയിൽ നിന്ന് 2 അംഗങ്ങൾക്ക് (1 ആൺകുട്ടി,1 പെൺകുട്ടി) മാത്രമേ പങ്കെടുക്കാൻ കഴിയൂ.

ബെർക്കുമെൻസ് ക്യാമ്പിൽ മുടങ്ങാതെ കുർബ്ബാനയ്ക്ക് കൂടുന്നവരെയും,സംഘടനയിൽ സജീവമായി പ്രവർത്തിക്കുന്നവരെയാണ്.ഉദ്ദേശിക്കുന്നത്. ഒരു ഇടവകയിൽ നിന്ന് 2 അംഗങ്ങൾക്ക് മാത്രമേ പങ്കെടുക്കാൻ കഴിയൂ.

രജിസ്ട്രഷൻ ഫീ(ഒരാൾക്ക്)100 രൂപയാണ്. ഈ പരിശീലന ക്യാമ്പിൽ

വച്ചാണ് ഫൊറോന-അതിരൂപത ഭാരവാഹികളെ തെരഞ്ഞെടുക്കുക.

♦ **ഏൻഞ്ചലോസ് 2016:** അതിരൂപതാതലത്തിൽ ഈ വർഷം ആഘോഷമായ കുർബ്ബാന സ്വീകരണം നടത്തിയവർക്ക് 2016 മെയ് 15 ന് ഉച്ചതിരിഞ്ഞ് 2 മണി മുതൽ 4 മണിവരെ കൂരിയച്ചിറ, സെ ജോസഫ് സ്കൂൾ കോംപ്ലക്സിൽ സ്വീകരണം നല്കുന്നു. എല്ലാ ഇടവകളിൽ നിന്നും സഹകരണം പ്രതീക്ഷിക്കുന്നു.

♦ **ബി സി എൽ(ബെർക്കുമെൻസ് ക്രിക്കറ്റ് ലീഗ്):** അൾത്താരസംഘം കുട്ടികൾക്കായ് ക്രിക്കറ്റ് മത്സരം തോപ്പ് സ്റ്റേഡിയത്തിൽ വച്ച് ഏപ്രിൽ 18 മുതൽ മെയ് 5 വരെ നടത്തപ്പെടുന്നു. 1998നും അതിനുശേഷമുള്ള വർഷങ്ങളിൽ ജനിച്ച അൾത്താരസംഘാംഗങ്ങൾക്ക് മാത്രമേ ഈ ടൂർണമെന്റിൽ പങ്കെടുക്കാൻ സാധിക്കൂ. ഇടവക ലെറ്റർപാഡിൽ കുട്ടികളുടെ പേരും ജനന തിയതിയും എഴുതി വികാരിയച്ചന്റെ ഒപ്പോടും സീലോടും കൂടെ എത്രയും വേഗം ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസിൽ എത്തിക്കേണ്ടതാണ്.മെയ് 16 രാവിലെ 11 ന് ഡി ബി സി എൽ സി യിൽ വച്ച് നടക്കുന്ന
മീറ്റിംങിൽ ക്യാപ്റ്റന്മാർ പങ്കെടുക്കേണ്ടതാണ്.

♦ **എം സി എൽ(മരിയൻ കാരംസ് ലീഗ്):** ജൂനിയർ സി എൽ സി യിൽ ഇപ്പോൾ അംഗങ്ങൾ ആയിട്ടുള്ളവർക്കാണ് ഉദ്ദേശിക്കുക. 2015-16 അദ്ധ്യയന വർഷം 8 മുതൽ 10 ഉൾപ്പടെ ക്ലാസ്സുകളിൽ പഠിക്കുന്നവർക്കാണ് ഈ ടൂർണമെന്റിൽ പങ്കെടുക്കാൻ സാധിക്കൂ. ഏപ്രിൽ 25 മുതൽ മെയ് 5 വരെയുള്ള ദിവസങ്ങൾ പാസ്റ്റർ സെന്ററിൽ വച്ചായിരിക്കും മത്സരം നടക്കുക. മെയ് 16 ഉച്ചതിരിഞ്ഞ് 2 ന് ഡി ബി സി എൽ സി യിൽ വച്ച് നടക്കുന്ന മീറ്റിംങിൽ ക്യാപ്റ്റന്മാർ പങ്കെടുക്കേണ്ടതാണ്.

**തിരുവചന പഠനം:** "ഭയപ്പെടേണ്ട,നിങ്ങൾ അനേകം കുരുവികളേക്കാൾ വിലയുള്ളവരാണ്"(ലൂക്കാ 12,7)
**പരിചയപ്പെടുന്ന വിശുദ്ധൻ:** വി.ജോൺ നെപ്പോമുസെൻ(മെയ്16)
**സുകൃത ജപം :** വിശുദ്ധിയിൽ വളരാൻ ഞങ്ങളെ സഹായിക്കണമേ.
**പ്രാർത്ഥന നിയോഗം:** ഇടവക വികാരിമാർക്കു വേണ്ടി പ്രാർത്ഥിക്കുക.
**പ്രവർത്തനം:** നന്ദി പറയുവാൻ പഠിക്കുക.

**ഫാ. ജിജോ കപ്പിലാംനിരപ്പേൽ**
ഡയറക്ടർ, ചിൽഡ്രൻസ് മിനിസ്ട്രി

**സി. മിനി SSPC**
കോഡിനേറ്റർ

# പാസ്റ്ററൽ കൗൺസിൽ യോഗം

*16-ാം പാസ്റ്ററൽ കൗൺസിന്റെ ഒരു അസാധാരണ യോഗം **2016 ഏപ്രിൽ 30ന് രാവിലെ 10 മുതൽ ഉച്ചയ്ക്ക് 1 വരെ** ഡി.ബി. സി. എൽ.സിയിൽ ചേരുന്നു. എല്ലാ അംഗങ്ങളെയും യോഗത്തിലേയ്ക്ക് ക്ഷണിക്കുന്നു.*

*സീറോ മലബാർ മേജർ ആർക്കിഎപ്പിസ്കോപ്പൽ അസംബ്ലിയുടെ വിഷയമായിരിക്കും ചർച്ച ചെയ്യുന്നത്.*

| | |
|---|---|
| **വിഷയം :** | **ആധുനിക ലോകത്തിലെ വെല്ലുവിളികളും സഭയുടെ പ്രത്യുത്തരവും** |

(സീറോ മലബാർ മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലിയുടെ ചർച്ചാ വിഷയങ്ങൾ അന്യത്ര കൊടുത്തിട്ടുണ്ട്. പേജ് 7)

**ഫാ. മാത്യു കുറ്റിക്കോട്ടയിൽ**
ജനറൽ സെക്രട്ടറി

**അഡ്വ. ബിജു കുണ്ടുകുളം**
സെക്രട്ടറി

## തിരുവനന്തപുരം ലത്തീൻ അതിരൂപതയുടെ
## സഹായമെത്രാനായി അഭിഷിക്തനാകുന്ന

# അഭിവന്ദ്യ ക്രിസ്തുദാസ് പിതാവിന്

## തൃശ്ശൂർ അതിരൂപതയുടെ പ്രാർത്ഥനാശംസകൾ



Registered
R.N.I. No. 27348/1975
KL/TCR/275/2015-2017
Licence No. KL/CR/TCR/WPP-3/2015 -17
Licensed to Post without prepayment
Posted at Thrissur RMS

₹ 25/-
Date of Publication 24.03.2016
Apr. 2016




Edited, Printed & Published by **Dr. Francis Aloor,** Catholic Archbishop's House, Thrissur, Kerala, India- 680 005,
Executive Editor : **Rev. Fr. Dominic Thalakodan** Printed at **St. Mary's Orphanage Press**, Madona Nagar, Kachery 680005